# സത്യദൂതൻ

2021 ഏപ്രിൽ | ലക്കം 04
വില ₹ 30




## റമദാൻ: കരുണ്യവാന്റെ ആത്മീയ നിധി പേടകം

## സൂയസ്: ചരിത്രവും വസ്തുതയും

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages





**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps
or scan the QR code below





The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2021 ഏപ്രിൽ
ഹി.ശ.1401- ശഹാദത്ത്
1442 ശഹബാൻ - റംസാൻ
പുസ്തകം 93 ലക്കം 4
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**റമദാൻ: കരുണ്യവാന്റെ ആത്മീയ നിധി പേടകം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
2018 ജൂൺ 18ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**11**
**സൃഷ്ടിപ്പ്: ശാസ്ത്രത്തിന്റെ പ്രതിസന്ധി**
എ.എം. മുഹമ്മദ് സലീം

**16**
**റമദാൻ: ആത്മീയ പരിശീലനത്തിന്റെ പണിപുര**
മുനവ്വർ അഹ്മദ്, തിരുവനന്തപുരം

**19**
**അമിതവണ്ണവും വ്രതാനുഷ്ഠാനവും**
എ. മൻസൂർ, യു.എസ്സ്.

**22**
**നിരീശ്വരവാദം വിചാരണ ചെയ്യപ്പെടുന്നു - 5**
സബാഹത്ത് അലി രജ്പുത്

**27**
ജോർദാൻ ഒരു ചരിത്ര ഭൂമി - 4
**പെട്ര: പുരാതന ചരിത്രനഗരി**
എ. ക്യു. മഹ്ദി

**32**
ഭാഗം - 16
**ഹദ്റത്ത് മൗലാനാ ഹക്കീം നുറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**39**
കുറിപ്പുകൾ
**സൂയസ്: ചരിത്രവും വസ്തുതയും**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

Cover Photo: Ortakoy Mosque In Istanbul

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വാസികളേ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി. (വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റുദിവസങ്ങളിൽ എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം (പ്രായശ്ചിത്തമായി) നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രേ. (2:184,185)



## നബിവചനം

അല്ലയോ ജനങ്ങളേ! മഹത്വമേറിയ ഒരു മാസം നിങ്ങൾക്ക് തണലേകുവാൻ ഇതാ സമാഗതമായിരിക്കുന്നു. അനുഗൃഹീതമായ മാസമാണിത്. ആ മാസത്തിൽ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠകരമായ ഒരു രാവുണ്ട്. ആ മാസത്തിൽ വ്രതമനുഷ്ഠിക്കുന്നത് നിങ്ങൾക്ക് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. (മിശ്ക്കാത്ത്)

## വാഗ്ദത്ത മസീഹിന്റെ വചനം



'ശഹറു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ' എന്ന ആയത്തിൽ നിന്ന് പരിശുദ്ധ റമദാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം മനസംസ്ക്കരണത്തിനുള്ള അത്യുത്തമമായ മാസമാണെന്നും അതിൽ അധികമധികമായി ആത്മീയ ദർശനശക്തി ലഭിക്കുന്നതാണെന്നും സൂഫി വര്യന്മാർ എഴുതിയിരിക്കുന്നു നമസ്ക്കാരം ആത്മാവിന് മനസംസ്ക്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മ സംസ്ക്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛയിൽ നിന്നുള്ള മോചനമാണ്. മനസംസ്ക്കരണമെന്നാൽ ആത്മ ദർശനത്തിനുള്ള കവാടം തുറന്ന് ദൈവദർശനം സാധിക്കലുമാണ്. 'ഉൻസിലഫീഹിൽ ഖുർആൻ' എന്ന ആയത്ത് ഇതിലേക്ക് സൂചന നൽകുന്നു. വ്രതാനുഷ്ഠാനത്തിനുള്ള പ്രതിഫലം മഹത്വപൂർണമാണെന്നതിൽ സംശയമില്ല. എന്നാൽ വിവിധ തരത്തിലുള്ള രോഗങ്ങൾ മനുഷ്യനെ ഈ അനുഗ്രഹ ലബ്ധിയിൽ നിന്ന് തടഞ്ഞുനിർത്തുന്നു. എനിക്കോർമയുണ്ട് എന്റെ യൗവനകാലത്ത് വ്രതാനുഷ്ഠാനം അഹലു ബൈത്തിന്റെ ചരിത്രത്തിൽ പെട്ടതാണെന്ന് ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് 'സൽമാനുൽ മിന്നാ അഹ്‌ലുൽ ബൈത്തി' എന്ന് അരുൾ ചെയ്തിട്ടുണ്ട്. 'സൽമാൻ' എന്ന വാക്കിന് രണ്ടു വിധത്തിലുള്ള സമാധാനം എന്നാണർഥം അതായത് ആന്തരികവും ബാഹ്യവുമായ സമാധാനങ്ങൾ - ആ ആൾ കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും തന്റെ ദൗത്യം നിർവഹിക്കുക, വാൾ മുഖേനയല്ല. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നൽകുന്നതായി എനിക്ക് തോന്നി. (മൽഫൂസാത്ത്)

എഡിറ്റോറിയൽ

# വ്രതത്തിന്റെ നനാവിധ ഗുണങ്ങൾ


മനുഷ്യന്റെ സ്ഥൂല ശരീരത്തെ തളർത്തുകയും ആത്മീയ ശരീരത്തെ ഉണർത്തുകയും ചെയ്യുന്ന പുണ്യകർമ്മമാണ് നോമ്പ്. മനുഷ്യൻ ഭക്ഷണം കൊണ്ടും ശാരീരികമായ സുഖാനുഭൂതികൾക്കൊണ്ടും മാത്രമല്ല ജീവിക്കുന്നത് എന്ന ശക്തമായ സന്ദേശം അത് മനുഷ്യ ശരീരത്തെ ബോദ്ധ്യപ്പെടുത്തുന്നു. ഭക്ഷണമുപേക്ഷിക്കുമ്പോൾ മനുഷ്യ ശരീരത്തിലുണ്ടാകുന്ന തളർച്ചയും വിപരീതാവസ്ഥയും ശരീരത്തിലെ ദേഹേച്ഛകളെ അടക്കി നിർത്തി ആത്മാവിനെ ശക്തിപ്പെടുത്തുന്നു. ആരാധന, ധനത്യാഗം, മനുഷ്യസേവനം മുതലായ പുണ്യകർമ്മങ്ങൾ അധികരിപ്പിച്ചും ആത്മാവിന്റെ അവസ്ഥ മെച്ചപ്പെടുത്താൻ റമദാൻ മാസം അവസരമൊരുക്കുന്നു. ഇത് മനുഷ്യൻ ദോഷങ്ങളിൽ നിന്നും മുക്തമാകാനുള്ള ഒരു പുരാതന സമ്പ്രദായമാണെന്നും സാത്വിക ജീവിതം ആഗ്രഹിക്കുന്ന മനുഷ്യൻ ഈ അനുഗ്രഹങ്ങളിൽ നിന്ന് ഒരിക്കലും പിൻവാങ്ങരുതെന്നും അല്ലാഹു മനുഷ്യനെ ഓർമ്മിപ്പിക്കുന്നു.

***'വിശ്വാസികളെ!, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി.'(2:184)***

എല്ലാ പൗരാണിക മതങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കിയിരുന്നു എന്ന ഖുർആന്റെ പ്രതിപാദനത്തിന്ന് തെളിവെന്നോണം എല്ലാ മതങ്ങളിലും വ്രതാനുഷ്ഠാനത്തിന്റെ വിഭിന്ന രൂപങ്ങൾ കാണാവുന്നതാണ്. മാത്രമല്ല ഏതെങ്കിലും വിധത്തിൽ വ്രതാനുഷ്ഠാനമുള്ള മതങ്ങളെല്ലാം ദൈവ പ്രോക്തങ്ങളാണ് എന്നും ഈ വചനം സൂചിപ്പിക്കുന്നു. **'**ഉപ ആവൃത്ത സ്തൂപാ പേഭ്യോ വാസോഗുണൗസഹ ഉപവാസ:**'**(സ്കന്ദ പുരാണം) പാപങ്ങളിൽ നിന്ന് പിന്തിരിഞ്ഞ് ഗുണത്തോടൊപ്പം വസിക്കുന്നത് ഉപവാസം. എന്നാണ് ഹിന്ദു മതം വ്രതത്തെപറ്റി പറയുന്നത്. യാഗ ഹോമാദികളായ അനുഷ്ഠാനങ്ങൾ വിവാഹാദി ഷോഡശ ക്രിയകൾ, മരണാനന്തരമുള്ള അപര ക്രിയകൾ മറ്റു ശ്രുതസ്മാർത്താദി ക്രിയകൾ എന്നിവയൊക്കെ ചെയ്യുമ്പോൾ ഉപവാസമനുഷ്ഠിക്കണമെന്നാണ് ശ്രുതി സ്മൃതികൾ അനുശാസിക്കുന്നത്. ഉപ(അരികെ) വാസ(വസിക്കുക, നിൽക്കുക) ദൈവത്തിന്നരികെ നിൽക്കുക എന്നാണ് പദനിരുക്തം. യഹൂദരിലും പ്രവാസ ജീവിതത്തിന് ശേഷമാണ് പ്രത്യേക ദിനങ്ങളിൽ ഉപവാസം ആചരിക്കൽ നിജപ്പെടുത്തിയത്. പരസ്യോപവാസം എന്നറിയപ്പെടുന്ന ഈ ഉപവാസത്തിലെ കപട ഭക്തിയെ ചില പ്രവാചകന്മാർ അപലപിക്കുന്നുണ്ട്. പുതിയ നിയമ കാലത്ത് ഭക്തരായ പരീശികൾ ആഴ്ച്ചയിൽ രണ്ട് തവണ ഉപവസിച്ചിരുന്നു. (മാർക്ക് :18) പ്രകടനാത്മകമായ കപട ഉപവാസത്തേയും യേശു കഠിനമായി അപലപിക്കുന്നതായും ബൈബിളിൽ കാണാം. ആയൂർവേദത്തിലും ഉപവാസം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ബൃഹണം (തടിപ്പിക്കൽ) ലംഘനം (മെലിയൽ) എന്നീ ചികിത്സാ രീതികളിൽ രണ്ടാമത് പറഞ്ഞതിന്നാണ് ഉപവാസം നിർദ്ദേശിച്ചത്. ഈ അടുത്ത കാലത്ത് അലോപ്പതി വൈദ്യ ശാസ്ത്രവും പല വിധരോഗങ്ങൾക്കും ഉപവാസത്തിന്നുള്ള മാസ്മരികമായ കഴിവ് അംഗീകരിച്ചിട്ടുണ്ട്.

ഇസ്‌ലാം മതമാണ് ഉപവാസത്തെ അഥവാ വ്രതാനുഷ്ഠാനത്തെ ഒരു ചന്ദ്രമാസക്കാലമായി നിജപ്പെടുത്തി വലിയ ഒരു ജനവിഭാഗത്തിന്നിടയിൽ ഇത്ര പ്രചാരവും പ്രാബല്യവും വരുത്തിയത്. നോമ്പ് മുസ്‌ലിം സമുദായത്തിൽ ചെലുത്തുന്ന നന്മയും സ്വാധീനവും അളന്ന് തിട്ടപ്പെടുത്താൻ സാധിക്കാത്തതാണ്. വ്രതാനുഷ്ഠാനത്തെ പറ്റി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:

**'റമദ: എന്ന പദത്തിന്റെ അർത്ഥം സൂര്യതാപം എന്നാണ് റമദാൻ മാസത്തിൽ ഒരു ഭാഗത്ത് ജനങ്ങൾ ഭക്ഷണ പാനീയങ്ങളും മറ്റെല്ലാ ശാരീരിക സുഖങ്ങളും ത്യജിക്കുകയും മറുഭാഗത്ത് ദൈവിക കൽപ്പനകളനുസരിക്കുന്നതിൽ ശ്രദ്ധയും ആവേശവും വളർത്തിക്കൊണ്ട് വരികയും ചെയ്യുന്നു. ആത്മീയമായും ഭൗതികമായും ജ്വലനങ്ങളുടെ സംഗമമാണ് റമദാൻ. നോമ്പനുഷ്ഠാനം ആദ്യം ഒരു ഉഷ്ണ മാസത്തിൽ ആരംഭിച്ചത്കൊണ്ടാണ് റമദാൻ എന്ന പേരുണ്ടായത് എന്ന ചില നിഘണ്ഡു കർത്താക്കളുടെ നിഗമനം ശരിയല്ല എന്നാണെന്റെ അഭിപ്രായം. അത് അറബികൾക്ക് മാത്രമുള്ള പ്രത്യേക കാര്യമല്ല. ആത്മീയാർത്ഥത്തിൽ റമദ എന്നാൽ ആത്മീയമായ ആവേശവും ആത്മീയ ജ്വലനവുമാണ്. കല്ലുകളേയും ഇതര വസ്തുക്കളേയും ചൂടുപിടിപ്പിക്കുന്ന ഉഷ്ണത്തിന്നും റമദ എന്നു പേരു പറയുന്നു.........നമസ്ക്കാരം മനുഷ്യ ഹൃദയത്തെ ദോഷബാധകളിൽ നിന്ന് ശുദ്ധീകരിക്കുമ്പോൾ നോമ്പ് മനുഷ്യാത്മാവിനെ പ്രഭാപൂരിതമാക്കി തീർക്കുന്നു. ഹൃദയത്തിന്റെ ശുദ്ധീകരണം എന്നാൽ അനിയന്ത്രിതതമായ അധമ പ്രവണതകളുടെ ബന്ധനങ്ങളിൽ നിന്നുള്ള വിമുക്തിയത്രെ ആത്മാവിന്റെ പ്രകാശവത്ക്കരണം നിമിത്തം ഒരു സത്യവിശ്വാസി ആത്മീയ ദർശനങ്ങളിൽ അനുഗ്രഹീതനായി തീരുന്നു. (മൽഫൂസാത്ത്)**



ഹദ്റത്ത് അഹ്മദ് (അ)

# മനുഷ്യാത്മാവിന്റെ മൂന്നവസ്ഥകൾ

മനുഷ്യാത്മാവിനെ മൂന്ന് വിധങ്ങളായിട്ടാണ് തരംതിരിച്ചിരിക്കുന്നത്. ***നഫ്സുൽ അമ്മാറ*** അഥവാ ദോഷ പ്രവണമായ ആത്മാവ്, ***നഫ്സുല്ലവ്വാമാ*** അഥവാ സ്വയം ശാസകാത്മാവ്, **നഫ്സുൽ മുത്മയിന്ന** അഥവാ ശാന്തി പ്രാപിച്ച ആത്മാവ് എന്നിങ്ങനെയാണവ. ***നഫ്സെ സക്കിയ*** എന്നൊരു ആത്മാവ് കൂടിയുണ്ട്. പക്ഷേ അത് ശൈശവ കാലത്ത് പാപങ്ങളൊന്നും വന്നുഭവിക്കാത്ത അവസ്ഥയിലെ ആത്മാവാകുന്നു. അതിനാൽ അതിനെ ഒഴിവാക്കിക്കൊണ്ട് ബാല്യത്തിന് ശേഷമുള്ള മൂന്ന് ആത്മാക്കളെ സംബന്ധിച്ചാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. നഫ്സുൽ അമ്മാറയുടെ അവസ്ഥയിൽ മനുഷ്യൻ ശൈത്വാന്റെ ആത്മാവിന്റെ ദാസനായി തീരുന്നത് കൊണ്ട് ശാരീരികേച്ഛകൾക്ക് അടിമപ്പെടുന്നു. അടിമ യജമാനന്റെ കൽപ്പനകൾ ഉടനടി അനുസരിക്കാൻ സന്നദ്ധനായി നിൽക്കുന്നത് പോലെ ദുരാത്മാവിന്റെ കൽപ്പനകൾ ഉടനടി പ്രാവർത്തികമാക്കാൻ മനുഷ്യൻ തയ്യാറായി നിൽക്കുന്നു. ഈ സമയത്ത് മനുഷ്യൻ ദാസനെ പോലെ ആത്മാവ് പറയുന്നതെല്ലാം അപ്പടി അനുസരിക്കുന്നു. അത് കൊല്ലാൻ പറഞ്ഞാൽ കൊല ചെയ്യുന്നു. വ്യഭിചരിക്കാൻ പറഞ്ഞാൽ വ്യഭിചരിക്കുന്നു. മോഷണം നടത്താൻ പറഞ്ഞാൽ മോഷ്ടിക്കുന്നു. ചുരുക്കത്തിൽ ആത്മാവ് ഏതൊന്ന് കൽപ്പിക്കുന്നുവോ ആ നീചകൃത്യങ്ങളെല്ലാം അടിമയെ പോലെ ചെയ്തു കളയുന്നു. ഇതാണ് നഫ്സുൽ അമ്മാറയുടെ അവസ്ഥ.

അതിന് ശേഷം നഫ്സുല്ലവ്വാമയാകുന്നു. ഈ അവസ്ഥയിൽ പാപങ്ങൾ വന്നു ഭവിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും മനുഷ്യൻ ആത്മാവിനെ പഴി പറയുകയും പാപങ്ങളിൽ നിന്ന് മോക്ഷം ലഭിക്കാനായി പ്രയത്നിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. നഫ്സുലവ്വാമയിലെ ആളുകളുടെ അവസ്ഥ ഒരു യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന വരുടേത് പോലെയാണ്. അതായത് ദുരാത്മാവുമായി സദാ പോരാടിക്കൊണ്ടിരിക്കുന്നു. ചിലപ്പോൾ ദുരാത്മാവ് ജയിക്കുന്ന കാരണത്താൽ കാലിടറി (പാപങ്ങളിലേക്ക്) വീഴുന്നു. മറ്റു ചിലപ്പോൾ സ്വയം ആത്മാവിന് മേൽ വിജയം വരിക്കുകയും (ദുഷ്പ്രവണതകളെ) അടിച്ചമർത്തുകയും ചെയ്യുന്നു. ഇവർ നഫ്സുൽ അമ്മാറയുടെ കൂട്ടരെക്കാൾ പുരോഗതി കൈവരിച്ചവരാകുന്നു.

നഫ്സുൽ അമ്മാറയുടെ കൂട്ടരും നായ, പൂച്ച പോലെയുള്ള മറ്റു മൃഗങ്ങളും തമ്മിൽ ഒരു വ്യത്യാസവുമില്ല. വല്ല പാത്രവും കണ്ടാൽ അവറ്റകൾ അത് തനിക്കുള്ളതാണോ അല്ലേ എന്നൊന്നും ആലോചിക്കാതെ ഉടനെ അതെടുക്കാൻ തുനിയുന്നു. പക്ഷേ ലവ്വാമാക്കാരിൽ ഈ അവസ്ഥയില്ല. അവർ യുദ്ധത്തിന്റെ അവസ്ഥയിലാണ്. ചിലപ്പോൾ ദുരാത്മാവ് വിജയിക്കുകയും ചെയ്യുന്നു. പക്ഷേ പൂർണ വിജയം ഈ അവസ്ഥക്കാരിൽ ഇത് വരെ സംഭവിച്ചിട്ടില്ല.

എന്നാൽ മൂന്നാമത്തെ അവസ്ഥയായ നഫ്സുൽ മുത്മയിന്നയിൽ എല്ലാവിധ പോരാട്ടങ്ങളും അവസാനിക്കുകയും മനുഷ്യൻ ആത്മാവിന് മേൽ പൂർണ വിജയം കൈവരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെയാണ് അത് അതിന്റെ നാമം നഫ്സുൽ മുത്മയിന്ന അഥവാ ശാന്തി പ്രാപിച്ച ആത്മാവ് എന്നു വെച്ചിരിക്കുന്നത്. ഈ അവസ്ഥയിൽ അവർ അല്ലാഹുവിന്റെ അസ്തിത്വത്തിൽ യഥാർഥ വിശ്വാസം കൊള്ളുകയും ദൈവമുണ്ടെന്ന ദൃഢജ്ഞാനം കൈവരിക്കുകയും ചെയ്യുന്നു. അല്ലാഹുവിലുള്ള വിശ്വാസം തന്നെയത്രെ നഫ്സുൽ മുത്മയിന്നയുടെ പരമസീമ. എന്തെന്നാൽ പരിപൂർണ ശാന്തിയും സമാധാനവും അല്ലാഹുവിലുള്ള പരിപൂർണ വിശ്വാസവുമുണ്ടായാൽ മാത്രമാണ് ഇത് ലഭ്യമാകുന്നത്. ***(മൽഫൂസാത്ത്. വാല്യം 6 പേ 243, 244) വിവ: അബു അയ്മൻ)***

2018 ജൂൺ 18ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

# റമദാൻ: കരുണ്യവാന്റെ ആത്മീയ നിധി പേടകം



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

അല്ലാഹു തന്റെ ദാസരോടു കാണിക്കുന്ന ഔദാര്യങ്ങൾ അത്ഭുതകരമാണ്. അവന്റെ റഹ്മത്ത് (കാരുണ്യം) സകലതിനെയും വലയം ചെയ്തിരിക്കുന്നു. റഹ്മത്ത് എന്നത് കൊണ്ടുദ്ദേശിക്കുന്നത് മൃദുഭാവം കാണിക്കുക; കാരുണ്യം പ്രകടിപ്പിക്കുക എന്നൊക്കെയാണ്. അതായത്, തന്റെ ദാസരോടുള്ള അല്ലാഹുവിന്റെ പെരുമാറ്റം അങ്ങേയറ്റം മൃദുലതയോടും വിട്ടുവീഴ്ചയോടും കൂടിയതാണ്. അല്ലാഹുവിന്റെ ഈ കാരുണ്യാതിരേകം എത്രമാത്രം ശക്തമാണെന്നാൽ സകലവസ്തുക്കളെയും അതു വലയം ചെയ്തിരിക്കുന്നു. അവന്റെ റഹ്മത്തിൽ റഹ്മാനിയ്യത്തും റഹീമിയ്യത്തും ഉൾപ്പെടുന്നു. ചോദിക്കാതെ തന്നെ അനേകം സംഗതികൾ മനുഷ്യനുവേണ്ടി അവൻ ഭൂമിയിൽ സൃഷ്ടിച്ചിരിക്കുന്നു എന്നത് അവന്റെ റഹ്മാനിയ്യത്ത് ആകുന്നു. റഹീമിയ്യത്ത് പ്രകടമാകുന്നത് അല്ലാഹുവിനോടുള്ള കടമ നിർവഹിക്കുകയും അവന്റെ കല്പന കൾ പ്രാവർത്തികമാക്കുകയും അവന്റെ മുന്നിൽ പ്രണമിച്ചുകൊ ണ്ട് ചോദിക്കുകയും ചെയ്യുന്നവർക്കാണ്. അല്ലാഹു പറയുന്നു: മനുഷ്യന് ശിക്ഷ നല്കുക എന്നത് എന്റെ ലക്ഷ്യമല്ല; ദുഷ്കർമങ്ങളുടെ പാരമ്യതയിലെത്തിയവരാണ് ശിക്ഷയ്ക്കു പാത്രമാകുന്നത്. എന്റെ ശിക്ഷയാണെങ്കിൽ അത് താൽക്കാലികമാണ്; അതാണെങ്കിൽ പരിഷ്കരണത്തിനുവേണ്ടിയുമാണ്. ഏതുവരെയെന്നാൽ നരകവാസികളും എന്റെ വിശാലമായ കാരുണ്യത്തിൽ ഭാഗഭാക്കാകുകയും അവരുടെ ശിക്ഷ അവസാനിക്കുകയും ചെയ്യുന്ന സമയവും വന്നെത്തുന്നതാണ്. പ്രതിഫലം നല്കുന്ന നാളിന്റെ ഉടമസ്ഥൻ കൂടിയാണ് അല്ലാഹു. അതുകൊണ്ട് തന്റെ കാരുണ്യത്തിന്റെയും പാപപൊറുതിയുടെയും പുതപ്പ് അണിയിച്ചുകൊണ്ട് ശിക്ഷയില്ലാതെതന്നെ അവന് നമ്മെ വിട്ടയക്കാൻ സാധിക്കുന്നതാണ്. അതേസമയം അല്ലാഹു പറയുന്നു: തഖ്വയിൽ പദമൂന്നുകയും സക്കാത്ത് നല്കുകയും ദൈവകല്പനകൾ പാലിക്കേണ്ട മുറയനുസരിച്ച് പാലിക്കുകയും ദൃഢവിശ്വാസത്തോടു കൂടി കർമം ചെയ്യുകയും അല്ലാഹുവിന്റെ ആയത്തുകൾ പൂർണമായി വിശ്വസിക്കുകയും ചെയ്യുന്നവരെ ഒരു അവകാശമെന്നോണം അല്ലാഹു തീർച്ചയായും കാരുണ്യത്തിന്റെ പുതപ്പ് അണിയിക്കുന്നതാണ്. മറ്റൊരിടത്ത് അല്ലാഹു പറയുന്നു: **ഇന്ന റഹ്മത്തല്ലാഹി ഖരീബുൻ മ്മിനൽമുഹ്സിനീൻ**(7:57) തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സുകൃതവാന്മാരുമായി അടുത്തതാണ്. എല്ലാ നിബന്ധനകളോടുംകൂടി ജോലി പൂർത്തിയാക്കുന്നവനാണ്

സുകൃതവാൻ. ആകയാൽ അല്ലാഹുവിന്റെ നിർദേശങ്ങൾ പൂർത്തിയാക്കുകയും ദൈവകല്പനകൾ പാലിക്കുകയും അല്ലാഹുവിന്റെ അടയാളങ്ങളെ പൂർണമായി വിശ്വസിക്കുകയും അല്ലാഹുവിന്റെ മുൻപിൽ കുനിയുകയും ചെയ്യുന്നവർക്കാണ് അവന്റെ റഹ്മത്ത് എത്തുക. അതുകൊണ്ട് വിശ്വാസി ദൈവകല്പനകൾ പാലിക്കുകയും തഖ്വ അവലംബിക്കുകയും വിശ്വാസത്തിൽ പൂർണത കൈവരിക്കുകയും ചെയ്യാൻ ശ്രമിക്കേണ്ടതാണ്. ഇവിടെ അല്ലാഹു ഒന്നാമതായി വിവരിച്ചിരിക്കുന്നത് തഖ്വയാണ്. വാസ്തവത്തിൽ, തഖ്വയെ സംബന്ധിച്ച് ശരിയായ ഗ്രാഹ്യം ഉണ്ടായാൽ മറ്റു നന്മകളും ഈമാനിന്റെ പൂർത്തീകരണവും ഇതിൽ ഉൾപ്പെടുന്നതാണ്. ഇതു സംബന്ധമായി ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മനുഷ്യന്റെ എല്ലാ ആത്മീയ സൗന്ദര്യങ്ങളും കുടികൊള്ളുന്നത് തഖ്വയുടെ സൂക്ഷ്മ മാർഗങ്ങളിൽ പദമൂന്നുന്നതിലാണ്. തഖ്വയുടെ സൂക്ഷ്മമാർഗം ആത്മീയസൗന്ദര്യത്തിന്റെ മനോഹരചിത്രങ്ങളും ഹൃദ്യമായ രൂപവുമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ തഖ്വയെ വസ്ത്രവുമായിട്ടാണ് ഉപമിച്ചിരിക്കുന്നത്. 'ലിബാസുത്തഖ്വ' എന്നത് വിശുദ്ധ ഖുർആന്റെ പ്രയോഗമാണ്. ആത്മീയസൗന്ദര്യവും മനോഹാരിതയും തഖ്വയുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നതെന്നാണ് ഇതു സൂചിപ്പിക്കുന്നത്. തഖ്വ എന്നു പറയുന്നത് മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളെയും(അല്ലാഹു വിശ്വസിച്ച് ഏല്പിച്ചിട്ടുള്ള കാര്യങ്ങൾ) വിശ്വാസപരമായ പ്രതിജ്ഞകളെയും അതുപോലെ സൃഷ്ടികളോടുള്ള എല്ലാ അമാനത്തുകളെയും പ്രതിജ്ഞകളെയും പരമാവധി പാലിക്കുക എന്നതാണ്. അതായത്, അവയുടെ സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ വശങ്ങളെ കഴിവിന്റെ പരമാവധി പ്രാവർത്തികമാക്കുക.'

ഹുസൂർ പറഞ്ഞു: ഈ നിലവാരം സ്വായത്തമാക്കിയാൽ ഇവിടെയാണ് അല്ലാഹുവിന്റെ കാരുണ്യം തന്റെ ദാസരുടെ മേൽ അവകാശമെന്ന നിലയ്ക്ക് നിർബന്ധമാകുന്നത്. ഞാൻ പറഞ്ഞതു പോലെ, ഒരവകാശമെന്ന നിലയിൽ അല്ലാഹുവിൽനിന്ന് വല്ലതും വാങ്ങാൻ മനുഷ്യന് എന്തു സ്ഥാനമാണുള്ളത്?

ഹുസൂർ പറഞ്ഞു: നാം കടന്നു പോയിക്കൊണ്ടിരിക്കുന്ന ദിനങ്ങളിൽ റമളാന്റെ അവസാനത്തെ ആഴ്ചയാണ് ഇനി അവശേഷിച്ചിരിക്കുന്നത്. റമളാൻമാസം ആഗതമായാൽ സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുമെന്നും നരകത്തിന്റെ കവാടങ്ങൾ അടയ്ക്കപ്പെടുമെന്നും ശയ്ത്വാൻ ബന്ധനസ്ഥനാക്കപ്പെടുമെന്നും നബി(സ) തിരുമേനി അരുളിയിട്ടുണ്ട്. ഇതിൽ നിന്നും മുഅ്മിനാണ് ഫലമെടുക്കുന്നത്. ശരിയായ നിലയിൽ വിശ്വസിക്കുകയും ദൈവകല്പനകൾ പാലിക്കുകയും ചെയ്യുന്ന ആളായിരിക്കും ഇതിനെ പ്രയോജനപ്പെടുത്തുക. നബി(സ)തിരുമേനി ഒരിക്കൽ പറഞ്ഞു: ആരാണോ ഈമാനും പ്രതിഫലവും കാംക്ഷിച്ചുകൊണ്ട് റമളാനിലെ രാവുകളിൽ എഴുന്നേറ്റ് നമസ്കരിക്കുന്നത് അയാളുടെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. അതുകൊണ്ടുതന്നെ ഈ ദിനങ്ങളെ പ്രയോജനപ്പെടുത്തുന്നവർ ഭാഗ്യവാന്മാരാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അവസാന ദിനങ്ങളിൽ ലയ്ലത്തുൽ ഖദ്റിനെ അന്വേഷിക്കുന്നതിലേക്ക് ഉദ്ബോധിപ്പിച്ചതും അവന്റെ ഔദാര്യമാണ്. ദുആ സ്വീകാര്യതയുടെ ദൃശ്യം മുൻപത്തേക്കാളുപരിയായി നാം കാണുന്നതിനു വേണ്ടിയാണിത്. ഇതും നമ്മുടെ അവകാശമല്ല; അവന്റെ ഔദാര്യമാണ്. മനുഷ്യർക്ക് തന്നോട് അടുക്കുന്നതിനുള്ള പ്രേരണ നല്കാനാണത്. ഇതും അവന്റെ വിശാലമായ കാരുണ്യമാണ്.

ഇനി മറ്റൊരു ഹദീഥിൽ വന്നിരിക്കുന്നു: റമളാനിലെ ആദ്യത്തെ പത്ത് റഹ്മത്തും മധ്യത്തിലെ പത്ത് മഗ്ഫിറത്തും അവസാനത്തെ പത്ത് തീയിൽ നിന്നുള്ള മോചനവുമാണ്. അമീറുൽമുഅ്മിനീൻ പറഞ്ഞു: റമളാനിലെ റഹ്മത്ത് അതിന്റെ ആദ്യപത്തിലേക്ക് മാത്രം ഉള്ളതല്ല. ആദ്യത്തേതിൽനിന്ന് രണ്ടാമത്തെ പത്തിലേക്കും മൂന്നാമത്തെ പത്തിലേക്കും അതു പ്രവേശിക്കുന്നു. തഖ്വയിൽ അധിഷ്ഠിതമാണെങ്കിൽ അതു സ്ഥിരമായി മനുഷ്യനോടൊപ്പം ഉണ്ടാകുന്നു. അതുപോലെത്തന്നെ അവന്റെ മഗ്ഫിറത്ത് മധ്യത്തിലെ റമളാനിലേക്ക് മാത്രമുള്ളതല്ല. മറിച്ച് റമളാൻ കഴിഞ്ഞും അതിനുശേഷവും അതു മനുഷ്യനോടൊപ്പം ഉണ്ടാകുന്നു. അഗ്നിയിൽനിന്നുള്ള രക്ഷയും ഈ പത്തു ദിനങ്ങളിൽ മാത്രമല്ല. റമളാനിൽ നിന്ന് ഫലമെടുത്ത് അവനോട് മഗ്ഫിറത്ത് ചോദിച്ചുകൊണ്ട് ആര് റമളാൻ കഴിച്ചുകൂട്ടുന്നുവോ അയാൾ റമളാന് ശേഷവും അഗ്നിയിൽനിന്ന് രക്ഷപ്പെടുന്നതാണ്. എന്നാൽ, റമളാനു ശേഷം തഖ്വയിൽ നിന്ന് അകലുകയാണെങ്കിൽ അപ്പോൾ അവൻ സുരക്ഷിതമായ കോട്ട നിർമിച്ച് അതു തകർത്തു കളയുന്നവനെപ്പോലെയാണ്. അതിനാൽ, അല്ലാഹുവിന്റെ റഹ്മത്തും മഗ്ഫിറത്തും അഗ്നിയിൽ നിന്നുള്ള മോചനവും ഏതാനു ദിവസങ്ങളിൽ മാത്രം പരമിതമല്ല.

ഞാൻ പാരായണം ചെയ്ത വചനങ്ങളെ വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'താൻ ഇച്ഛിക്കുന്നവരെ ശിക്ഷിക്കുമെന്നും തന്റെ റഹ്മത്ത് എല്ലാ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നുവെന്നും, ശിർക്കിൽ നിന്നും അവിശ്വാസത്തിൽ നിന്നും നീചകൃത്യങ്ങളിൽ നിന്നും വിട്ടു നില്ക്കുകയും സക്കാത്ത് നല്കുകയും എന്റെ ദൃഷ്ടാന്തങ്ങളിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവർക്ക് കരുണ ചൊരിയപ്പെടുമെന്നും അല്ലാഹു പറയുന്നു.

ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തഖ്‌വയെ മൂന്നു വാക്യങ്ങൾ കൊണ്ടാണ് വിശദീകരിച്ചത്; ശിർക്കിൽ നിന്ന് വിട്ടു നില്ക്കുക; കുഫ്റിൽ നിന്ന് രക്ഷപ്പെടുക; അശ്ലീലങ്ങളിൽ നിന്ന് പിന്മാറുക. അശ്ലീലത ഇക്കാലത്ത് സർവത്ര വ്യാപിച്ചിരിക്കുന്നു. ടി.വിയിലും ഇന്റർനെറ്റിലും മാധ്യമങ്ങളിലും അസാന്മാർഗികവും അനാവശ്യവുമായ കാര്യങ്ങളാണ് ഉള്ളത്. അസഭ്യം നിറഞ്ഞ ഇത്തരം പരിപാടികളിൽനിന്ന് വിട്ടു നില്ക്കുക എന്നതും അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിക്കാനുള്ള മാർഗമാണ്. റമളാനിൽ എന്നല്ല, സ്ഥിരമായി ഇതിൽ നിന്ന് വിട്ടു നില്ക്കേണ്ടതാണ്. ഈ സംഗതികൾ യുവാക്കളെ മാത്രമല്ല, മുതിർന്നവരുടെ മനസ്സിനെയും വിഷലിപ്തമാക്കുന്നു. അങ്ങനെ ധാർമികഗുണങ്ങളും കേടു വരുകയും ഈമാനിൽനിന്ന് അകന്നുപോകുകയും ചെയ്യുന്നു. അതിനാൽ, ഓരോ അഹ്മദിയും ഇതിലേക്ക് ശ്രദ്ധിക്കേണ്ട താണ്. ഇവയെ ശ്രദ്ധിച്ച് ശരിയായ നിലയിൽ ഉപയോഗി ക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'റഹ്മത്ത് പൊതുവായതും വിശാലവുമാണെന്നാണ് ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത്. ദൈവികനിയമങ്ങളെ അതിർലംഘിക്കുമ്പോഴാണ് അവന്റെ കോപമാകുന്ന ഗുണം വെളിപ്പെടുമാറാകുന്നത്. അതുകൊണ്ട് അല്ലാഹു ആരെയെങ്കിലും ശിക്ഷിക്കുന്നത് അയാൾ അല്ലാഹുവിന്റെ നിയമത്തിൽനിന്ന് പുറത്തു പോകുന്നതുകൊണ്ടാണ്. ഞാൻ നേരത്തെ പറഞ്ഞതു പോലെ, ഈ ശിക്ഷയും പരിഷ്ക്കരണത്തിനുവേണ്ടിയുള്ളതാണ്. ഒടുവിൽ അല്ലാഹുവിന്റെ റഹ്മത്ത് ആയിരിക്കും ആധിപത്യം പുലർത്തുക.

അമീറുൽമുഅ്മിനീൻ പറഞ്ഞു: മനുഷ്യൻ തൗബ ചെയ്യുകയും ഇസ്തിഗ്ഫാർ ചെയ്യുകയും ഹൃദയമുരുകി പ്രാർഥി ക്കുകയും അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുകയും ചെയ്യുമ്പോൾ ശിക്ഷിക്കണമെന്ന് അല്ലാഹു നിർബന്ധമാക്കിയിട്ടില്ല. അത്തരം ആളുകൾക്ക് കാരുണ്യമാണ് അവൻ നിർബന്ധമാക്കിയിട്ടുള്ളത്. മാത്രമല്ല, അവന്റെ റഹ്മത്ത് കോപത്തെ അതിജയിക്കുകയും കോപം അപ്രത്യക്ഷമായി മറഞ്ഞു പോവുകയും ചെയ്യുന്നു.

ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം വിവരിച്ചുകൊണ്ട് പറയുന്നു: മാനുഷികമായ ദൗർബല്യങ്ങൾ വെളിപ്പെടാതെ ദൈവം മനുഷ്യപ്രകൃതത്തിന് ശക്തി നല്കിക്കൊണ്ട് തന്റെ സഹായത്തിന്റെയും പിന്തുണയുടെയും വൃത്തത്തിനുള്ളിൽ അവനെ കൊണ്ടു വരുന്നതിന് ദൈവത്തോടുള്ള അർഥനയാണ് ഇസ്തിഗ്ഫാർ കൊണ്ട് വാസ്തവത്തിൽ അർഥമാക്കുന്നത്.'

അവിടന്ന് പറയുന്നു: ദൈവം എപ്രകാരം മനുഷ്യന്റെ സ്രഷ്ടാവാണോ, അവന്റെ ആന്തരികവും ബാഹ്യവുമായ സർവ കഴിവുകളുടെയും സ്രഷ്ടാവാണോ അപ്രകാരംതന്നെ അവൻ മനുഷ്യന്റെ ഖയ്യൂമും കൂടിയാണ്. അതായത്, താൻ സൃഷ്ടിച്ചതിനെ പ്രത്യേക സഹായത്തോടെ സംരക്ഷിക്കുന്നവനുമാണ്. ഈ സംഗതിയാണ് സൂറ:ഫാത്തിഹയിലെ **ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ** എന്ന വചനം സൂചിപ്പിക്കുന്നത്. അതായത്, ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുകയും നിന്റെ ഖയ്യൂമിയ്യത്തും റുബൂബിയ്യത്തും ഞങ്ങളെ സഹായിക്കുകയും ഇടർച്ചയിൽ നിന്ന് കാത്തുരക്ഷിക്കുകയും ചെയ്യുന്നതിനു വേണ്ടി നിന്നോടു മാത്രം സഹായം അർഥിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ ന്യൂനതകൾ വെളിപ്പെടുകയും ഞങ്ങൾക്ക് ആരാധന നടത്താൻ കഴിയാതിരിക്കുകയും ചെയ്യരുതേ.'

ഇസ്തിഗ്ഫാർ എന്ന വിഷയത്തെ കൂടുതൽ വിശദീകരിച്ചു കൊണ്ട് അവിടന്ന് പറയുന്നു: 'ചില ആളുകളുണ്ട്, അവർ പാപത്തെക്കുറിച്ച് അറിയുന്നവരാണ്. ചിലരാകട്ടെ പാപത്തെക്കുറിച്ച് അറിയാത്തവരാണ്. അതുകൊണ്ടാണ് അല്ലാഹു എക്കാലത്തേക്കുമായി ഇസ്തിഗ്ഫാർ വെച്ചിരിക്കുന്നത്. മനുഷ്യൻ എല്ലാവിധ പാപങ്ങളിൽനിന്നും, അത് പ്രത്യക്ഷമാകട്ടെ പരോക്ഷമാകട്ടെ, അവന് അറിവുള്ളതാകട്ടെ അറിവില്ലാത്തതാകട്ടെ, അവന്റെ കൈകാലുകളിൽനിന്നോ നാവിൽ നിന്നോ മൂക്കിൽ നിന്നോ കാതുകളിൽനിന്നോ കണ്ണുകളിൽ നിന്നോ പുറപ്പെടുന്നതാകട്ടെ, എല്ലാവിധ പാപങ്ങളിൽ നിന്നും ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കേണ്ടതാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: ഹദ്റത്ത് ആദമിന്റെ ദുആ ഇക്കാലത്ത് ചൊല്ലേണ്ടതാണ്. **റബ്ബനാ ളലംനാ അൻഫുസനാ വ ഇൻലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ**. ആദ്യം മുതൽക്കേ ഈ ദുആ സ്വീകരിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവേ, ഞങ്ങൾ ഞങ്ങളുടെ ആത്മാക്കളോട് അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്കു പൊറുത്തുതരികയും ഞങ്ങളോടു കാരുണ്യം കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ നഷ്ടപ്പെട്ടവരായിത്തീരും. നിങ്ങൾ അശ്രദ്ധയോടെ ജീവിതം നയിക്കരുത്. അശ്രദ്ധയോടെ ജീവിതം നയിക്കാത്തവൻ ഒരിക്കലും കഴിവിന്നതീതമായ വിപത്തിലകപ്പെടുകയില്ല. ഒരു വിപത്തും ദൈവകല്പന കൂടാതെ വരുന്നില്ല. എനിക്ക് അല്ലാഹു ഇൽഹാം ഇറക്കിയിരിക്കുന്നു: **റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക,റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ**.

ഇസ്തിഗ്ഫാറും തൗബയും തമ്മിലുള്ള വ്യത്യാസം വിവരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇസ്തിഗ്ഫാറും തൗബയും രണ്ടു സംഗതികളാണ്. ദൈവത്തിൽനിന്ന് കരസ്ഥമാക്കുന്ന സഹായവും ശക്തിയുമാണ് ഇസ്തിഗ്ഫാർ.

അല്ലാഹുവേ, ഞങ്ങൾ ചെയ്ത മഗ്ഫിറത്തിന്റെ ദുആയിൽ ഞങ്ങളെ നിലനിറുത്തേണമേ എന്ന ദുആയാണ് തൗബ.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിനോട് സഹായം തേടുമ്പോൾ സഹായം നല്കുമെന്നുള്ളത് അവന്റെ സുന്നത്താണ്. ആ ശക്തി ലഭിച്ചതിനു ശേഷം മനുഷ്യൻ സ്വന്തം കാലിൽ എഴുന്നേറ്റ് നില്ക്കുകയും നന്മ ചെയ്യാനുള്ള ഒരു ശക്തി അവനിൽ സംജാതമാകുകയും ചെയ്യുന്നതാണ്.

തൗബയെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അറബി നിഘണ്ടുക്കളിൽ തൗബയുടെ അർഥം മടങ്ങുക എന്നതാണ്. ഇക്കാരണം കൊണ്ടാണ് വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ നാമമായി 'തവ്വാബ്' എന്നു വന്നിരിക്കുന്നത്. അതായത്, വളരെയധികം കാരുണ്യത്തോടെ മടങ്ങുന്നവൻ. മനുഷ്യൻ തന്റെ പാപങ്ങളെ വിട്ടകന്നുകൊണ്ട് സത്യഹൃദയത്തോടെ അല്ലാഹുവിലേക്ക് മടങ്ങുമ്പോൾ അല്ലാഹു അതിലുപരിയായി അവനിലേക്കു മടങ്ങുന്നു.

യഥാർഥ തൗബയുടെ നിബന്ധനകൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: യഥാർഥ തൗബയ്ക്ക് മൂന്നു നിബന്ധനകളുണ്ട്. ദുഷ്ചിന്തകളിൽ നിന്നും തന്റെ മനസ്സിനെ ശുദ്ധമാക്കുക എന്നതാണ് ഒന്നാമത്തേത്. രണ്ടാമത്തെ കാര്യം, തെറ്റായ കാര്യം ചെയ്യുകയോ തിന്മയിലേക്ക് ശ്രദ്ധ തിരിയുകയോ ചെയ്താൽ പശ്ചാത്തപിക്കുകയും ലജ്ജിക്കുകയും ചെയ്യേണ്ടതാണ്. താൻ ഇനി ആ തിന്മകൾ ചെയ്യുകയില്ലെന്ന് ദൃഢനിശ്ചയം ചെയ്യുക എന്നതാണ് മൂന്നാമത്തെ നിബന്ധന. ഇതിൽ നിലനില്ക്കാൻ പൂർണമായ ഇച്ഛാശക്തിയും ദുആയും ഉണ്ടാവണം. അങ്ങനെയായാൽ, ഈ തിന്മകൾ ഇല്ലാതാകുകയും നന്മകൾ അതിന്റെ സ്ഥാനം അലങ്കരിക്കുകയും ചെയ്യുന്നതാണ്.

ഇസ്തിഗ്ഫാറും തൗബയും മുഖേന തീയിൽനിന്ന് രക്ഷ പ്രാപിക്കുമെന്ന് വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തൗബ മുഖേന മനുഷ്യന്റെ ദീനും ദുൻയാവും മനോഹരമായിത്തീരുന്നു. അല്ലാഹു പറയുന്നു: **റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽ ആഖിറത്തി ഹസനത്തൻ വ്വഖിനാ അദാബന്നാർ.** അല്ലാഹുവേ, ഞങ്ങൾക്ക് ഈ ലോകത്തും പരലോകത്തും സുഖക്ഷേമങ്ങൾ നല്കുകയും തീയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ. വാസ്തവത്തിൽ റബ്ബനാ എന്ന പദത്തിൽത്തന്നെ തൗബയിലേക്ക് ഗഹനമായ ഒരു സൂചനയുണ്ട്. എന്തെന്നാൽ, റബ്ബനാ എന്ന പദം ആവശ്യപ്പെടുന്നത് താൻ നിശ്ചയിച്ചുവെച്ചിട്ടുള്ള മറ്റു റബ്ബുകളെയെല്ലാം വിട്ടകന്ന് യഥാർഥ റബ്ബിലേക്ക് വന്നിരിക്കുന്നു എന്നാണ്. യഥാർഥമായ വേദനയും നീറ്റലുമില്ലാതെ ഈ പദം ഹൃദയത്തിൽനിന്ന് നിർഗളിക്കാവതല്ല. അല്ലാഹുവിനെ തങ്ങളുടെ റബ്ബായി മനസ്സിലാക്കിയവർക്ക് മാത്രമേ അങ്ങനെ ദുആ ചെയ്യാൻ സാധിക്കുകയുള്ളു. അവരുടെ നാഥന്റെ മുൻപിൽ മറ്റു റബ്ബുകളെല്ലാം ഒന്നുമല്ലെന്ന് അവർക്കുറപ്പുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തീ കൊണ്ടുദ്ദേശിക്കുന്നത് ഖിയാമത്തുന്നാളിലെ തീ മാത്രമല്ല; ദീർഘകാലം ജീവിതം കഴിച്ചു കൂട്ടുന്നവർക്ക് ലോകത്ത് ആയിരക്കണക്കിന് തീ കാണാവുന്നതാണ്. വിശ്വാസി ദുആ ചെയ്യുന്നത്, എല്ലാവിധ തീയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ; ഞങ്ങൾ നിന്നെ അഭയം പ്രാപിച്ചിരിക്കുന്നു; മനുഷ്യജീവിതം കാഠിന്യമേറിയതാക്കുന്ന അഗ്നിക്കു തുല്യമായ പ്രയാസങ്ങളിൽ നിന്ന് രക്ഷ നല്കിയാലും എന്നാണ്.

ഈ ദുആ ജമാഅത്ത് അധികമായി ചൊല്ലണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ ഉപദേശിച്ചിരുന്നു. **റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽ ആഖിറത്തി ഹസനത്തൻ വ്വഖിനാ അദാബന്നാർ**. അതുകൊണ്ട് അല്ലാഹു നമ്മെ അവന്റെ കാരുണ്യത്തിലെടുത്തുകൊണ്ട് ഈ ലോകത്തെയും പരലോകത്തെയും എല്ലാവിധ തീയിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി ഇക്കാര്യത്തിലേക്ക് നാം ശ്രദ്ധ തിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു ഖുർആനിൽ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: മനുഷ്യരേ, എന്നെപ്പറ്റി നിങ്ങൾ നിരാശരാകരുത്. ഞാൻ റഹീമും കരീമും സത്താറും ഗഫൂറുമാകുന്നു. നിങ്ങളോട് ഏറ്റവുമധികം കരുണ കാണിക്കുന്നവനാകുന്നു. ഞാൻ ചെയ്യുന്നതു പോലെ മറ്റാരും നിങ്ങൾക്ക് കരുണ ചെയ്യുന്നതല്ല. എന്നിലേക്ക് മടങ്ങുന്നവൻ എന്റെ കവാടങ്ങൾ തുറന്നിരിക്കുന്നതായി കാണുന്നതാണ്. തൗബ ചെയ്യുന്നവന്റെ പാപങ്ങൾ, അത് പർവതങ്ങളെക്കാളധികമാണെങ്കിലും, ഞാൻ പൊറുത്തു കൊടുക്കുന്നു. എന്റെ കാരുണ്യം നിങ്ങളിൽ കൂടുതലും കോപം കുറവുമാണ്. എന്തെന്നാൽ, നിങ്ങളെന്റെ സൃഷ്ടികളാണ്. ഞാൻ നിങ്ങളെ സൃഷ്ടിച്ചതിനാൽ എന്റെ കാരുണ്യം നിങ്ങളെയെല്ലാം വലയം ചെയ്തിരിക്കുന്നു.

അല്ലാഹു നമുക്ക് അവനിലേക്ക് ആത്മാർഥമായി തിരിയാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അവനോടുള്ള തഖ്‌വ സ്വായത്തമാക്കുന്നവരാക്കട്ടെ. അവന്റെ കാരുണ്യത്തിൽ സദാ ഭാഗഭാക്കാകുന്നതിനു വേണ്ടി ഈമാനിലും ദൃഢവിശ്വാസത്തിലും മുന്നേറുന്നവരാക്കട്ടെ. അവന്റെ കാരുണ്യം ലഭിക്കാതെ സ്വന്തം ദുഷ്കർമങ്ങളാൽ ശിക്ഷയ്ക്കു പാത്രമാകുന്ന സാഹചര്യം ഒരിക്കലും ഉണ്ടാക്കാതിരിക്കട്ടെ. ദൈവകാരുണ്യത്തിന്റെ തണൽ സദാ നമ്മിൽ വർഷിക്കുമാറാകട്ടെ.

# സൃഷ്ടിപ്പ്: ശാസ്ത്രത്തിന്റെ പ്രതിസന്ധി

പ്രപഞ്ചോൽപത്തിയെ സംബന്ധിച്ച് ഭൗതിക ശാസ്ത്ര സിദ്ധാന്തങ്ങളിലുള്ള അനന്തത ഭൗതിക മാനങ്ങൾക്കതീതമായ ഒരു വിശ്വാസ സങ്കൽപ്പമാണ്. ഒന്നുമില്ലായ്മയിൽ നിന്ന് സൃഷ്ടി നടത്തുന്ന ദൈവഗുണത്തെ പറ്റി വാഗ്ദത്ത മസീഹിന്റെ വിശദീകരണം സത്യവിശ്വാസികൾക്ക് പ്രപഞ്ച സൃഷ്ടിയെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്നതാണ്.

എ. എം. മുഹമ്മദ് സലീം

സൃഷ്ടിപ്പ് മനുഷ്യനെ എന്നും വിസ്മയിപ്പിക്കുന്ന ഒരു അത്ഭുത പ്രതിഭാസമാണ്. പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പ് മുതൽ മനുഷ്യസൃഷ്ടിപ്പ് വരെ മതവിശ്വാസികളുടെയും ദാർശനികന്മാരുടെയും ശാസ്ത്രത്തിന്റെയും എക്കാലത്തെയും ഏറ്റവും മൗലിക പ്രധാനമായ ചിന്താവിഷയമാണ്. ജനിതക ശാസ്ത്രത്തിന്റെ ആവിർഭാവത്തോടെ ജീവന്റെ സ്രഷ്ടാവായി ജനിതക ശാസ്ത്രത്തെ അവരോധിക്കാൻ ശാസ്ത്ര ലേഖനങ്ങളിലും ചർച്ചകളിലും പ്രഭാഷണങ്ങളിലും ഭൗതികവാദികളും ദൈവനിഷേധകരുമായ എഴുത്തുകാരും ശാസ്ത്രജ്ഞന്മാരും ശ്രമിക്കാറുണ്ട്.

വാസ്തവത്തിൽ സൃഷ്ടികർത്താവ് ആരാണ് എന്നതിനെ സംബന്ധിച്ച് ഖുർആൻ നൽകുന്ന യുക്തിസഹവും സത്യസന്ധവുമായ വിശേഷണങ്ങൾ യഥാർത്ഥ സൃഷ്ടികർത്താവിലേക്ക് വിരൽ ചൂണ്ടുന്നു. ശാസ്ത്രത്തിന്റെ പേരിൽ സ്രഷ്ടാവ് എന്ന വിശേഷണം ചാർത്താനുള്ള ഭൗതികവാദികളുടെ എല്ലാ ശ്രമങ്ങളെയും ദാർശനിക പൂർണ്ണവും യുക്തിസഹവുമായ ഖുർആന്റെ വാദങ്ങൾ ഇല്ലാതാക്കുന്നു. ദൈവം ചമയാനുള്ള ശാസ്ത്രത്തിന്റെ ശ്രമം നിഷ്ഫലമാവുകയും ചെയ്യുന്നു. ദൈവത്തിന്ന് ഖുർആൻ സ്രഷ്ടാവ് എന്ന അർത്ഥത്തിൽ ഇവിടെ പറയുന്ന ചില വിശേഷണങ്ങൾ ശ്രദ്ധിക്കുക. ഈ വിശേഷണങ്ങൾ ഒരിക്കലും ശാസ്ത്രലോകത്തിന്ന് അവകാശപ്പെടാൻ സാദ്ധ്യമല്ലാത്തതാണ്. അതിന്ന് മുമ്പായി എന്താണ് ശാസ്ത്രം എന്ന് കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. വാസ്തവത്തിൽ ശാസ്ത്രത്തിന്ന് സ്വതന്ത്രമായ അസ്തിത്വം ഇല്ല. പ്രകൃതി നിയമങ്ങളുടെ ക്രോഡീകൃത ജ്ഞാന രൂപം മാത്രമാണ് ശാസ്ത്രം.

### ശാസ്ത്ര വിജ്ഞാനം: ദൈവസൃഷ്ടിയുടെ പ്രതിഫലനം

ശാസ്ത്രം എന്നത് ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിൽ നിന്നും മനുഷ്യന്ന് ലഭിച്ച് ക്രോഡീകൃത വിജ്ഞാനമാണ്. ലാറ്റിൻ ഭാഷയിൽ നിന്നും ഇംഗ്ലീഷിലെത്തിയ സയിൻസ് (Science) എന്ന പദത്തിന്ന് മലയാളത്തിൽ സാധാരണയായി പറയുന്ന അർത്ഥം ശാസ്ത്രം എന്നാണ്. ശാസ്ത്രത്തിന്ന് മലയാള ഭാഷയിലെ പരമ്പരാഗതമായ അർത്ഥം ധർമ്മ ഗ്രന്ഥം, ദൈവിക വിധി, ശാസിക്കപ്പെടുന്നത് എന്നൊക്കെയാണ്. സംസ്കൃതത്തിൽ നിന്നും നിഷ്പന്നമായ 'ശാസ്യതേ അനേന ഇതി ശാസ്ത്രം', 'ഇതിനാൽ ശാസിക്കപ്പെടുന്നത് കൊണ്ട് ശാസ്ത്രം', എന്നാണ് ശാസ്ത്രത്തിന്ന് സംസ്കൃതത്തിലെ പദനിരുക്തി. അതുകൊണ്ട് ഹിന്ദു സാഹിത്യത്തിൽ മതപരമായി ബന്ധപ്പെട്ട എല്ലാ വിശ്വാസ ആചാരാനുഷ്ഠാനങ്ങളുടെയും നിയമങ്ങളുടെയും പ്രമാണങ്ങളുടെയും ആധികാരിക ക്രോഡീകൃത വിജ്ഞാനത്തിന്ന് ശാസ്ത്രം എന്ന് പറയുന്നു. ഉദാ: യോഗ ശാസ്ത്രം, ന്യായ ശാസ്ത്രം, ധർമ്മ ശാസ്ത്രം, കാമ ശാസ്ത്രം, അർത്ഥ ശാസ്ത്രം, കാവ്യ ശാസ്ത്രം സംഗീത ശാസ്ത്രം, പക്ഷി ശാസ്ത്രം, ഗൗളി ശാസ്ത്രം എന്നിങ്ങനെ പോകുന്നു ഹിന്ദുമതത്തിലെ ശാസ്ത്രങ്ങൾ.

ഇസ്‌ലാമിന്റെ ഔപചാരിക ഭാഷയായ അറബിയിൽ സയിൻസിനെ സൂചിപ്പിക്കുന്ന പദമായി ഉപയോഗിക്കുന്നത് **ഇൽമ്** ആണ്. അറബിയിൽ മിക്ക വിജ്ഞാന

ശാഖയുടെ മുമ്പിലും ശാസ്ത്ര മാണെന്ന് സൂചിപ്പിക്കാൻ ഉപസർഗ്ഗ പദമായി (Prefix) ഇൽമ് എന്ന പദം വെക്കാറുണ്ട്. ഉദാഹരണത്തിന്ന് ഭൗതിക ശാസ്ത്രത്തിന്ന് (ഫിസിക്സ്) 'ഇൽമ് അത്ത്വാബിഅ:', കണക്കെഴുത്ത് ശാസ്ത്രത്തിന്ന് 'ഇൽമുൽ ഹിസാബ്' മത ശാസ്ത്രത്തിന്ന് 'ഇൽമു അദ്ദീനീ' എന്നും ന്യായശാസ്ത്രത്തിന്ന് 'ഇൽമുൽ മൻത്വിഖ്' എന്നും പറയും. ഏകദേശം ഇംഗ്ലീഷിൽ വിജ്ഞാന ശാഖക്ക് ഓളജി (Ology)ക്ക് തുല്യമായി പിന്നിൽ ചേർക്കുന്ന പ്രത്യയ പദം (Suffix) പോലെ. ഉദാ: (Biology, physiology, Mythology) അറബിയിലെ ശാസ്ത്ര സൂചകമായ പ്രയോഗമാണ് ഇൽമ്.

ആധുനിക അർത്ഥത്തിൽ ശാസ്ത്രം എന്നത് എല്ലാ വിഷയത്തെ പറ്റിയും അറിവ് സ്വരുക്കൂട്ടുകയും പരീക്ഷിച്ചു നോക്കാവുന്ന വിശദീകരണങ്ങളായും പ്രവചനങ്ങളായും വിജ്ഞാന രൂപത്തിൽ ക്രമീകരിക്കപ്പെടുന്ന അറിവാണ്. ശാസ്ത്രത്തിന്റെ അടിസ്ഥാനം പ്രകൃതിതന്നെയാണ്. അത് ഒരിക്കലും മനുഷ്യ നിർമ്മിതമല്ല. ദൈവം സൃഷ്ടിച്ച പ്രകൃതിയെ അനുകരിച്ചുകൊണ്ടാണ് ശാസ്ത്രവും സാങ്കേതിക വിദ്യയും വളരുന്നത്. പ്രകൃതിയെ ആധാരമാക്കിയാണ് അവ പ്രവർത്തിക്കുകയും ചെയ്യുന്നത്. ശാസ്ത്രം മനുഷ്യന്റെ കൈയ്യിൽ തെറ്റിയും തിരുത്തിയും പരിണാത്മകമായിട്ടാണ് പുരോഗമിക്കുന്നത്. അങ്ങനെ പുരോഗമിക്കുന്ന ശാസ്ത്ര വിജ്ഞാനം അനുഭവങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും ആവർത്തിച്ച് ശരിയാണെന്ന് മനുഷ്യൻ ബോദ്ധ്യം വരുത്തിയാണ് സ്ഥിരീകരിക്കപ്പെടുന്നത്.

മനുഷ്യന്റെ ആവശ്യങ്ങളെ മുൻ നിർത്തിയും അറിയാനുള്ള സഹജമായ കൗതുകം ശമിപ്പിക്കാനുമാണ് ശാസ്ത്രവും ശാസ്ത്ര നിയമങ്ങളും സാങ്കേതിക ശാസ്ത്രവും കണ്ടെത്തുന്നത് അതിന്റെ അടിസ്ഥാനത്തിൽ പ്രകൃതി വസ്തുക്കൾ ഉപയോഗിച്ച് മനുഷ്യൻ നിർമ്മിതികൾ ഉണ്ടാക്കുന്നു. ഇങ്ങനെ മനുഷ്യൻ ജനിതക വസ്തുക്കൾ ശേഖരിച്ച് അതിനെ കൂട്ടി യോജിപ്പിച്ച് അതിൽ പ്രകൃതിക്ക് വഴങ്ങുന്ന രീതിയിൽ വ്യതിയാനങ്ങളും പുതുമയും കൂട്ടിചേർത്ത് നിർമിക്കുന്നതിനെ സ്രഷ്ടാവ് എന്ന് പറയാറുണ്ട്. ഇത് യഥാർത്ഥ സ്രഷ്ടിയുടെ വളരെ ഉപരിപ്ലവമായ ഒരു അനുകരണം മാത്രമാണ്. ദൈവത്തിന്റെ സൃഷ്ടിയുമായി ഇതിനെ താരതമ്യം ചെയ്യുന്നത് അൽപ്പത്തമാണ്. ഭൂമി ഉരുണ്ട ഗോളമാണെന്ന് ശാസ്ത്രം കണ്ടെത്തിയത് മുതലാണ് ഭൂമി ഗോളമായത് എന്ന് പറയുന്നത് പോലെ ബുദ്ധിശൂന്യമാണ് കൃത്രിമ ജീവന്റെ പേരിൽ ചിലർ ശാസ്ത്രത്തിന്ന് ദൈവസമാനമായ സ്രഷ്ടാവ് എന്ന പദവി ചാർത്തിക്കൊടുക്കുന്നത്. സഹസ്രസഹാബ്ദങ്ങളായി ഭൂമി ഒരു ഗോളമാണെന്നറിയാതെ മനുഷ്യൻ ഭൂമിക്ക് മുകളിൽ അള്ളിപ്പിടിച്ചു രെു പരാദത്തെ പോലെ അറിവില്ലാതെ ജീവിച്ചു എന്നതിൽ മനുഷ്യൻ തന്റെ അറിവില്ലായ്മ അംഗീകരിക്കുകയാണ് വേണ്ടത്. മാത്രമല്ല മനുഷ്യന്റെ ദുർബലമായ കരങ്ങൾക്കതീതമായ ഗോളാന്തരീയമായ ഒരു പ്രപഞ്ച ക്രമീകരണം കൊണ്ടാണ് നാം ഭൂമിയിൽ ജീവിക്കുന്നത് എന്ന വസ്തുതയും നാം അംഗീകരിക്കണം. അതായത് ഭൂമിയുടെ ഭ്രമണം, സൂര്യനിൽ നിന്നുള്ള പ്രകാശം, ഭൂമിയുടെ അകലം, ഭൂമിയിലെ അന്തരീക്ഷം, അതിന്റെ അച്ചുതണ്ടിന്റെ ചരിവ് തുടങ്ങി എണ്ണിയാലൊടുങ്ങാത്ത പ്രാപഞ്ചിക ക്രമീകരണങ്ങളിലും ചലനങ്ങളിലും മനുഷ്യന്ന് യാതൊരു പങ്കാളിത്തവുമില്ല. മനുഷ്യൻ കണ്ടെത്തിയ ശാസ്ത്രം വിജയിക്കണമെങ്കിലും ചലിക്കണമെങ്കിലും ഇത്തരം ഗോളാന്തരീയമായ ക്രമീകരണം ആവശ്യമാണ്.. അപ്പോൾ ശാസ്ത്രത്തിന്റെ പേരിൽ അഹങ്കരിക്കുന്നതിന്ന് പകരം നാമും നമ്മുടെ പ്രപഞ്ചവും സ്രഷ്ടാവായ ദൈവത്തിന്റെ കേവലം ഒരു സൃഷ്ടി മാത്രമാണ് എന്ന യുക്തിസഹവും വിനീതവും നന്ദിപൂർണ്ണമായ അവബോധത്തിലേക്ക് നാം വരുകയല്ലേ വേണ്ടത്?

## സ്രഷ്ടാവായ ദൈവത്തിന്റെ ഗുണങ്ങൾ

അല്ലാഹുവിനെ സ്രഷ്ടാവായി പരിചയപ്പെടുത്തുന്ന വിശുദ്ധ ഖുർആൻ ദൈവത്തിന്ന് നൽകുന്ന ഗുണവിശേഷണങ്ങൾ ശ്രദ്ധേയമാണ്. **ഒന്നാമതായി** ദൈവം സർവ്വ വസ്തുക്കളുടെയും (ആകാശ ഭൂമികളുടെ അതായത് സർവ്വ പ്രപഞ്ചങ്ങളുടെയും) സ്രഷ്ടാവാണ് എന്നാണ് ഖുർആൻ പറയുന്നത്. മനുഷ്യൻ ഭൂമിയുടെ ആവാസ വ്യവസ്ഥയിൽ രൂപപ്പെട്ട ഒരു ഭൗമജീവി ആയത് കൊണ്ട് മനുഷ്യന്റെ പ്രഞ്ചവീക്ഷണത്തിൽ നിന്നും ഈ ഭൗമ സ്വാധീനം മാറ്റിക്കളയാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് പ്രപഞ്ചത്തെ പരാമർശിക്കുമ്പോൾ ഖുർആൻ ആകാശഭൂമി എന്ന പ്രയോഗം നടത്തുന്നത്. **രണ്ടാമതായി** ദൈവം ഒന്നുമില്ലായ്മയിൽ നിന്നും സൃഷ്ടിക്കുന്നവനാണ്. **മൂന്നാമതായി** ദൈവം മുൻ മാതൃകയില്ലാതെ സൃഷ്ടിച്ചവനാണ്. **നാലാമതായി** ദൈവത്തിന്ന് എല്ലാറ്റിനെപറ്റിയും സമ്പൂർണ്ണ ജ്ഞാനമുണ്ട്. **അഞ്ചാമതായി** അവൻ സൃഷ്ടി ആരംഭിക്കുകയും അവൻതന്നെ സൃഷ്ടിച്ച പ്രകൃതിയിൽ നിലനിൽക്കുന്ന നിയമമനുസരിച്ച് പുനരുൽപ്പാദിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരം ഗുണങ്ങളെല്ലാമുള്ള ഒരു ശക്തിക്കേ സ്രഷ്ടാവ് എന്ന പദവിക്കുള്ള യോഗ്യതയുള്ളൂ എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ദൈവത്തെ പറ്റി എത്ര യുക്തിസഹമായ വിവരണം!!. ഈ അർത്ഥങ്ങളെല്ലാം വരുന്ന ആശയങ്ങൾ ഹ്രസ്വവും അർത്ഥഗർഭിതവുമായ രീതിയിൽ ഖുർആനിക വചനങ്ങളിൽ സംക്ഷേപിച്ചിരിക്കുന്നു. ശാസ്ത്രത്തിന്ന് ഒരിക്കലും സ്രഷ്ടാവിന്റെ ഈ ഗുണങ്ങൾ സമാർജ്ജിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് സ്രഷ്ടാ

വ് എന്ന ഗുണത്തിന്ന് ഒരിക്കലും ശാസ്ത്രം അർഹമാവുന്നില്ല. വിശുദ്ധ ഖുർആൻ പറയുന്നു:

**മുൻ മാതൃകകളില്ലാതെ (ബദീഹു:) ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിച്ചവനത്രെ അവൻ ഒരു കാര്യം അവൻ തീരുമാനിച്ചാൽ അതിനെ സംബ ന്ധിച്ച് ഉണ്ടാവുക എന്ന് മാത്രം പറയുന്നു. അപ്പോൾ അതുണ്ടാവു ന്നു. (2:118) ആകാശങ്ങളെയും ഭൂമിയേയും മുൻ മാതൃകകളില്ലാ തെ സൃഷ്ടിച്ചവ (ബദീഅ്)നത്രെ അവൻ ....എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിച്ചിരിക്കുന്നു. സർവ്വ വസ്തുക്കളെയും സംബന്ധിച്ചും അവൻ നല്ലത് പോലെ അറിവുള്ള വനാകുന്നു. (6:102) തീർച്ചയായും അവൻ സൃഷ്ടി ആരംഭിക്കുകയും പിന്നീട് അതിനെ പുനരുൽപ്പാദി പ്പിക്കുകയും ചെയ്യുന്നു. (10:5)**

## പ്രപഞ്ച സൃഷ്ടി: ഖുർആനിലെ സൂചനകൾ

ഖുർആൻ ഒരു ശാസ്ത്രഗ്രന്ഥ മല്ല. അത് പ്രാഥമികമായി ദൈവ ത്തെ അറിയാനും ആരാധിക്കാനുമു ള്ള സന്മാർഗ്ഗം പ്രദാനം ചെയ്യുന്ന ഗ്രന്ഥമാണ്. നൂറ്റാണ്ടുകളോട് സംവദിച്ച വിശുദ്ധ ഖുർആൻ പല വിധത്തിലും വ്യാഖ്യാനിക്കപ്പെട്ട തുമാണ്. ശാസ്ത്രം എന്നത് പ്രകൃതിയെ അനുകരിച്ചുള്ള മനുഷ്യനിർമ്മിതിയാണ്. ശാസ്ത്ര വിജ്ഞാനത്തിലുള്ളത് പോലെ ഖുർആനിൽ കേവലമായ പ്രസ്താവനകളും ശുഷ്ക്കമായ സമവാക്യങ്ങളും വസ്തുതാ വിവര ണങ്ങളും കാണില്ല. വിശാലമായ അർത്ഥ ശേഷിയുള്ള അറബി ഭാഷയിൽ അവതരിച്ച ഖുർആന്റെ വചനങ്ങൾ ദാർശനിക പ്രാധാന്യ മുള്ളതും നിരവധി വിജ്ഞാന തലങ്ങളിൽ വായിക്കപ്പെടാവുന്നതു മാണ്. ഖുർആനും പ്രപഞ്ചവും ഒരേ സ്രോതസ്സിൽ നിന്നുള്ളതാക യാൽ യഥാർത്ഥ ശാസ്ത്രത്തെ പറ്റിയുള്ള സ്പുരണങ്ങളും സൂചന കളും വിശുദ്ധ ഖുർആനിലുടനീളം കാണാം. പ്രപഞ്ചത്തിൽ നിന്നും നാം ശാസ്ത്രം ഖനനം ചെയ്ത് കണ്ടെത്തുന്നത് പോലെ, പ്രപഞ്ച സമാനമായ വിശുദ്ധ ഖുർആനിൽ ഗവേഷണം ചെയ്തും അഗാതമായി ചിന്തിച്ചും അനുവാചകന്ന് പ്രാപഞ്ചിക യഥാർത്ഥ്യങ്ങളും സത്യവും കണ്ടെത്താവുന്നതാണ്. അങ്ങനെ ചെയ്യാനാണ് ഖുർആൻ അനുവാചകനോടുള്ള ആഹ്വാന വും ചെയ്യുന്നത്. **നാം നിനക്ക് അവതരിപ്പിച്ചു തന്ന അനുഗ്രഹീത ഗ്രന്ഥമാണിത് അവർ ഇതിലെ വചനങ്ങൾ ചിന്തിച്ചു മനസ്സിലാക്കു വാനും ബുദ്ധിമാന്മാർ ഉപദേശം കരസ്ഥമാക്കുവാനും വേണ്ടി. (38:30) ഏഴാകാശങ്ങൾ ക്രമമായി സൃഷ്ടിച്ചവനാണവൻ. പരമകാരു ണികനായ അല്ലാഹുവിന്റെ സൃഷ്ടി കർമ്മത്തിൽ ഒരുക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കു ക. വല്ല വിടവും കാണുന്നുണ്ടോ?. ഇനിയും രണ്ടുപ്രാവശ്യം കണ്ണോടി ച്ചുനോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ചുകൊണ്ട് നിന്നിലേക്ക് തിരിച്ചുവരും. (67:4,5)**

പ്രപഞ്ച സൃഷ്ടിയെ പറ്റി ആധുനിക ശാസ്ത്രം പറയുന്ന സിദ്ധാന്തമാണ് മഹാവിസ്പോടന സിദ്ധാന്തം. (ബിഗ് ബാങ്ങ് തിയറി). സിംഗുലാരിറ്റി എന്ന പ്രാഥമികമായ പ്രപഞ്ച ദ്രവ്യത്തിൽ നിന്നും ഒരു പൊട്ടിത്തെറിയിലൂടെ വികസിച്ചാണ് ഈ പ്രപഞ്ചം നിലവിൽ വന്നതെന്ന് ബിഗ്ബാംങ്ങ് സിദ്ധാന്തം പറയുന്നു. പ്രപഞ്ചോൽഭവത്തിന്ന് കാരണമായ പ്രതിഭാസത്തെ ബിഗ് ബാംങ്ങ് അഥവാ മഹാവിസ്പോടനം എന്ന പദം നൽകിയാണ് ശാസ്ത്രം ഈ പ്രതിഭാസത്തെ വിശേഷിപ്പിക്കുന്ന ത്. പ്രപഞ്ചത്തിൽ ആദിയിലുണ്ടായ ഈ മഹാ സംഭവത്തെ വിശേഷിപ്പി ക്കാൻ ശാസ്ത്രം തിരഞ്ഞെടുത്ത ഈ പദം തന്നെ അതിസങ്കീർണ്ണവും ജ്ഞാനസമ്പൂർണ്ണവുമായ ആ പ്രതിഭാസത്തിന്റെ ഉള്ളടക്കവും അർത്ഥ പൂർണതയും പ്രകാശിപ്പി ക്കാൻ പര്യാപ്തമല്ല. ആ പദത്തിന്ന് പിന്നിൽ തന്നെ ഒരു ചരിത്രമുണ്ട്. സ്പോടനം, പൊട്ടിത്തെറി (Explosion, Big Bang) എന്നീ അർത്ഥ ങ്ങൾ വരുന്ന മഹാവിസ്പോടനം എന്ന പേര് ഈ സിദ്ധാന്തം അവതരിപ്പിക്കപ്പെട്ട കാലത്ത് തന്നെ രൂപംകൊണ്ടതാണ്. 1949 ൽ ബി ബി സി യിൽ നടന്ന ഒരു റേഡിയോ പ്രഭാഷണത്തിൽ ആ സിദ്ധാന്തത്തി ന്റെ വിമർശകനായ പ്രഗത്ഭ ബ്രിട്ടീഷ് ജ്യോതിശാസ്ത്രജ്ഞൻ ഫ്രെഡ് ഹോയൽ അതിനെ പരിഹസിക്കാനാണ് ബിഗ് ബാംങ്ങ് എന്ന പദം ആദ്യമായി ഉപയോഗിച്ച ത്. വിസ്പോടനം എന്നത് സമമിത മായ(Symmetrical) ഒരു വ്യവസ്ഥ യിൽ നിന്നും അവ്യവസ്ഥയിലേക്ക് അല്ലെങ്കിൽ ക്രമരാഹിത്യ (Disorder) ത്തിലേക്കുള്ള മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. ഉദാഹരണത്തിന്ന് ഒരു ഗ്ലാസ്സിന്റെ സമമിതമായ നിർമ്മിതരൂപഘടന പൊട്ടിചിതറ ലിന്ന് ശേഷം ക്രമരഹിതമായി തീരുന്നത് പോലെയുള്ള അർത്ഥമാ ണ് മഹാവിസ്പോടനം സൂചിപ്പിക്കു ന്നത്. വാസ്തവത്തിൽ മഹാ വിസ്പോടനത്തിന്ന് ശേഷം പ്രപഞ്ച ത്തെ ഭരിക്കുന്ന സുദൃഢമായ അടിസ്ഥാന ബലങ്ങളുടെയും കണങ്ങളുടെയും നിയമങ്ങളും എണ്ണമറ്റ ഗോള വ്യവസ്ഥകളും സംജാതമായി. ഭൂമിയിൽ മനുഷ്യ നെപ്പോലെ വ്യവസ്ഥാപിതമായ ജൈവരൂപങ്ങളും സസ്യജാലങ്ങ ളും ആവാസ വ്യവസ്ഥയും സ്ഥാപിക്കപ്പെടുകയാണ് ചെയ്തത്. ഈ പ്രതിഭാസത്തെ സ്പോടനം എന്ന വാക്ക് കൊണ്ട് വിശേഷി പ്പിക്കുന്നതിലെ യുക്തിരാഹിത്യം തുറന്നു കാട്ടാനാണ് ഇത് പരാമർശിച്ചത്. ഖുർആൻ ഈ പ്രതിഭാസത്തെ സംബന്ധിച്ച് ഉചിതമായ പദങ്ങളുപയോഗിച്ച് വിവരിക്കുന്നത് കാണുക.

***വിശ്വാസികൾ കാണുന്നില്ലേ, ആകാശവും ഭൂമിയും സംഘനിത മായ ഒരു പിൺഡ(രത്ഖൻ) മായിരുന്നു. പിന്നീട് നാം അതിനെ പിളർത്തുകയും (ഫത്ഖൻ) ചെയ്തു. ജീവനുള്ള എല്ലാറ്റിനേ യും നാം ജലത്തിൽ നിന്നും ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് അവർ വിശ്വസിക്കുന്നില്ലേ (21:31)***

'രത്ഖൻ' (സംഘനിത പിണ്ഡം) ഫത്ഖൻ (പിളർത്തൽ, വിഭേദനം) എന്നീ രണ്ട് പദങ്ങളാണ് ഇവിടെ ഖുർആൻ ആദിമ പ്രപഞ്ചാവസ്ഥയെ വിവരിക്കാൻ ഉപയോഗിക്കുന്നത്. 'രത്ഖൻ'എന്ന അറബി പദത്തിന്റെ അർത്ഥം ഏതെങ്കിലും വസ്തുക്കൾ കൂടി ചേർന്ന് സംയോജിച്ച് (Infusion) തുടർന്ന് ഒന്നായി സാന്ദ്രീകൃതമാവുന്നതിനെ സൂചിപ്പിക്കുന്നു. (Coming together of something and consequent infusion into a single entity) 'രത്ഖൻ' എന്ന പദത്തിന്ന് സമ്പൂർണ്ണമായ ഇരുട്ട് എന്നും അർത്ഥമുണ്ട്. രത്ഖൻ എന്ന പദം ബ്ലാക്ക് ഹോൾ പോലെ അതിസാന്ദ്രമായ ഒരു ബിന്ദുവിൽനിന്നുമാണ് പ്രപഞ്ചം പൊട്ടി വിടർന്നതെന്ന സൂചന നൽകുന്നു. രണ്ടാമത്തെ 'ഫത്ഖൻ' എന്ന പദം പിളരുക, പൊട്ടി വിടർന്ന് വികസിക്കുക, വിഭേദനം, വിടർന്നകലുക മുതലായ അനേകം അർത്ഥങ്ങളിൽ ഉപയോഗിക്കപ്പെടുന്നു. കുടുതൽ അർത്ഥഗ്രഹണത്തിന്ന് E.W. Lane ന്റെ Arabic English Lexicon എന്ന ആധികാരിക അറബി നിരുക്തനിഖണ്ഡു നോക്കുക.

ബിഗ് ബാംങ്ങ് അഥവാ മഹാവിസ്ഫോടനത്തിന്ന് ശേഷം പ്രപഞ്ചം വികസിക്കുകയാണുണ്ടായത്. ഏകദേശം 13 ആയിരം കോടി വർഷങ്ങൾക്ക് മുമ്പ്, ഈ ബൃഹദ് പ്രപഞ്ചം ഒരു ബിന്ദുവിൽ അതിസാന്ദ്രമായി നിന്നിരുന്ന ഘട്ടത്തിലാണ് മഹാ വിസ്ഫോടനം സംഭവിച്ചത്. അപ്പോൾ ഊഷ്മാവ് അനന്തമാനത്തിൽ ആയിരുന്നു. ഈ അവസ്ഥയിൽ ഏകോപിച്ചു നിന്ന അടിസ്ഥാന ബലങ്ങൾ സ്ഫോടനം കഴിഞ്ഞ് തൊട്ടടുത്ത നിമിഷത്തിൽ പ്രപഞ്ചം കുറച്ച് തണുത്തപ്പോൾ നാല് അടിസ്ഥാന ബലങ്ങളായി പിരിയുകയും പ്രപഞ്ചം വികസിക്കുന്നതോടൊപ്പം കാലക്രമേണ അവ സൂക്ഷ്മകണങ്ങളും ആറ്റങ്ങളും മൂലകങ്ങളും പദാർത്ഥങ്ങളും മുതൽ ഗോളവ്യവസ്ഥകൾ വരെ രൂപം കൊള്ളുകയും അങ്ങനെ വികസിക്കുന്ന ബൃഹദ് പ്രപഞ്ചം നിലവിൽ വരികയുമുണ്ടായി. മഹാവിസ്ഫോടനത്തിന്ന് ശേഷം വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചത്തെപറ്റി വിശുദ്ധ ഖുർആൻ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്. ***'ആകാശത്തെ നമ്മുടെ ശക്തി കൊണ്ട് (അയ്ദിൻ) നാം സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിച്ചുകൊണ്ടിരിക്കുന്നവനാണ്. (മൂസിഊൻ)'(51:48)***

## അനന്തത: ഭൗതിക ശാസ്ത്രത്തിലെ ഒരു പ്രതിസന്ധി

പ്രപഞ്ചം അഥവാ പദാർത്ഥവും അതിനെ ഭരിക്കുന്ന നിയമങ്ങളും എങ്ങനെ അസ്തിത്വത്തിൽ വന്നു? ആധുനിക കാലത്ത് ബിഗ്ബാംങ്ങ് തിയറിയാണ് പ്രപഞ്ചോത്ഭവത്തിന്ന് തെളിവുകളോടുകൂടി ശാസ്ത്രം അവതരിപ്പിക്കുന്ന യുക്തമായ ഒരു സിദ്ധാന്തം എന്ന് പറഞ്ഞുവല്ലോ. പ്രപഞ്ചം വികസിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ അതിന് ഒരു തുടക്കം ഉണ്ടായിരിക്കണം. ആ തുടക്കത്തിലുണ്ടായിരുന്ന പ്രപഞ്ച ദ്രവ്യം എന്താണ്? അത് എങ്ങനെ ഉണ്ടായി? അതിന്റെ അവസ്ഥ എന്ത്? എന്നുള്ളതൊക്കെയാണ് പ്രപഞ്ചോത്ഭവത്തെ കുറിച്ചുള്ള മൗലികമായ ചോദ്യം. ആ പ്രപഞ്ച ദ്രവ്യം സിംഗുലാരിറ്റി എന്ന ബിന്ദുവിൽ നിന്നാണ് ഉത്ഭവിച്ചത് എന്നാണ് ശാസ്ത്ര സങ്കൽപ്പം.

നമ്മുടെ പ്രപഞ്ചത്തിന്റെ വലിപ്പവും പ്രായവും നമ്മുടെ ഭാവനക്കതീതമാണ്. പ്രപഞ്ചം അതിൽ ഉള്ളടങ്ങിയ സ്ഥലം, സമയം, ഗാലക്സികൾ, നക്ഷത്രങ്ങൾ, ഗോളങ്ങൾ നെബുല്ലകൾ, നക്ഷത്രാന്തര വാതകങ്ങൾ മുതലായ എല്ലാ പ്രപഞ്ച വസ്തുക്കളും ഊർജ്ജവും ഉൾക്കൊള്ളുന്നതാണ്. വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചത്തിന്റെ വലുപ്പം 93 ശതകോടി പ്രകാശവർഷമാണെന്നും കണക്കാക്കുന്നു. (പ്രകാശം ഒരു സെക്കന്റിൽ 3 ലക്ഷം കിലോമീറ്റർ സഞ്ചരിക്കുന്നു എന്നോർക്കുക) ഇങ്ങനെയുള്ള ഈ ബൃഹദ് പ്രപഞ്ചം ഒരു കണത്തിൽ നിന്നും ആരംഭിച്ചുവെന്നാണ് ശാസ്ത്രം പറയുന്നത്. ആ കണബിന്ദുവാണ് സിംഗുലാരിറ്റി. സിംഗുരാലാരിറ്റി എന്ന മനുഷ്യഭാവനക്കതീതമായ അവസ്ഥ വിവരിക്കാൻ ശാസ്ത്രത്തിന്ന് അഭികാമ്യമല്ലാത്ത അനന്തതകളിലാണ് അഭയം തേടിയിരിക്കുന്നത്. ഇതായിരുന്നു ശാസ്ത്രം അഭിമുഖീകരിച്ചിരുന്ന പ്രതിസന്ധി.

പ്രപഞ്ചത്തിലെ സ്ഥലവും ദ്രവ്യവും മുഴുവൻ പൂജ്യം അളവിൽ അഥവാ അനന്തമായി ഒരു ബിന്ദുവിൽ സംഘനിക്കപ്പെട്ട് സിംഗുലാരിറ്റിയായി നിന്നു. അതിൽ ഗുരുത്വബലവും അനന്തമാണ്. മറ്റു മൂന്ന് അടിസ്ഥാന ബലങ്ങളും ഈ അനന്തതയിൽ ചുരുണ്ടുകൂടി ഒളിഞ്ഞിരിക്കുന്നു. സമയം വസ്തുവിന്റെ ഒരു ഗുണമായത് കൊണ്ട് അവിടെ സമയം എന്ന പ്രതിഭാസവും ആരംഭിച്ചിട്ടില്ല. എന്നെല്ലാം ശാസ്ത്രം തെളിവുകളോടെ സിദ്ധാന്തങ്ങളാവിഷ്ക്കരിച്ചു. പക്ഷേ പ്രപഞ്ചോൽപത്തി വിഷയത്തെ ശാസ്ത്രം വിശ്വാസ സങ്കൽപ്പങ്ങളിലുള്ളത്പോലെ ഭൗതികമായി തെളിയിക്കാൻ കഴിയാത്ത അനന്തം എന്ന പരികൽപ്പനയെ അടിസ്ഥാനമാക്കിയാണ് ആവിഷ്ക്കരിച്ചത്. ഈ അനന്തത ഭൗതിക ശാസ്ത്രത്തെ ആശയക്കുഴപ്പത്തിലാക്കുന്ന ഒരു പ്രഹേളികയാണെന്ന വസ്തുതയെ പ്രസിദ്ധ ഭൗതിക ശാസ്ത്ര്ജ്ഞൻ പോൾ ഡിറക്കിനെ ഉദ്ദരിച്ച് അമേരിക്കൻ സയിന്റിസ്റ്റിൽ വന്ന ലേഖനം ഇവിടെ ഉദ്ദരിക്കാം.

*1980 ൽ നോബേൽ സമ്മാന ജേതാവ് പോൾ ഡിറക്ക്(Paul Dirac) പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ സൈദ്ധാന്തികൻ എഡ്വിറ്റനോട് (Ed Witten) പറയുകയുണ്ടായി. ഭൗതിക ശാസ്ത്രത്തിലെ ഏറ്റവും വലിയ വെല്ലുവിളി അനന്തതയിൽ*

*നിന്നുള്ള മോചനമാണ് (To get rid of infinity) ക്വാണ്ടം ഇലക്ട്രോ ഡൈനാമിക്സും ക്വാണ്ടം ഗ്രാവിറ്റി സിദ്ധാന്തങ്ങൾ ഉൾപ്പെടെയുള്ള ചില അതിമനോഹരങ്ങളും ആകർഷകവുമായ ഭൗതിക സിദ്ധാന്തങ്ങൾ സൈദ്ധാന്തികന്മാർ അവരുടെ കണക്ക് കൂട്ടലുകൾ പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുമ്പോൾ ദശാബ്ദങ്ങളായി അനന്തത വിലങ്ങു തടിയായി നിൽക്കുന്നു. അത്യന്തം വിഷമകരമായ ഈ അനന്തതയിൽ നിന്നുമുള്ള മോചന ശ്രമം ഈ രംഗത്ത് പുതിയ സിന്താന്തങ്ങൾ ആവിഷ്ക്കരിക്കുന്നതിനേക്കാൾ ശ്രമകരമാണ് ....*

*ഇലക്ട്രോൺ നിരീക്ഷിത പിണ്ഡത്തിലും ചാർജ്ജിലും കയറി വരുന്ന അനന്തത എന്ന പ്രശ്നം ഏകദേശം രണ്ട് ദശാബ്ദങ്ങളുടെ ശ്രമഫലമായി Renormalisation (ക്വാണ്ടം കാൽക്കുലേഷനിൽ അനന്തത ഒഴിവാക്കാൻ സമവാക്യങ്ങളെ പുനർ നിർവ്വചിച്ച് അളവുകൾ നൽകുന്ന രീതിയാണ് റീനോർമലൈസേഷൻ) എന്ന പ്രക്രിയയിലൂടെ രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം പരിഹരിക്കപ്പെട്ടു. അതായത് അനന്തതയെ അതിന് ശേഷം സൗകര്യപൂർവ്വം അവഗണിച്ചു. 1965ൽ ഈ കണ്ടു പിടുത്തം നടത്തി ജൂലിയൻ ഷിങ്ങറിനോടും സിൻ ഇറ്റിത്രോയുമായി നോബേൽ സമ്മാനം പങ്കിട്ട റിച്ചാർഡ് ഫേയൻമാൻ (Richard Feynman) ഈ സൂത്രപണിയെ പറ്റിവിശേഷിപ്പിച്ചത് അനന്തതയെ പരവതാനിക്കുള്ളിൽ ഒളിപ്പിച്ചിരിക്കുകയാണ് എന്നാണ്. (Tackling Infinity, BY Michael Riordan, AMERICAN SCIENTIST, January- February 2012)* അപ്പോൾ ഭൗതിക ശാസ്ത്രത്തിൽ പ്രപഞ്ച സൃഷ്ടിയിലെ അനന്തത സംബന്ധിച്ച മൗലിക പ്രശ്നം പരിഹൃതമാവാതെ നിൽക്കുന്നു. വാസ്തവത്തിൽ ഈ അനന്തത ദൈവ സൃഷ്ടിയിലെ ഒരു രഹസ്യമാണ്. ഭൗതിക ശാസ്ത്രത്തിന്ന് അതീതമായ പ്ക്രിയയാണ്.

## സൃഷ്ടിപ്പിലെ പ്രഹേളിക: വാഗ്ദത്ത മസീഹ് വിശദീകരിക്കുന്നു

ദൈവമാണ് ഈ പ്രപഞ്ചം സൃഷ്ടിച്ചത്. ദൈവത്തിന്റെ ഒരു ഗുണം ഒന്നുമില്ലായ്മയിൽ നിന്നും സൃഷ്ടിക്കുന്നവൻ എന്നാണ്. ഈ സൃഷ്ടിരഹസ്യം ദൈവസംബന്ധിയായ ഒരു വിശ്വാസ കാര്യം കൂടിയാണ്. ഭൗതിക ശാസ്ത്രം പ്രപഞ്ചോത്ഭവത്തെ കുറിച്ച് നിർവ്വചനങ്ങളും സിദ്ധാന്തങ്ങളും ആവിഷ്ക്കരിക്കുമ്പോൾ ഉയർന്നു വരുന്ന അനന്തത സൃഷ്ടിപ്പിലുള്ള ദൈവത്തിന്റെ കൈയ്യൊപ്പിന്റെ സൂചനയാണ്. അനന്തതകളെ കൂട്ടുപിടിച്ച് പ്രപഞ്ചോത്ഭവത്തിന്ന് ഉത്തരം കാണാൻ ശ്രമിക്കുന്നത് ഒരു ഭൗതികമായ പരിഹാരമല്ല. പ്രശ്നത്തിന്റെ കാതൽ ഒന്നുമില്ലായ്മയിൽ നിന്നും സൃഷ്ടിക്കുക എന്ന ഈ രഹസ്യം ഭൗതിക വിജ്ഞാനത്തിന്റെ സീമകൾക്കതീതമായ ഒരു യഥാർത്ഥ്യമാണ് എന്നതാണ്. വിശുദ്ധ ഖുർആൻ നൽകുന്ന സൂചനകളെ അടിസ്ഥാനമാക്കി ഇക്കാലത്ത് ദൈവിക വെളിപാടുകൾകൊണ്ട് അനുഗ്രഹീതനും ഹദ്റത്ത് മുഹമ്മദ് നബി (സ) യുടെ ശിഷ്യനും വാഗ്ദത്ത മസീഹുമായ ഹദ്റത്ത് അഹ്മദ് (അ) ശാസ്ത്ര പ്രബുദ്ധമായ ഇക്കാലത്തെ വിശ്വാസികളെ അഭിസംബോധന ചെയ്ത് ഈ യഥാർത്ഥ്യം വിശദീകരിക്കുന്നത് കാണുക.

**അസ്തിത്വം ഇല്ലാത്ത അവസ്ഥയിൽ നിന്നും അഥവാ ഒന്നുമില്ലായ്മയിൽ നിന്നും സൃഷ്ടിക്കുക എന്നത് മനുഷ്യഗ്രാഹ്യതക്ക് അതീതമായ കാര്യമാണ്. സാമാന്യ ബുദ്ധിയുള്ള മനുഷ്യന്ന് അസ്വീകാര്യമായ ഒരു പ്രതിഭാസമാണ്. ഞാൻ ചൂണ്ടിക്കാണിക്കുന്നത് വ്യാജവും വികലവുമായ യുക്തി ബോധം ബാധിച്ച ആളുകൾ ദൈവത്തിന്റെ അസ്തിത്വത്തിൽ പോലും വിശ്വസിക്കുന്നില്ല, എന്നാൽ വിവേകപൂർണ്ണമായ യുക്തിബോധമുള്ള ഒരാൾ ദൈവസങ്കൽപ്പത്തിന്നാധാരമായ എല്ലാ ദൈവിക ഗുണങ്ങളിലും വിശ്വസിക്കാൻ ബാദ്ധ്യസ്ഥനാണ്. സർവ്വശക്തനും സർവ്വാധികാരിയുമായ ദൈവത്തിന്റെ സുപ്രധാനമായ ഗുണങ്ങളിൽ വിശ്വസിക്കുന്ന ഒരാൾക്ക് ദൈവത്തിന്റെ കഴിവുകൾക്ക് ഒരു പരിധികൽപ്പിക്കാൻ സാദ്ധ്യമല്ല. അവന്റെ വികലമായ യുക്തികൊണ്ട് ദൈവത്തിന്റെ കഴിവുകളെ അളക്കാൻ ശ്രമിക്കുന്നതും ശരിയല്ല. അനന്തനായ ദൈവത്തിന്റെ കഴിവുകൾക്ക് പരിധി കൽപ്പിക്കുന്നതും ശരിയല്ല. അതിനേക്കാളുപരി വിവേക ശാലിയായ ഒരു വ്യക്തി സർവ്വശക്തനായ ദൈവം അവന്റെ അസ്തിത്വത്തിൽ അതിമഹിതമായ അത്ഭുതങ്ങൾ ഉള്ളടങ്ങിയവനാണെന്നും അവൻ നമ്മുടെ ധാരണാശക്തിക്കതീതനാണെന്നും അറിയുന്നു. അവൻ കണ്ണില്ലാതെ കാണുന്നു. കാതില്ലാതെ കേൾക്കുന്നു നാവില്ലാതെ സംസാരിക്കുന്നു....... അത്തരത്തിൽ ഒന്നുമില്ലായ്മയിൽ നിന്നും സൃഷ്ടി നടത്താൻ കഴിയുന്ന സർവ്വശക്തനായ ഒരു അല്ലാഹുവിൽ വിശ്വസിക്കാൻ വിവേകശാലിയായ ഒരു വിശ്വാസിക്ക് യാതൊരു സന്ദേഹവുമില്ല. അതാണ് ദൈവത്വം അതുകൊണ്ടാണ് അവനെ സർവ്വശക്തനും സർവ്വാധികാരിയും സർവ്വവിധേയമായ ആത്യന്തിക കഴിവുകളുടെ അധികാരി എന്ന് വിളിക്കുന്നത്. (സുറുമെ ചശ്മെ ആര്യ, റൂഹാനി ഖസായിൻ വാ: 2 പേജ് 163)**

ദൈവത്തിന്റെ വചനത്താൽ സൃഷ്ടി അസ്തിത്വത്തിൽ വരുന്നത് റുബൂബിയത്തിന്റെ സമസ്യകളിൽ പെട്ടതാണ്. സൃഷ്ടി എന്നത് ദൈവവചനത്തിന്റെ പ്രതിഫലനമാണെന്ന അർത്ഥത്തിൽ മനസ്സിലാക്കേണ്ടതാണ്. അല്ലെങ്കിൽ ദൈവത്തിന്റെ വചനംതന്നെ അവന്റെ ശക്തിയാൽ സൃഷ്ടിയായി രൂപാന്തരണം സംഭവിക്കുന്നതാണെന്ന് കരുതണം. വിശുദ്ധ ഖുർആന്റെ ഈ

ശേഷം പേജ് 42 ൽ

# റമദാൻ: ആത്മീയ പരിശീലനത്തിന്റെ പണിപുര

മനുഷ്യന്റെ ആത്മീയ നില സമുന്നതവും സംശുദ്ധവുമാക്കാൻ നിരവധി സൂക്ഷ്മമായ ദൈവിക പദ്ധതികളും കർമ്മങ്ങളും ഉള്ളടങ്ങിയ അനുഗ്രഹീത മാസമാണ് റമദാൻ.

മുനവ്വർ അഹ്മദ്, തിരുവനന്തപുരം

**വിശ്വാസികളെ! നിങ്ങൾക്കു മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതു പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ (ധാർമികവും ആത്മീയവുമായ ന്യൂനതകളിൽ നിന്നു സുരക്ഷിതരാകുംവിധം) ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി. (വിശുദ്ധ ഖുർആൻ 2:184)**

സൗം എന്ന വാക്കിന്റെ അർത്ഥം തടഞ്ഞു നിർത്തുക, ഉപേക്ഷിക്കുക, വർജ്ജിക്കുക എന്നൊക്കെയാണ് സൗം എന്ന വാക്ക് വ്രതാനുഷ്ഠാനത്തിനും ഉപയോഗിച്ചിട്ടുണ്ട് ആ അർത്ഥത്തിലാണ് ഈ ആയത്തിൽ ഈ വാക്ക് വന്നിട്ടുള്ളത് ഇവിടെ **"കമാ കുത്തിബാ"** എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മുൻ സമുദായങ്ങളിൽ ഉണ്ടായിരുന്ന വ്രതാനുഷ്ഠാനരീതി അല്ല മറിച്ച് നിർബന്ധ ഇബാദത്ത് എന്ന നിലക്കാണ് ഈ പ്രയോഗം ഇവിടെ വന്നിട്ടുള്ളത്. വ്യത്യസ്ത രീതിയിലുള്ള വ്രതാനുഷ്ഠാനങ്ങൾ മുൻകാല മതങ്ങളിൽ നിലനിന്നിരുന്നു എന്നത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതിന്റെ പല വ്യത്യസ്ത രൂപങ്ങൾ ഇന്നും അവരിൽ കണ്ടുവരുന്നുണ്ട്. **"ലഅല്ലകും തത്തക്കൂൻ"** എന്ന പ്രയോഗം പഠിപ്പിക്കുന്നത് നിങ്ങൾ സൂക്ഷ്മത പാലിക്കുന്നവരാകാൻ വേണ്ടി അല്ലെങ്കിൽ നിങ്ങൾ രക്ഷപ്പെടുന്നതിന് വേണ്ടി എന്നൊക്കെയാണ്. നോമ്പ് സൂക്ഷ്മത പാലിക്കുന്നവർക്കുള്ള ട്രെയിനിങ്ങാണ് നൽകുന്നത്. ട്രെയിനിങ്ങ് എന്നു പറയുമ്പോൾ നമുക്കെല്ലാവർക്കും ഓർമ്മവരുന്നത് പട്ടാളത്തിലും പോലീസിലും അഗ്നിശമനസേനയിലുമൊക്കെ കാണുന്ന പരിശീലനമാണ്. എന്നും കായികക്ഷമതയുള്ളവരായി ഇവരെ നിലനിർത്താൻ പലതരത്തിലുള്ള ട്രെയിനിങ്ങുകൾ ഇവർക്ക് നൽകുന്നു. ചിലപ്പോൾ യുദ്ധസമാനമായ അന്തരീക്ഷം സൃഷ്ടിച്ച് യുദ്ധത്തെ നേരിടാനുള്ള ക്ഷമതയും നേടിക്കൊടുക്കുന്നു. ഇതുപോലെതന്നെ മറ്റിതര ഓഫീസുകളിലും വർഷത്തിൽ ഒന്നോ രണ്ടോ തവണ അവരുടെ ഓഫീസ് വർക്കുകൾ സുഖമായി മുന്നോട്ടു പോകാൻ പലവിധത്തിലുള്ള ട്രെയിനിങ്ങുകൾ, വർക്ക് ഷോപ്പുകളും മറ്റും സംഘടിപ്പിച്ചു വരുന്നു. ഇപ്രകാരം ഇസ്ലാമിൽ ഒരു മാസം അനുവദനീയമായ കാര്യങ്ങളിൽ പരിമിതമായ വിലക്കുകൾ ഏർപ്പെടുത്തി അവന് സ്വഭാവശുദ്ധിയും ശരീരശുദ്ധിയും നേടിക്കൊടുക്കുന്ന ഒരു ഇബാദത്താണ് വ്രതാനുഷ്ഠാനം.

മേലുദ്ധരിച്ച ഈ ആയത്തിൽ നോമ്പിന്റെ പ്രാധാന്യത്തിലേക്കും പ്രതിഫലത്തിലേക്കുമാണ് ശ്രദ്ധ തിരിക്കുന്നത് എന്ന് ഖലീഫത്തുൽ മസീഹ് സാനി(റ) തഫ്സീർ കബീറിൽ പറയുന്നു. തുടർന്ന് വിശദീകരിക്കുന്നു. ഈ ആയത്തിൽ "തത്തകൂൻ" എന്ന് പറഞ്ഞതിന്റെ വിവക്ഷ 1: ദൈവപ്രീതിയും ദൈവസാമീപ്യവും നേടുന്നതിനും, ആത്മീയ നിർവൃതിക്കുമുള്ള മാർഗ്ഗമായ വ്രതാനുഷ്ഠാനം എന്ന ആരാധന ഇല്ലാത്ത നിങ്ങളുടെ മതം എന്ത് മതമാണ് എന്ന് പറഞ്ഞു മറ്റു മതങ്ങൾ ആക്ഷേപിക്കുന്നതിൽ നിന്ന് രക്ഷപ്പെടുന്നതിനാണ്. 2: **ഇത്തിക്കാ** എന്ന വാക്കിന് പരിചയായിത്തീരുക എന്നും അർത്ഥമുണ്ട്. ആയതിനാൽ അല്ലാഹു നോമ്പുകാരന് പരിചയായി തീർന്ന് അവന്റെ സംരക്ഷകനായി മാറുന്നു അങ്ങിനെ അവന്റെ മോക്ഷത്തിനുള്ള വഴിയൊരുക്കികൊടുക്കുന്നു. ആയതിനാൽ ഈ ആയത്തിന്റെ അർത്ഥം ഇങ്ങിനെ പറയാം നിങ്ങൾ അല്ലാഹുവിനെ പരിചയായി സ്വീകരിച്ചുകൊണ്ട് എല്ലാ തിന്മയിൽ നിന്നും രക്ഷ നേടുവാനും നന്മകൾ പാഴാക്കാതിരിക്കാനും വേണ്ടിയാണ് നിങ്ങൾക്ക് നോമ്പ് നിർബന്ധമാക്കിയിരിക്കുന്നത്. മനുഷ്യനിൽ രണ്ടു

തരത്തിലുള്ള ബലഹീനതകളാണ് കണ്ടു വരുന്നത് 1: അവൻ വല്ല ബുദ്ധിമുട്ടുകളിൽ അകപ്പെട്ടു പോകുന്നു 2: അവന്റെ നന്മകൾ കൊഴിഞ്ഞുപോയി കൊണ്ടിരിക്കുക. ഈ രണ്ട് ബലഹീനതകൾക്കുള്ള പരിഹാരം വ്രതാനുഷ്ഠാനവുമായാണ് ബന്ധിപ്പിച്ചിരിക്കുന്നത് എന്ന് നമ്മൾ തിരിച്ചറിയേണ്ടതാണ്. ആയതിനാൽ നമ്മൾ എല്ലാ നന്മകൾക്കും അവകാശിയായി തീരുന്നതിനും എല്ലാ തിന്മയിൽ നിന്നും അപമാനത്തിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും സംരക്ഷണപ്പെട്ടു നിൽക്കുന്നതിന്, മുത്തഖിയായി തീരേണ്ടതുണ്ട്.

വ്രതാനുഷ്ഠാനം ഒരു മതപരമായുള്ള സംവിധാനമാണെങ്കിലും അതിന് ആരോഗ്യ സംരക്ഷണവുമായി വലിയ ബന്ധമുള്ളതിനാൽ മറ്റൊരു അർത്ഥം നിങ്ങൾ ഭൗതികവും ആത്മീയവുമായി സംരക്ഷിക്കപ്പെടുന്നതിനായ് നോമ്പ് നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. ശരീരത്തിൽ ആവശ്യത്തിനേക്കാൾ കൂടുതൽ ലവണവും കൊഴുപ്പും അടിഞ്ഞുകൂടുന്നത് കൊണ്ടാണ് വാർദ്ധക്യവും ബലഹീനതയും അസുഖങ്ങളും വരുന്നതെന്ന് അടുത്തകാലത്ത് നടത്തിയ ചില പഠനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഖലീഫത്തുൽ മസീഹ് സാനി (റ) പറഞ്ഞത് തികച്ചും യാഥാർത്ഥ്യമാണ്. ശരീരത്തിലെ ധാതുലവണങ്ങളുടെ അളവിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യന്റെ ശാരീരിക മാനസിക ആരോഗ്യം നിലനിൽക്കുന്നത്. ഈ ആധുനിക കാലത്തിലെ ഭക്ഷണ രീതി മനുഷ്യന് പലതരത്തിലുള്ള രോഗങ്ങൾ സംഭാവന ചെയ്തു കൊണ്ടിരിക്കുകയാണ്. ഇതിൽ നിന്ന് രക്ഷപ്പെടാനായി ആളുകളുടെ ശരീരപ്രകൃതി അനുസരിച്ച് ഡോക്ടർമാർ പല രീതിയിലുള്ള ഡയറ്റിംങുകൾ നിർദ്ദേശിക്കുന്നു. വ്രതാനുഷ്ഠാനം എന്ന ഈ സമ്പ്രദായം മനുഷ്യന് ആത്മീയവും ശാരീരികവുമായ ഗുണങ്ങൾ നൽകുന്നു എന്ന യാഥാർത്ഥ്യം വിസ്മരിച്ചാണ് ഭൂരിപക്ഷമാളുകളും വ്രതമനുഷ്ഠിക്കുന്നത്. നിർബന്ധ നോമ്പുകൾക്ക് പുറമേ ഐഛികമായ നോമ്പുകളും ഇസ്‌ലാമിലുണ്ട്. തിങ്കൾ വ്യാഴം ദിവസങ്ങളിൽ നോമ്പെടുക്കുന്നത് സുന്നത്താണ്, സുന്നത്ത് നോമ്പുകൾ മനുഷ്യ ശരീരത്തിലെ അമിത ലവണങ്ങളെയും കൊഴുപ്പുകളെയും നിയന്ത്രിക്കുന്നതിന് ഉത്തമമാണ്, നോമ്പ് നമ്മുടെ എല്ലാ ആന്തരിക അവയവങ്ങൾക്കും ആരോഗ്യം പ്രദാനം ചെയ്യുന്നു എന്ന കാര്യം തെളിയിക്കപ്പെട്ടതാണ്. പ്രത്യേകിച്ച് കരളിൽ അടിഞ്ഞുകൂടിയിരിക്കുന്ന വിഷാംശങ്ങളും അമിത കൊഴുപ്പുകളും നോമ്പ് മുഖേന ഉരുകി ഇല്ലാതായിത്തീരുന്നു അങ്ങിനെ കരള് പൂർണ്ണ ആരോഗ്യമുള്ളതായി മാറുന്നു. ഇത്തരം ഭൗതിക ലാഭങ്ങൾക്ക് ഉപരി മനുഷ്യന് അല്ലാഹുമായി എളുപ്പത്തിൽ ബന്ധം സ്ഥാപിക്കാൻ കഴിയുന്ന ഒരു സംവിധാനം നോമ്പ് അല്ലാതെ വേറെ ഇല്ല, ഹദ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി (സ) പറഞ്ഞു: അല്ലാഹു പറയുന്നു, നോമ്പൊഴിച്ചുള്ള മനുഷ്യന്റെ മറ്റെല്ലാ കർമ്മങ്ങളും അവനുതന്നെയുള്ളതാണ്; നോമ്പ് എനിക്കും. ഞാൻ തന്നെ അതിന് പ്രതിഫലമാകും. (അതായത് നോമ്പിനുള്ള പ്രതിഫലമായി അവർക്കെന്നെ കാണാൻ കഴിയും). നോമ്പ് പരിചയാകുന്നു. ആയതിനാൽ നിങ്ങളിലാരെങ്കിലും നോമ്പിലാണെങ്കിൽ അയാൾ അനാവശ്യം പറയുകയോ ബഹളം ഉണ്ടാക്കുകയോ ചീത്തപറയുകയോ ചെയ്യരുത്:

### അത്താഴം

നബിതിരുമേനി (സ)അരുൾ ചെയ്യുന്നു, അത്താഴം കഴിക്കുവിൻ അത്താഴം കഴിക്കുന്നത് അനുഗ്രഹം ഉണ്ട്. അത്താഴത്തിന്റെ സമയം അർദ്ധരാത്രി മുതൽ പ്രഭാതത്തിന്റെ തുടക്കം വരെയാണ് എന്നാൽ അർദ്ധരാത്രി എഴുന്നേറ്റ് അത്താഴം കഴിക്കുന്നത് തിരുസുന്നത്തിൽ ഇല്ലാത്തതാണ്, തിരു സുന്നത്തിനെ അനുധാവനം ചെയ്യുന്നതിലാണ് എല്ലാവിധ അനുഗ്രഹമുള്ളത്. സഹാബാക്കൾ പറയുന്നു. ഞങ്ങൾ അത്താഴം കഴിച്ച് സുബഹി നമസ്കാരത്തിനായി തയ്യാറായി നിൽക്കാറുണ്ട്. അത്താഴത്തിനും സുബഹിക്കും ഇടയിൽ വളരെ കുറച്ച് സമയം മാത്രമേ ഉണ്ടാകാറുള്ളൂ. സൈദ് ബിൻ സാബിത്ത് അരുൾ ചെയ്യുന്നു. അത്താഴത്തിനും സുബ്ഹി നമസ്കാരത്തിനുമിടയിൽ 50 ഖുർആൻ ആയത്തുകൾ പാരായണം ചെയ്യാനുള്ള സമയം മാത്രമേ ഉണ്ടാകാറുള്ളൂ അതായത് 15 മിനിറ്റ്.

ഇനി ആരെങ്കിലും അത്താഴത്തിന്റെ സമയം കഴിഞ്ഞാണ് ഉറക്കമുണർന്നതെങ്കിൽ ആ വ്യക്തിക്ക് നോമ്പെടുക്കാൻ അനുവാദമുണ്ട്. അത്താഴം ഇല്ലാതെ നോമ്പ് പിടിക്കൽ ശീലമാക്കാൻ പാടില്ല.

**“ലഅല്ലകും തത്തക്കൂൻ”** എന്നതിന്റെ അടിസ്ഥാനത്തിൽ നോമ്പിന്റെ മറ്റൊരു ഗുണം നോമ്പ്കാരൻ തിന്മകളെ ഉപേക്ഷിക്കുന്നവനായിത്തീരുന്നു എന്നതാണ്. ഇത് സാധ്യമാക്കുന്നത് മനുഷ്യൻ ഭൗതിക അത്യാർത്തിയെ ഉപേക്ഷിക്കാൻ തയ്യാറാകുമ്പോഴാണ്. ഈ അവസ്ഥയിൽ എത്തുമ്പോൾ മനുഷ്യന്റെ ആത്മീയ കണ്ണുകൾക്ക് കാഴ്ച ലഭിച്ചു തുടങ്ങുന്നു. അവന് മുമ്പ് കാണാൻ കഴിഞ്ഞിട്ടില്ലാത്ത അവന്റെ ബലഹീനതകൾ അവന് കാണാൻ കഴിയുന്നതാണ്. ഇപ്രകാരം മനുഷ്യൻ തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നതാണ്. നബി (സ) നമ്മെ പഠിപ്പിക്കുന്നത് നോമ്പുകാരൻ നാവിനെയും മനസ്സിനെയും നിയന്ത്രിക്കണം എന്നാൽ മാത്രമേ നമുക്ക് ആത്മീയ പരിശുദ്ധി കൈവരിക്കാൻ കഴിയുകയുള്ളൂ.

ഹസ്രത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു ആരാണോ കള്ളം പറയുന്നതിൽ നിന്നും അത് പ്രവർത്തിക്കുന്നതിൽ നിന്നും വിട്ടു

നിൽക്കാത്തത് അവൻ വിശപ്പും ദാഹവും സഹിച്ചിരിക്കുന്നതിൽ അല്ലാഹുവിന് യാതൊരു കാര്യവു മില്ല. ഒരു മനുഷ്യൻ പകൽ മുഴുവൻ അന്നപാനീയങ്ങൾക്കായി തന്റെ വാതുറക്കാതെ ഇരിക്കുന്ന അവസ്ഥയല്ല നോമ്പ്. മറിച്ച് ആത്മീയ അവസ്ഥയ്ക്ക് നാശ നഷ്ടം സംഭവിക്കാനിടയുള്ള എല്ലാ കാര്യങ്ങളിൽ നിന്നും വിട്ടു നിൽക്കേണ്ടതാണ്. കളവിൽ നിന്ന് ചീത്ത വിളിക്കുന്നതിൽ നിന്ന് പരദൂഷണത്തിൽ നിന്ന് വഴക്കു ണ്ടാക്കുന്നതിൽ നിന്ന് ഇപ്രകാര മുള്ള എല്ലാ തിന്മയിൽ നിന്നും വിട്ടു നിൽക്കേണ്ടതാണ്. നാവിനെ നിയന്ത്രിച്ചു നിർത്താനുള്ള കൽപ്പന എല്ലാ സമയത്തേക്കുമുള്ളതാണ്. പക്ഷേ നോമ്പുകാരൻ തന്റെ നാവിലെ എപ്പോഴും പ്രത്യേകമായി സൂക്ഷിക്കുന്നതായിരിക്കും കാരണം അവൻ അങ്ങിനെ ചെയ്തില്ലാ എങ്കിൽ അവന്റെ നോമ്പ് നഷ്ട പ്പെടുന്നതാണ്. ഒരാൾ ഒരുമാസം മുഴുവനായി നാവിനെ നിയന്ത്രി ക്കുകയാണെങ്കിൽ പിന്നെ അയാൾ ക്ക് 11 മാസവും ആ പ്രവർത്തിയിൽ ഉറച്ചു നിൽക്കാൻ കഴിയുന്നതാണ്. അങ്ങിനെ ആ വ്യക്തിയുടെ തിന്മ കൾ എന്നെന്നേക്കുമായി ഇല്ലാതാകു ന്നതാണ്.

**"ലഅല്ലകും തത്തക്കൂൻ"** എന്നതിൽ നോമ്പുകൊണ്ട് ലഭിക്കു ന്ന മറ്റൊരു ഗുണമെന്നത് മനുഷ്യ നെ ഭയഭക്തിയിൽ മുന്നേറുന്നവ നാകി മാറ്റുന്നു, അങ്ങനെ അവൻ ഉന്നത ആത്മീയ തലങ്ങളെ സ്വായ ത്തമാക്കുന്നു, അങ്ങിനെ ആത്മീയ അവസ്ഥയിൽ, സമ്പന്നൻ എന്നോ ദരിദ്രൻ എന്നോ വ്യത്യാസമില്ലാതെ എല്ലാവരും സമന്മാരായി ദൈവ സാമീപ്യത്തിന്റെ സ്വാദ് ആസ്വദി ക്കാൻ കഴിയുന്നവരായിത്തീരുന്നു.

അല്ലാഹു നോമ്പിന്റെ പ്രതിഫ ലത്തെ കുറിച്ച് പറഞ്ഞതും ഇതു തന്നെയാണ് നോമ്പ് എന്ന കർമ്മം എനിക്കുള്ളതാണ് ഞാൻ തന്നെ അതിന് പ്രതിഫലമാകുന്നതാണ്, അതായത് നോമ്പിന്റെ പ്രതിഫല മായി അവർക്ക് എന്നെ കാണാൻ കഴിയുന്നതാണ്. നോമ്പുകാരന് രണ്ട് സന്തോഷമാണ് ലഭിക്കുന്നത്, ഒന്ന് അവന് നോമ്പ് തുറക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം മറ്റൊന്ന് അവൻ നോമ്പു മുഖേന അല്ലാഹുമായി കണ്ടുമുട്ടുമ്പോൾ ഉണ്ടാകുന്ന സന്തോഷം.

നോമ്പു തുറയെ കുറിച്ച് അല്പം ചില കാര്യങ്ങൾ ഇവിടെ പരാമർശിക്കുന്നത് അവസരോചി തമായിരിക്കും. ഹുസൂർ തിരുമനസ്സി നോട് ആസ്ട്രേലിയയിലെ ആയിശ തസ്ലീം എന്ന കുട്ടി ഓൺലൈൻ മീറ്റിങ്ങിൽ ചോദിക്കുകയാണ് 'ഹുസൂർ നോമ്പ് വേളയിൽ അത്താഴത്തിനും നോമ്പ് തുറക്കാ നും എന്തൊക്കെയാണ് കഴിക്കാറ്, ഹുസൂർ പറഞ്ഞു എന്താണോ പ്രാതലിനായി ഞാൻ കഴിക്കാറു ള്ളത് അത് ഞാൻ അത്താഴത്തിന് കഴിക്കും നോമ്പ് തുറക്കുന്നതും സാധാരണ കഴിക്കുന്ന ഭക്ഷണം തന്നെ നിങ്ങളെയൊക്കെ പോലെ സമൂസ പക്കവട തുടങ്ങിയ സാധനങ്ങൾ കഴിക്കാറില്ല. പിന്നെ നോമ്പ് തുറക്കുമ്പോൾ കാരക്ക കഴിക്കുക എന്നത് സുന്നത്താണ് അതിനാൽ അത് കഴിക്കും. വിവിധ തരം ഭക്ഷണങ്ങൾ ഉണ്ടാക്കി അത് കഴിക്കുമ്പോൾ അത്താഴത്തിനായി രാവിലെ എഴുന്നേൽക്കാൻ കഴിയില്ല അനാവശ്യ ചെലവുകൾ ഉണ്ടാകു ന്നു. നോമ്പ് എടുത്ത് മുഴുവൻ സമയവും ക്ഷീണിതനാകുന്നതാണ്. മാത്രമല്ല നമ്മുടെ വയറും ചീത്ത യാവുന്നു ചെലവും കൂടുന്നു. ഇഫ്താറിന് നമ്മൾ സാധാരണ കഴിക്കുന്ന ഭക്ഷണം കഴിക്കുന്ന ശീലമുണ്ടാക്കുക. ധാരാളിത്തമായി നാം തയ്യാറാക്കുന്ന വിവിധ തരം ഭക്ഷണങ്ങൾ ഒഴിവാക്കി അതിൽ നിന്നും മിച്ചം വരുന്ന സംഖ്യ ഏതെങ്കിലും ചാരിറ്റിയിൽ കൊടു ക്കുക. നബി(സ) യുടെ നോമ്പു തുറ വളരെ ലളിതമായിരുന്നു. നമ്മുടെ നോമ്പുതുറയും ലളിതമാ കേണ്ടതാണ്. അമിതമായി ഭക്ഷണം കഴിച്ചാൽ നോമ്പെടുത്തതിനേക്കാൾ കൂടുതൽ ക്ഷീണം നോമ്പ് തുറന്നാ ലാണ് ഉണ്ടാവുക നോമ്പുകൊണ്ട് ഉദ്ദേശിക്കുന്നത് ഭൗതിക ഭക്ഷണം വെട്ടിച്ചുരുക്കി ആത്മീയ ഭക്ഷണ ത്തിന്റെ തോത് വർദ്ധിപ്പിക്കുക എന്നതാണ് ഹദീസിൽ വന്നിരിക്കു ന്നു. നബി (സ)നോമ്പ് കാലത്ത് കൂടുതൽ ഇബാദത്തുകളിൽ മുഴുകുമായിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഖുർആൻ പാരായണമാണ് ഹദീസിൽ വന്നിരിക്കുന്നു നബി (സ) റമദാൻ മാസത്തിൽ ഒരാവർത്തി ജിബിരീൽ മുഖേന ഖുർആൻ ഓതി പൂർത്തി യാക്കുമായിരുന്നു. നബി(സ) യുടെ അവസാന റമളാനിൽ രണ്ടു തവണ ഇപ്രകാരം ഖുർആൻ ഓതി പൂർത്തിയാക്കിയിട്ടുണ്ട്. റമളാൻ മാസം വന്നു കഴിഞ്ഞാൽ നബി(സ) ദാനധർമ്മങ്ങളുടെ കാര്യത്തിൽ ഒരു കൊടുങ്കാറ്റുപോലെ ആയിരുന്നു എന്നാണ് രിവായത്തുകളിൽനിന്ന് നിന്ന് മനസ്സിലാകുന്നത്.

എല്ലാ റമദാനിലും (നബി) അവസാനത്തെ പത്തിൽ ഇഅ് തികാഫ് ഇരിക്കാറുണ്ട്. ഈ സുന്നത്തിന് പിന്തുടർന്നുകൊണ്ട് സഹാബാക്കളും ഉമ്മുൽമുഅ്മിനീ ങ്ങളും അവിടുത്തെ മരണത്തിനു ശേഷവും ഈ സമ്പ്രദായം നിലനിർത്തി വന്നു. **ഇഅ്തികാഫ്** എന്നാൽ ഭൗതിക ലോകവുമായി ബന്ധം വിച്ഛേദിച്ച് പള്ളിയിൽ ഒരു ചെറിയ മറക്കുള്ളിൽ കഴിയുന്ന ഒരു തപസ്സാണ്. ഈ അവസരത്തിൽ നമസ്കാരങ്ങൾ സ്വലാത്ത്, ഖുർആ ൻ പാരായണം എന്നിവയിലൂടെ സമയം ചെലവഴിക്കേണ്ടതാണ്. റമളാനിലെ അവസാനത്തെ പത്ത് ദിവസങ്ങളിൽ ഒറ്റയായ രാവുകളിൽ ലൈലത്തുൽ ഖദർ എന്ന ഒരു രാവുണ്ടെന്ന് നബി(സ) പറഞ്ഞിട്ടു ണ്ട്. ഖുർആനിൽ അതിനെക്കുറിച്ച് പറയുന്നു ആ രാവ് ആയിരം മാസത്തേക്കാൾ ശ്രേഷ്ഠമായതാണ്. ഈ രാവിൽ ദുആ സ്വീകര്യതയുടെ പ്രത്യേകമായ ഒരു സമയമുണ്ട് ആർക്കാണോ ഈ അനുഗ്രഹീത മായ സമയത്തെ തിരിച്ചറിയാൻ

**ശേഷം പേജ് 21 ൽ**

# അമിതവണ്ണവും വ്രതാനുഷ്ഠാനവും

അമിതവണ്ണം ഇക്കാലത്ത് ഒരു രോഗമായി പടരുകയാണ്. വ്രതാനുഷ്ഠാനം അമിതവണ്ണത്തിന്ന് ഒരു ഉത്തമ ഔഷധമാണ്.

**എ. മൻസൂർ, യു. എസ്സ്.**

തടിച്ചു കൊഴുക്കുന്ന മനുഷ്യ സമൂഹത്തെപറ്റി ആരോഗ്യ പ്രവർത്തകർ ഇതിന് മുമ്പ്തന്നെ താക്കീത് നൽകിയിട്ടുണ്ട്. പശ്ചാത്യ സമൂഹം അമിതവണ്ണത്തെക്കുറിച്ച് ഈയ്യിടെ മാത്രമാണ് ഗൗരവമായി ചിന്തിക്കാൻ തുടങ്ങിയത്. ഇതോട നുബന്ധിച്ച് അമേരിക്കയിലെ ചില നിയമ വിദഗ്ദർ കൊഴുപ്പുള്ള ആഹാരം വിതരണം ചെയ്യുന്ന ചില ഫാസ്റ്റ് ഫുഡ് റസ്റ്റോറന്റുകൾക്കെതിരെ കോടതിയിൽ പരാതിപ്പെടുകയുണ്ടായി. ഒരു പക്ഷേ ദേശീയ സമ്പദ്ഘടനക്ക് അതൊരു ഭാരമാവുമോ എന്ന് കരുതി അമേരിക്കൻ അധികൃതർ ഇതിനെതിരെ പ്രതികരിച്ചിരിക്കുകയാണ്. അമിതവണ്ണം ഒരു പാട് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഹൃദ്രോഗം, രക്തസർദ്ദം , കാൻസർ മുതലായവയാണ് അവയിൽ ചിലത്. ആളുകളുടെ അമിത വണ്ണരോഗത്തിന്ന് അമേരിക്കൻ ഭരണകൂടം പ്രതിവർഷം 99.2 കോടി ഡോളർ ചിലവഴിക്കേണ്ടിവരുന്നു.

സമ്പന്നർക്ക് മാത്രം വരുന്ന ഈരോഗം പാശ്ചാത്യ നാടുകളിൽ മാത്രം ഒതുങ്ങുന്നു എന്നു വിചാരിക്കേണ്ട. ആഫ്രിക്കൻ-ഏഷ്യൻ രാജ്യങ്ങളിലേക്കും അമിത വണ്ണം എന്ന ഈ രോഗം അതിവേഗം പടരുകയാണ്. ടൈം മാഗസിൻ റിപ്പോർട്ട് പ്രകാരം ചൈനയിലെ പത്ത് ശതമാനം കുട്ടികൾ അമിത ഭാരമുള്ളവരാണ്. നഗര വത്കൃതമായ പ്രാന്ത പ്രദേശങ്ങളും അമിത വണ്ണം കൊണ്ട് ദുരിതമനുഭവിക്കുന്നുണ്ട്.[2] അടിയന്തിരമായി ഈ പ്രശ്നത്തിൽ ഇടപെട്ടിട്ടില്ലെങ്കിൽ നമ്മുടെ ഭാവി ഇരുളാടഞ്ഞതാകും. ആഗോള ദുരന്തമായി മാറിക്കൊണ്ടിരിക്കുന്ന അമിത വണ്ണം എന്ന ഈ പ്രശ്നത്തിൽ ഇസ്‌ലാം എന്തു പരിഹാരം നിർദ്ദേശിച്ചിരിക്കുന്നുവെന്ന് നമുക്ക് നോക്കാം.

ചെറുപ്പത്തിൽ തന്നെ കുട്ടികൾ കൊഴുപ്പു ഭക്ഷണം കഴിക്കുന്ന ശീലമാണ് അമിതവണ്ണത്തിന്ന് പ്രധാന കാരണമെന്ന് വിദഗ്ദർ പറയുന്നു. ഇതോടൊപ്പം കുടുബ പാരമ്പര്യവും സാമൂഹ്യ-സാമ്പത്തിക സവിശേഷതകളുമായും ബന്ധപ്പെട്ടിരിക്കുന്നു. Journal for Amerian Dietial Association എന്ന പ്രസിദ്ധീകരണത്തിൽ ഈയ്യിടെ വന്ന ലേഖനം അഭിപ്രായപ്പെടുന്നത് ഭക്ഷണത്തോടുള്ള സമീപനവും ആഹരിക്കലും വീട്ടിൽ വെച്ചു തന്നെ പുനക്രമീകരിക്കുകയും ശീലിക്കുകയും വേണം എന്നാണ്. നാം അടിവേരിൽ നിന്നു തന്നെ ഇതിനെ നേരിടേണ്ടതുണ്ട്. നമ്മുടെ ആഹാര ശീലങ്ങൾ വീട്ടിൽ വെച്ച് തന്നെ ഉടൻ മാറ്റിയെടുക്കേണ്ടതുണ്ട്.

ഇസ്‌ലാം മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്നു. മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ പുരോഗതിക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ അത് നൽകുകയും ചെയ്യുന്നു. ഖുർആൻ പറയുന്നു: ***'ആദം സന്തതികളെ, നിങ്ങളുടെ ആരാധനകളുടെ ഓരോ ഘട്ടത്തിലും നിങ്ങളുടെ അലങ്കാരം സ്വീകരിച്ചു കൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുവീൻ. പക്ഷേ ഒരിക്കലും അമിതത്വം അരുത്. നിശ്ചയമായും അമിതത്വം പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.'***[4]

മനുഷ്യ ജീവൻ നിലനിർത്താനുള്ള സ്വാഭാവിക ശീലങ്ങളാണ് തിന്നുകയും കുടിക്കുകയും ചെയ്യുക എന്നത്. പക്ഷേ ആഹരിക്കുമ്പോൾ പോലും ശരിയായ വിവേചനബോധം ഒരാൾക്ക് ഉണ്ടാവേണ്ടതുണ്ട്. ദൈവം ചില പരിധികൾ പാലിക്കാൻ നമ്മോട് ആവശ്യപ്പെടുന്നു. നമ്മുടെ ശാരീരിക ആരോഗ്യം സുഖകരമായി നിലനിലനിർത്തുന്നതോടൊപ്പം തന്നെ സാമൂഹികക്രമം പാലിക്കുകയും ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെ സംബന്ധിച്ചു ബോധവാനായിരിക്കുകയും വേണം.

ശരിയായ ആഹാരവും ആഹാരത്തിൽ നിന്ന് വിട്ട് നിൽക്കലും ആരാധനയുടെ ഭാഗം തന്നെയാണ്. ഖുർആൻ പറയുന്നു: ***'വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരാരോ, അവർ സൂക്ഷ്മത പാലിക്കുകയും വിശ്വസിക്കുകയും സുകൃതങ്ങൾ അനുഷ്ഠിക്കുകയും എന്നിട്ട് അവർ സൂക്ഷ്മതയിൽ പുരോഗതി പ്രാപിക്കുകയും വിശ്വസിക്കുകയും പിന്നീട് ഭയഭക്തിയിൽ കൂടുതൽ പുരോഗതി പ്രാപിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നതായാൽ അവർ***

***ഏതൊന്ന് ഭക്ഷിക്കുന്നുവോ അതിൽ അവർക്ക് കുറ്റമൊന്നുമില്ല. അല്ലാഹു നന്മ പ്രവർത്തിക്കുന്ന വരെ ഇഷ്ടപ്പെടുന്നു.'*** 5

ആഹാരശീലത്തെ പറ്റി ചിന്തിക്കുക എന്നത് മനുഷ്യന്റെ കടമയാണ്. അത് നമ്മുടെ സ്വാതിക ജീവിതത്തിന്റെ ഒരു ഭാഗമാണ്. ഭക്ഷണ പദാർത്ഥങ്ങൾ നിയമപരമായി അനുവദനീയമാണെങ്കിൽത്തന്നെ അതിൽ ശുദ്ധിയുള്ള ഭാഗങ്ങൾ മാത്രമേ ആഹരിക്കാൻ പാടുള്ളൂ. അല്ലാത്തപക്ഷം അത് നമ്മുടെ സ്രഷ്ടാവുമായുള്ള ബന്ധത്തെ പ്രതികൂലമായി ബാധിക്കും. ജീവിതത്തിന്റെ സമ്പൂർണ്ണ മാതൃകയായി ഇസ്‌ലാം കാണുന്നത് മുഹമ്മദ് നബിയുടെ പരിശുദ്ധ ജീവിതമാണ്. റസൂൽ തിരുമേനി(സ) പറഞ്ഞു: *'ഒരാളുടെ പക്കൽ രണ്ടു പേർക്ക് കഴിക്കാനുള്ള ഭക്ഷണമുണ്ടെങ്കിൽ അയാൾ മൂന്നാമതൊരാളെ ക്ഷണിക്കട്ടെ ഒരാളുടെ പക്കൽ നാലു പേർക്ക് കഴിക്കാനുള്ള ഭക്ഷണമുണ്ടെങ്കിൽ അയാൾ അഞ്ചോ ആറോ പേരെ ക്ഷണിക്കട്ടെ'* 7, മറ്റൊരിക്കൽ റസൂൽ തിരുമേനി(സ) പറഞ്ഞു: *' നിങ്ങളുടെ പരിചാരകൻ നിങ്ങൾക്ക് ഭക്ഷണവുമായി വന്നാൽ അവരോടൊപ്പം ചേർന്ന് നിങ്ങൾ ഭക്ഷണം കഴിക്കുന്നില്ലെങ്കിൽ ചുരുങ്ങിയത് അവനോട് അതിൽ നിന്ന് ഒന്നോ രണ്ടോ പിടി എടുത്തു കൊള്ളുവാനെങ്കിലും പറയണം. കാരണം അവനാണ് നിങ്ങൾക്ക് വേണ്ടി ആ ഭക്ഷണം പ്രയാസപ്പെട്ട് പാകം ചെയ്തത്. അതിന്റെ ചൂട് അനുഷ്ഠിച്ചതും അവൻ തന്നെ.'* 8

പ്രവാചക തിരുമേനി(സ) ആഹാരം കഴിക്കുമ്പോൾ വളരെയധികം ശ്രദ്ധിച്ചിരുന്നു. അബൂഹുറൈറ നിവേദനം ചെയ്യുന്നു: *'മുഹമ്മദിന്റെ കുടുംബം മരണം വരെ മൂന്ന് നേരം ആഹാരം കഴിച്ചിരുന്നില്ല.'* 9

റസൂൽ തിരുമേനി(സ)യുടെ ധർമ്മ പത്നി ആയിശ (റ) നിവേദനം ചെയ്യുന്നു: *'റസൂൽ തിരുമേനി(സ) രണ്ടു വസ്തുക്കൾക്കൊണ്ട് വിശപ്പ് തീർത്താണ് ഇഹലോക വാസം വെടിഞ്ഞത്. അത് കാരക്കയും വെള്ളവുമാണ്'* 10 അദ്ദേഹം തന്റെ അനുചരന്മാരെ ഇപ്രകാരം താക്കീത് ചെയ്തു:

*'ഒരു മുസ്‌ലിം ഒരു വയർ മാത്രമേ നിറക്കുകയുള്ളൂ (അതായത് കുറഞ്ഞ ആഹാരം കൊണ്ട് തൃപ്തിപ്പെടും) എന്നാൽ അവിശ്വാസി ഏഴ് വയർ നിറക്കുന്നു. (കൂടുതൽ ആഹാരം കഴിക്കുന്നു.)'* 11

ഉമർബ്നു അബീ സലാമ(റ) യിൽ നിന്നും നിവേദനം: *'ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ പരിചരണത്തിലായിരുന്നു. ചെറിയ കുട്ടിയായിരുന്നപ്പോൾ മുന്നിലുള്ള ആഹാരത്തളികയിൽ മുഴുവനുമായി എന്റെ കൈചലിക്കുമായിരുന്നു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ എന്നോട് പറഞ്ഞു: അല്ലയോ കുട്ടീ, ആഹരിക്കുമ്പോൾ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക. നിന്റെ വലത് കൈ കൊണ്ട് അവ ഭക്ഷിക്കുക. ആഹാര പാത്രത്തിൽ നിന്നും നിന്റെ അടുത്തുള്ളത് മാത്രം ഭക്ഷിക്കുക.'* 12

ആഹാരം കഴിച്ച്തിന് ശേഷം റസൂൽ തിരുമേനി(സ) ഇങ്ങിനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു: *'ഞങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചു തരികയും വിശപ്പ് ശമിപ്പിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി. ഓ നാഥാ നിന്റെ അനുഗ്രഹത്തിന് ഞങ്ങൾക്ക് പകരം നിൽക്കാൻ ഒന്നുമില്ല. അത് ഇല്ലാതായാൽ തിരിച്ചു നൽകാൻ ആർക്കും കഴിയുകയുമില്ല.'* 13

റസൂൽ തിരുമേനി(സ)യുടെ അദ്ധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തുവാനുള്ള അസുലഭ സന്ദർഭമാണ് റമദാൻ മാസം. ഈ മാസത്തിൽ ലോകം മുഴുവനുമുള്ള ആരോഗ്യവാന്മാരായ മുസ്‌ലിംകൾ ദിവസത്തിന്റെ വലിയ ഭാഗം ഭക്ഷണവും വെള്ളവുമുപേക്ഷിക്കുന്നു. ശാരീരികമായ ഈ ശുചീകരണത്തോടൊപ്പം അവർ തങ്ങളുടെ ആത്മീയമായ പുരോഗതിക്ക് വേണ്ടിയും പരിശ്രമിക്കുന്നു. ശരീരത്തിൽ സംഭരിക്കപ്പെടുന്ന കൊഴുപ്പിനെ വ്രതാനുഷ്ഠാനം ഇല്ലാതാക്കുന്നു. കൂടാതെ നമ്മുടെ ദഹനേന്ദ്രിയങ്ങൾക്ക് നല്ല വിശ്രമം നൽകുകയും ചെയ്യുന്നു. മാത്രമല്ല ലോകത്തിലെ കോടിക്കണക്കിന് മനുഷ്യൻ അനുഭവിക്കുന്ന വിശപ്പിനെ പറ്റി നമുക്ക് അനുഭവജ്ഞാനം ലഭിക്കുകയും ചെയ്യു. മൂന്നാം ലോകത്ത് പോഷക ദാരിദ്ര്യം അനുഭവിക്കുന്ന 80 ശതമാനം കുഞ്ഞുങ്ങളെ സംബന്ധിച്ച് വ്രതാനുഷ്ഠാനം നമ്മെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. 14

റമദാൻ കാലത്ത് കുറച്ച് കാലം വ്രതമനുഷ്ഠിക്കുമ്പോൾ അതിൽ ധാരാളം ആരോഗ്യപരമായ നന്മകളുണ്ട് ഇൻസുലിൻ സെൻസിറ്റിവിറ്റി കൂടുന്നു. മാനസിക സമ്മർദ്ദം ലഘൂകരിക്കപ്പെടുന്നു. ദുർമേദസ്സ് കുറയുന്നു. ആയുസ്സ് കൂടുന്നു. 15 ഇൻസുലിൻ പ്രതിരോധം എന്നത് മനുഷ്യ ശരീരത്തിലെ എല്ലാവിധ ക്രമക്കേടുകൾക്കും കാരണമാണ്. അമിത വണ്ണം, പ്രമേഹം, രക്ത സമ്മർദ്ദം, മദ്യം കഴിക്കാതെ വരുന്ന കരൾ രോഗങ്ങൾ, അണ്ഡാശയ വീക്കം, പിത്താശയക്കല്ല് (Gall stone) എന്നിവയാണ് ഇൻസുലിൻ തകരാറു കൊണ്ടുണ്ടാവുന്ന രോഗങ്ങൾ അമിതവണ്ണത്തിന്റെ ഫലമായി പഞ്ചസാര രൂപത്തിൽ ഊർജ്ജം ഉപയോഗിക്കാൻ പാകത്തിൽ നിൽക്കുന്നു. ഇത് കൂടുതലായി ഉപാപചയം നടത്തുന്ന ഹോർമോണുകൾക്കെതിരെ പ്രവർത്തിക്കാൻ കോശങ്ങളെ തയ്യാറാക്കുന്നു. ഇത് വീണ്ടും ശരീത്തിൽ കൂടുതൽ കൊഴുപ്പ് സംഭരിക്കാൻ സഹായിക്കുന്നു. അങ്ങനെ അതൊരു ചാക്രിക പ്രവർത്തനമായി തുടരുന്നു. പുതിയ ചില കണ്ടെത്തലുകൾ തെളിയിക്കുന്നത്- ഉപാപചയ പ്രവർത്തനങ്ങളുടെ രോഗാവസ്ഥയായി ഒരിക്കൽ തെളിയിക്കപ്പെട്ട സിൻഡ്രോം എന്ന രോഗം (അമിത വണ്ണം, പ്രമേഹം, രക്തസമ്മർദ്ദം എന്നീ രോഗങ്ങളുടെ സമവായാവസ്ഥയിലുണ്ടാകുന്ന ഹൃദ്രോഗം) ശരീരത്തിലെ ഇൻസുലിനെതിരെ

യുള്ള പ്രതിരോധം കൂടുന്നത് കൊണ്ടാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു എന്നാണ്.

പാശ്ചാത്യ ലോകത്ത് ഹൃദ്രോഗം സ്ത്രീപുരുഷന്മാരുടെ ഏറ്റവും വലിയ അന്തകനായി മാറുന്നു. രക്തസമ്മർദ്ദമാണ് ഹൃദയാഘാതത്തിന്റെ മുഖ്യ കാരണം. ഉയർന്ന രക്ത സമ്മർദ്ദത്തിലേക്ക് നയിക്കുന്ന ഏറ്റവും വലിയ ഘടകം ഉപ്പു ചേർത്ത ഭക്ഷണമാണ്. കുറഞ്ഞ തോതിൽ ഉപ്പ് ചേർത്ത ഭക്ഷണം കുറഞ്ഞ തോതിൽ മാത്രമേ രക്ത സമ്മർദ്ദത്തെ ബാധിക്കൂ. ചികിത്സക്ക് വേണ്ടിയുള്ള ഉപവാസവും ഭക്ഷണത്തിന്റെ അളവ് കുറക്കുന്നു.[16] ഇത് വ്രതാനുഷ്ഠാനം ഇൻസുലിന്റെ ഉൽസർജ്ജനത്തെ കുറക്കുന്നു എന്ന അഭിപ്രായത്തെ ശരിവെക്കുകയാണ് ചെയ്യുന്നത്.

അമേരിക്കയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംങ്ങ് എന്ന സ്ഥാപനം എലികളെ ഉപയോഗിച്ചു നടത്തിയ പരീക്ഷണത്തിൽ ഒന്നിടവിട്ടുള്ള ഉപവാസം എലികളുടെ ആയുസ്സ് നാടകീയമായി വർദ്ധിപ്പിക്കാമെന്ന് നിരീക്ഷിച്ചിട്ടുണ്ട്. രക്തത്തിലേക്ക് ഇൻസുലിന്റെ അളവ് കുറയുന്നത് കൊണ്ടാണ് ഇതെന്ന് മനസ്സിലാക്കുന്നു.

മറ്റു ചില പരീക്ഷണങ്ങളിൽ നിന്നും മനസ്സിലാവുന്നത് ഭക്ഷണ ക്രമീകരണം കൊണ്ട് കാൻസർ പോലെയുള്ള രോഗങ്ങൾ നിയന്ത്രിക്കാനും കിഡ്നി രോഗവും അൾഷെമേഴ്സ് രോഗവും പാർക്കിൻസൻസ്, സ്ട്രോക്ക് മുതലായ രോഗങ്ങൾക്കും കാരണമാവുന്നു. ന്യൂറോണുകളെ പ്രതിരോധിക്കാനും കഴിയുമെന്നാണ്. ന്യൂറോണുകളെ സംരക്ഷിക്കുന്ന കെറ്റോൺ ബോഡികളുടെ (Ketone Bodies) വർദ്ധനയും ഭക്ഷണ ക്രമീകരണം മൂലം അധികരിപ്പിക്കാമെന്ന് കരുതപ്പെടുന്നു. മസ്തിഷ്ക്കത്തിലെ ഹിപ്പോകാംമ്പസിലുള്ള CA3, CA1എന്നീ സ്തൂപാകൃതിയിലുള്ള ന്യൂറോണുകളെ ഉപവാസം അധികരിപ്പിക്കുന്നു. ഈ ന്യൂറോണുകളുടെ കുറവ് അഘാതങ്ങളുണ്ടാക്കുന്നതിന് പ്രേരകമാണ്. ഇടവിട്ടുള്ള ഉപവാസം ഇത്തരം ആഘാതങ്ങളിൽ നിന്നും ശരീരത്തെ രക്ഷപ്പെടുത്താറുണ്ടെന്നു എലികളിൽ നടത്തിയ പരീക്ഷണങ്ങളിൽ തെളിയിക്കുന്നു.

റമദാനിൽ ചെറുപ്പം മുതൽക്കുള്ള ഉപവാസ ശീലം ആരോഗ്യം മാത്രമല്ല ആരോഗ്യത്തെ സംബന്ധിച്ച അവബോധവും മനുഷ്യനിൽ സൃഷ്ടിക്കുന്നു. അമിതവണ്ണത്തിനെതിരെയും തജ്ജന്യമായ എല്ലാ രോഗങ്ങളേയും അത് തടയുന്നു. ഭക്ഷണത്തേയും സുഖത്തേയും വർജ്ജിച്ചു കൊണ്ട് വ്രതമനുഷ്ഠിക്കുക എന്നത് മനുഷ്യന്റെ ആത്മാവിന്നും ശരീരത്തിന്നും ആരോഗ്യം നൽകുന്ന കാര്യമാണെന്ന് ലോകം അംഗീകരിച്ചിരിക്കുകയാണ്.

---

**പേജ് 18 ൽ നിന്ന് തുടർച്ച**

കഴിയുന്നത്, അപ്പോൾ ആ വ്യക്തി ചെയ്യുന്ന എല്ലാ പ്രാർത്ഥനകളും അല്ലാഹു സ്വീകരിക്കുന്നതാണ്. റമളാനിലെ നോമ്പ് മനുഷ്യനെ പരിപൂർണ്ണമായി ശുദ്ധീകരിച്ചു അവന് നവജീവൻ നൽകുന്ന ഒരു സംവിധാനമാണ്. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് കൊണ്ട് അതിനായി പരിശ്രമിക്കുന്നവർ എത്ര പേരുണ്ട്?

നോമ്പ് തുടങ്ങുമ്പോൾ ഉണ്ടാകുന്ന ആവേശം കുറച്ചുദിവസം കഴിയുമ്പോൾ ഇല്ലാതാകുന്നതായാണ് കണ്ടുവരാറുള്ളത്. നോമ്പുതുറയുടെ വിഭവങ്ങളുടെ മഹിമയും, പെരുന്നാൾ ദിവസത്തിന്റെ ഭക്ഷണത്തിന്റെ മെനു, പുതുവസ്ത്രങ്ങളുടെ പർച്ചേസ് എന്നിവ നോമ്പിന്റെ അവസാന ദിവസങ്ങളിൽ ഇബാദത്തുകളുടെ സ്ഥാനം കയ്യേറിയിരിക്കുന്നതായാണ് അധികവും കാണപ്പെടുന്നത്. ഇത്തരം സാഹചര്യങ്ങളിൽ നിന്ന് വിട്ടുനിന്നുകൊണ്ട് സ്വയം ഒരു ആത്മപരിശോധന നടത്തി തന്റെ ജീവിതത്തിൽ ഒരു മാറ്റം ആഗ്രഹിക്കുന്ന ഓരോ വ്യക്തിയും, നബി(സ) റമദാനുമായി തഹജ്ജുദ് നമസ്ക്കാരത്തെ ബന്ധിപ്പിച്ചു പറഞ്ഞിരിക്കുന്ന ഇക്കാര്യം ഓർക്കേണ്ടതാണ്.

അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു നബി (സ) പറഞ്ഞു വിശ്വാസത്തോടുകൂടി പ്രതിഫലം ആഗ്രഹിച്ച് റമളാനിലെ രാത്രികളിൽ എഴുന്നേറ്റ് നമസ്കരിക്കുന്നവന്റെ മുൻകഴിഞ്ഞ എല്ലാ പാപങ്ങളും പൊറുക്കപ്പെടുന്നതാണ്. ഹസ്രത്ത് മസിഹ് മൗഊദ് (അ) ***(മൽഫൂളാത്, വാള്യം 2 പേജ് 521) അരുൾ ചെയ്യുന്നു. കഴിഞ്ഞ വർഷത്തിലെ ലെ റമദാൻ ഇന്നലെ കഴിഞ്ഞത് പോലെ തോന്നുന്നു "ഷഹറു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ.." എന്ന ആയത്തിൽ നിന്ന് റമളാൻ മാസത്തിന്റെ മഹത്വം തിരിച്ചറിയാൻ കഴിയുന്നുണ്ട് സൂഫീ വര്യന്മാർ എഴുതിവെച്ചിട്ടുണ്ട്. ഈ മാസം ഹൃദയശുദ്ധി വരുത്തുന്നതിന് ഉത്തമമാണ്, ഈ മാസത്തിൽ ധാരാളമായി ദിവ്യ സ്വപ്നങ്ങൾ ഉണ്ടാകുന്നതാണ്, നമസ്കാരം ആത്മാവിനെ പരിശുദ്ധമാക്കുന്നു, നോമ്പ് ഹൃദയത്തിന് പ്രകാശമേകി ഹൃദയശുദ്ധി വരുത്തുകയും ചെയ്യുന്നു. ആത്മാവിനെ പരിശുദ്ധീകരിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, നഫ്സ് അമ്മാറയുടെ ദുർ വികാരങ്ങൾ കെട്ടടങ്ങുക എന്നതാണ്. അതിനു ശേഷമാണ് അത് ലഭ്യമാകുന്നത്. തജല്ലിയെ ഖൽബ് ഹൃദയത്തിന് പ്രകാശം ലഭിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദിവ്യ സ്വപ്നങ്ങളുടെ കവാടം അവനിൽ തുറക്കപ്പെടുകയും അങ്ങിനെ അവൻ അല്ലാഹുവിനെ നോക്കികാണുന്നവൻ ആയിത്തീരുകയും ചെയ്യുക എന്നതാണ്...*** ആയതിനാൽ ഈ റമളാനിൽ നമുക്കെല്ലാവർക്കും ഒരു ആത്മപരിശോധനയ്ക്ക് വിധേയമായി കൊണ്ട് നവജീവൻ ലഭിക്കുന്നതിന് വേണ്ടിയുള്ള ഒരു പ്രയത്നം ചെയ്യും എന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് ഇബാദത്തുകളിൽ മുഴകാം. അള്ളാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. (ആമീൻ)

ഭാഗം – 5

# നിരീശ്വരവാദം വിചാരണ ചെയ്യപ്പെടുന്നു

നവ നാസ്തികർ ആരംഭിച്ച യുക്തി വിചിന്തനങ്ങളും വൈഷണിക സംവാദങ്ങളും പ്രപഞ്ചാസ്തിത്വത്തിന്റെ നിഗൂഢ യാഥാർത്ഥ്യങ്ങൾക്ക് യാതൊരു ഉത്തരവും നൽകുന്നില്ല. അയുക്തികമായ ദൈവനിഷേധത്തിന്റെ വൈകാരികത ഉത്തേജിപ്പിക്കാനുള്ള പൊള്ളയായ വാചക കസറത്തുകൾ മാത്രമാണതെല്ലാം.

**സബാഹത്ത് അലി രജ്പുത്, മിഷണറി, മെക്സിക്കോ**

പരിഭാഷ: താരിഖ് അലനല്ലൂർ

### ആധുനിക നിരീശ്വരവാദവും സഭ്യമായ സംവാദത്തിന്റെ രീതിയും

ഒരാൾ തന്റെ നാക്കിന്റെ മൂർച്ചയും, മനസ്സിലെ അഹംഭാവവും, ഹൃദയത്തിലെ വിദ്വേഷവും മറച്ചുവെച്ചുകൊണ്ട് ടൈ കെട്ടി, പുഞ്ചിരി തൂകി, വൃത്തിയായി ക്ഷൗരം ചെയ്തു നടന്നാൽ അത് സംസ്കാരമാവുകയില്ല. ഒരു സ്യൂട്ടിട്ട വിഷസർപ്പത്തേക്കാൾ ഒട്ടും ഭേദമല്ലവൻ. എല്ലാ മനുഷ്യർക്കും അവരവരുടേതായ പവിത്രവും അമൂല്യവുമായ വിശ്വാസങ്ങളുണ്ട്. ഇത്തരം വിശ്വാസങ്ങൾ, പ്രത്യേകിച്ച് പൊതുമധ്യത്തിൽ, അവഹേളിക്കപ്പെടുമ്പോൾ വിദ്വേഷത്തിന്റെയും വേദനയുടെയും നീചവിത്തുകളാണ് വിതയ്ക്കപ്പെടുക. തുടർച്ചയായ ഇത്തരം അവഹേളനങ്ങൾ, ആ വിത്തിനെ മനസ്സിൽ ഉറപ്പിക്കുകയും, അതിന്റെ അപ്രതീക്ഷിത ശിഖരങ്ങൾ അവന്റെ ചിന്തകളെ കീഴടക്കുകയും ചെയ്യുന്നു. ഇത്തരം മുറിവുകൾ, രണ്ട് കൂട്ടരുടേയുമിടയിൽ വെറുപ്പിന്റെയും നിരാശയുടെയും ശൃംഖലാ പ്രതിപ്രവർത്തനത്തിന് (Chain Reaction) തുടക്കം കുറിക്കുകയും, പ്രതികാരത്തിനായി ഇരയെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

മതചിന്തകൾ അനുഭവിക്കുന്നുവെന്ന് റിച്ചാർഡ് ഡാക്കിൻസ് (Richard Dawkins) വിശേഷിപ്പിക്കുന്ന, 'അനർഹമായ ആദരവി' (Undeserved Respect) നെ വിമർശിക്കാൻ അദ്ദേഹം തന്റെ 'മിഥ്യയായ ദൈവ' ത്തിലെ (The God Delusion) ഒരു ഭാഗം തന്നെ മാറ്റിവെച്ചിരിക്കുന്നു. അദ്ദേഹം എഴുതുന്നു:

'മതചിന്തകൾ യുക്തിയുക്തമായ ന്യായീകരണങ്ങളെ ആശ്രയിക്കുന്നില്ലായെന്നതിനാലാണ് ഇത്രയധികം ശക്തിയും പ്രസക്തിയും നേടിയത്. നാമെല്ലാം (നാസ്തികർ) നമ്മുടെ വാദഗതികളെ പ്രതിരോധിക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ, തന്റെ വിശ്വാസങ്ങളെ ന്യായീകരിക്കാൻ ഒരു വിശ്വാസിയോട് ആവശ്യപ്പെട്ടാൽ, അത് മതസ്വാതന്ത്ര്യത്തിന്റെ ലംഘനമായിമാറുന്നു.'

ഇതിലെ ആദ്യവരി തന്നെ, ഇസ്‌ലാമിന്റെ ബൗദ്ധികസംവാദനിയമങ്ങളോട് കടകവിരുദ്ധമായാണ് നിലകൊള്ളുന്നത്. എല്ലാ മതങ്ങളും ഒരുപോലെയാണെന്ന് വരുത്തിത്തീർക്കാൻ ഡാക്കിൻസ് ഉപയോഗിക്കുന്ന അതിരുകടന്ന സ്വാതന്ത്ര്യം അതിശയകരം തന്നെ.

വിശ്വാസത്തിന്റെ മുന്നുപാധിയെന്നോണം യുക്തിന്യായം അത്യന്താപേക്ഷിതമാണെന്നാണ് ഇസ്‌ലാം പ്രസ്താവിക്കുന്നത്. കൂടാതെ, ഖുർആനികാധ്യാപനങ്ങളെ വ്യാഖ്യാനിക്കാൻ ഒട്ടനവധി യുക്തിന്യായങ്ങൾ വിശുദ്ധ ഖുർആൻ തന്നെ സമർപ്പിക്കുന്നു. വിശുദ്ധ ഖുർആനുമായി ഒരു ബൗദ്ധികസംവാദത്തിലേർപ്പെടാൻ ധൈര്യപ്പെടുന്നവരെ, ***'നിങ്ങൾ നിങ്ങളുടെ തെളിവ് കൊണ്ടുവരിക'*** (21:25)യെന്ന് പ്രസ്താവിച്ചുകൊണ്ട് ഖുർആൻ വെല്ലുവിളിക്കുകയും ചെയ്യുന്നു.

വിശ്വാസകാര്യങ്ങൾക്ക് യുക്തിയുടെ പിന്തുണ വേണമെന്നും, വിജ്ഞാനസംവാദങ്ങളിൽ ഒരാൾക്ക് തന്റെ വാദങ്ങളെ പ്രമാണീകരിക്കാനുള്ള പിൻബലമാവശ്യമുണ്ടെന്നും ഇസ്‌ലാം സമർത്ഥിക്കുന്നു. എന്തെല്ലാമായാലും ശരി, ഒരു വ്യക്തിയുടെ മതവിശ്വാസത്തെ പരസ്യമായി നിന്ദിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന ബാലിശമായ രീതി, വികലവും അപക്വവുമാണെന്ന് പറയാതെ വയ്യ. പുണ്യവ്യക്തികളെ പരിഹാസ കഥാപാത്രങ്ങളാക്കുന്ന പ്രവണത ഇതിനൊരുദാഹരണമാണ്. അവ സൽപ്രവൃത്തികളുടെയും ആദരവിന്റെയും തത്വങ്ങൾ ലംഘിക്കുമ്പോൾ, വിദ്വേഷജനകങ്ങളായി മാറുന്നു. കാരണം, ഇത്തരം ആദരവില്ലാത്ത പരാമർശങ്ങൾ തൂലികയിലും മഷിയിലും ഒതുങ്ങാതെ ഭൗതികാഘാതങ്ങൾക്ക് ഹേതുവാകുന്നു.

പലതരം വിശ്വാസമുള്ളവർ തമ്മിൽ എങ്ങനെ പെരുമാറണമെന്നതിനെ സംബന്ധിച്ച് പ്രശസ്ത ബിബിസി റിപ്പോർട്ടർ ഇവാൻ ഡേവിസ് (Evan Davis), ഡാക്കിൻസിനോട് ഇങ്ങനെ ചോദിക്കുകയുണ്ടായി: 'ഈ മത്സരത്തിലെ നിയമങ്ങൾ എന്തെല്ലാമാണെന്നാണ് നിങ്ങൾ കരുതുന്നത്?' ഡാക്കിൻസ് ഇപ്രകാരം പറഞ്ഞു:

'നിങ്ങൾക്കിഷ്ടമുള്ളത് വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടാവണമെന്നതാണ് ഈ മത്സരത്തിലെ നിയമങ്ങളിലൊന്ന്. അത് തീർച്ചയായും ശരിയാണ്. എന്നാൽ, എന്റെ വിശ്വാസം ഞാൻ മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാൻ പാടുള്ളതല്ല. 'ഞങ്ങൾ വിശ്വസിക്കുക മാത്രമല്ല, നിങ്ങളുമിതിൽ വിശ്വസിക്കണം. ഇല്ലെങ്കിൽ...' എന്ന് പറയാൻ തനിക്ക് അധികാരമുണ്ടെന്ന് ഒരു ദൈവവിശ്വാസി നിനച്ചാൽ, അത് ജനാധിപത്യ നിയമങ്ങളുടെ കടുത്ത ലംഘനമാകുന്നു.'

ഫ്രാൻസിലെ ബുർഖാ നിരോധനത്തെപ്പറ്റി ചോദിച്ചപ്പോൾ ഡോക്കിൻസ് നൽകിയ മറുപടി ആശ്ചര്യകരമാണ്: 'ഞാൻ ബുർഖാ നിരോധനത്തെ അനുകൂലിക്കുന്നില്ല. വ്യക്തിസ്വാതന്ത്ര്യത്തിന്റെ ലംഘനമായാണ് ഞാനതിനെ കാണുന്നത്. എന്നാൽ, ഒരു വിടവ് മാത്രം വെച്ച് ബാക്കിയെല്ലാം ബുർഖയാൽ മറക്കുന്നവരെ കാണുമ്പോൾ, ഞാൻ സ്വയം അപമാനിതനായി പോകുന്നു. വ്യക്തിപരമായ അഭിപ്രായങ്ങൾക്ക് ഇതിലൊരു പ്രാധാന്യവുമില്ലെന്നതാണ് എന്റെ നിലപാട്. എന്റെ വിശ്വാസങ്ങളെ മറ്റുള്ളവർ പിന്തുടരേണ്ടതില്ല. ഈ നിലപാട് എല്ലാവർക്കും ബാധകമാണ്.'

വ്യക്തിസ്വാതന്ത്ര്യത്തിലൂന്നികൊണ്ട്, സ്ത്രീകൾക്ക് അവർ ഇഷ്ടപെട്ടത് ധരിക്കാനുള്ള അവകാശം നൽകുകയും, അതിനെ പക്ഷപാതത്തോടെ കാണാതിരിക്കുകയും ചെയ്യുന്ന ഡോക്കിൻസ് അഭിനന്ദനാർഹനാണ്. 'എന്റെ വിശ്വാസം ഞാൻ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കാൻ പാടുള്ളതല്ല' യെന്ന് അദ്ദേഹം പറയുമ്പോൾ അത് തൃപ്തികരമായി തോന്നുന്നു. എന്നാൽ ആ വാക്കുകളെ പൊതുസമൂഹത്തിന്റെ ചിന്താധാരയിലേക്ക് വിട്ട്കൊടുക്കുമ്പോൾ, അവ അപ്രതീക്ഷിതങ്ങളായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചേക്കാം. എന്തെല്ലാമായാലും ശരി, സഹജീവികളുടെ വികാരവിചാരങ്ങൾക്ക് വലിയ പ്രാധാന്യം തന്നെയാണുള്ളത്.

മനുഷ്യർ തമ്മിൽ സമൂഹമധ്യത്തിൽ പരസ്പരം അവഹേളിക്കുന്നത് മൂലമുണ്ടാകുന്ന (പ്രത്യേകിച്ച് ഇസ്‌ലാമിന്റെ കാര്യത്തിൽ) വിനാശകരമായ ആഘാതങ്ങളെയും വിപത്തുകളെയും പറ്റി ഡോക്കിൻസ് അജ്ഞനാണെന്ന് വേണം കരുതാൻ.

'എന്റെ വിശ്വാസങ്ങളെ മറ്റുള്ളവർ പിന്തുടരേണ്ടതില്ല' യെന്ന പരാമർശത്തിലൂടെ, ഒരുപാട് സമസ്യകൾക്കുള്ള പരിഹാരമാണ് ആധുനിക നാസ്തികർ ലക്ഷ്യമിടുന്നത്. സഹജീവികളുടെ വികാരവിചാരങ്ങൾ മാനിക്കാത്തത് പല തലങ്ങളിലുള്ള പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും, വിദ്വേഷകുറ്റകൃത്യങ്ങളിൽ തുടങ്ങി കൊലകളിലേക്ക് വരെ നയിക്കുകയും ചെയ്യുന്നതാണ്.

ഉദാഹരണമായി, സൈക്കോളജി ടുഡേ (Psychology Today) യുടെ പഠനപ്രകാരം, അമേരിക്കയിലെ മൂന്നിൽ രണ്ട് കൊലപാതകങ്ങളും, പൊതുമധ്യത്തിൽ അവഹേളിക്കപ്പെട്ട യുവാക്കളാൽ നടപ്പാക്കപ്പെട്ടവയാണ്. ആളുകളെ പരസ്യമായി അവഹേളിക്കുന്നതിലൂടെ ഒരുപാട് അക്രമങ്ങൾ രൂപപ്പെടുന്നുവെന്നാണ് കുറ്റശാസ്ത്രവിദഗ്ധരുടെ അഭിപ്രായം. 'അഭിമാനക്കൊലകളു'ടെ എണ്ണത്തിൽ വലിയ വർധനയാണ് കഴിഞ്ഞ വർഷങ്ങളിലുണ്ടായിട്ടുള്ളത്. മറ്റുള്ളവരുടെ മുന്നിൽ അപമാനിക്കപ്പെട്ടുവെന്ന തോന്നലിൽ നിന്ന് രൂപംകൊള്ളുന്ന രോഷം മൂലമാണ് ഈ യുവാക്കൾ കൊലപാതകികളായി മാറുന്നത്.

തെളിവുകളുടെ അഭാവമുള്ളതിനാൽ, മതാധ്യാപനങ്ങളെയും മതവികാരങ്ങളെയും മാനിക്കേണ്ടതില്ലെന്നാണ് ആധുനിക നാസ്തികരുടെ വാദം. അവരുടെ വാദം അവിടെയും ഒതുങ്ങുന്നില്ല. സർ ഇഖ്ബാൽ സക്രാനിയെന്ന (Sir Iqbal Sacranie) ഒരു മിതവാദിയായ മുസ്‌ലിമിനെ ആൻഡ്രൂ മുള്ളറെന്ന (Andrew Mueller) മാധ്യമപ്രവർത്തകൻ അഭിമുഖം നടത്തിയതിനെപ്പറ്റി ഡോക്കിൻസ് പരാമർശിക്കുന്നു. ഹസ്റത്ത് മുഹമ്മദ് മുസ്തഫ (സ) യെ മോശമായി ചിത്രീകരിച്ച ഡാനിഷ് കാർട്ടൂണുകളെക്കുറിച്ചായിരുന്നു (Danish Cartoons) ചർച്ച. 'മാതാപിതാക്കൾക്കും കുട്ടികൾക്കും നല്കപ്പെടുന്നതിനേക്കാൾ സ്ഥാനവും, ശ്രദ്ധയും, ആദരവും മുഹ

മ്മദ് (സ) ക്ക് നൽകപ്പെടുന്നു' വെന്ന സക്രാനിയുടെ പരാമർശത്തെ മുള്ളർ ഇപ്രകാരം തെറ്റിദ്ധരിക്കുന്നു:

'തങ്ങളുടെ മതമാണ് ഏകമാർഗവും, സത്യവും, പ്രകാശവും എന്ന് വിശ്വസിക്കുന്ന ഏതൊരു മതക്കാരനെയും പോലെ, തങ്ങളുടെ മതമൂല്യങ്ങളാണ് മറ്റെല്ലാത്തിനേക്കാളുമുപരി മികച്ചതെന്ന് മുസ്‌ലിങ്ങളും വിശ്വസിക്കുന്നു. ഏഴാം നൂറ്റാണ്ടിലെ ഒരു ഉപദേശകനെ സ്വന്തം കുടുംബത്തേക്കാൾ ഒരുവൻ സ്നേഹിക്കുന്നുണ്ടെങ്കിൽ, അത് അവന്റെ മാത്രം കാര്യമാണ്. അതിനെ ഗൗരവമുള്ളതായി കണക്കാക്കേണ്ട ബാധ്യത മറ്റുള്ളവർക്കില്ല.'

ഒന്നാമതായി, ഇസ്‌ലാമിനോടുള്ള ആധുനിക നാസ്തികരുടെ സമീപനം അപക്വമായ മുൻവിധിയാൽ മലിനമാക്കപ്പെട്ടിരിക്കുന്നു എന്നതിന് ഉദാഹരണമാണ് ആൻഡ്രൂ മുള്ളറുടെ പ്രസ്താവന. ഇസ്‌ലാമിനെക്കുറിച്ച് ആധുനികനാസ്തികർ വെച്ച് പുലർത്തുന്ന വ്യർത്ഥമായ മുൻധാരണയാണ് 'തങ്ങളുടെ മതമൂല്യങ്ങളാണ് മറ്റെല്ലാത്തിനേക്കാളുമുപരി മികച്ചതെന്ന് മുസ്‌ലിങ്ങളും വിശ്വസിക്കുന്നു' എന്ന പരാമർശത്തിൽ നിന്ന് സ്പഷ്ടമാകുന്നത്. കാർട്ടൂണുകളാൽ മുസ്‌ലിങ്ങൾ വേദനിക്കപ്പെട്ടതിന്റെ കാരണങ്ങളിലേക്ക് ശ്രദ്ധയൂന്നാതെ, ഇസ്‌ലാമിനെക്കുറിച്ച് നുണപ്രചാരണം നടത്താനാണ് ഡാക്കിൻസ് ഈ അഭിമുഖത്തെപ്പറ്റി പരാമർശിക്കുന്നത്. വാദം മനുഷ്യാദരവിന്റെ അടിസ്ഥാനതത്ത്വങ്ങൾക്കെതിരാണ്. അഭിപ്രായസ്വാതന്ത്ര്യത്തിന്റെ മറവിൽ, 200 കോടിയോളം മനുഷ്യർ പുണ്യാത്മാവായി കരുതുന്ന ഒരു വ്യക്തിയെപ്പറ്റി സ്വയം വിലകുറഞ്ഞ പരാമർശങ്ങൾ അഴിച്ചുവിടുന്നത്, ഒരു മാന്യവ്യക്തിയെ സംബന്ധിച്ച് അനുചിതവും ധിക്കാരപരവുമാണ്. അവ മനുഷ്യരാശിക്കിടയിൽ അപമാനത്തിനും നാണക്കേടിനും അക്രമത്തിനും ഹേതുവായേക്കാം. അതിനാൽ തന്നെ, കുഴപ്പത്തിന്റെയും കലാപത്തിന്റെയും അഗ്നിയെ ഊതിക്കത്തിക്കാനുതകുന്ന നയങ്ങൾ ഒഴിവാക്കപ്പെടേണ്ടത് തന്നെയാണ്. എന്നാലും, വിദ്വേഷം പരത്തുന്ന എഴുത്തുകൾക്കെതിരെ നടക്കുന്ന അക്രമങ്ങളെ ഇത് ന്യായീകരിക്കുന്നില്ല.

ദൈവനിഷേധിയായ ഒരുവനാൽ, നിങ്ങളുടെ മാതാവ് സമൂഹമധ്യത്തിൽ അവഹേളിക്കപ്പെട്ടാൽ, അതിൽ നിന്ന് മുഖം തിരിച്ചു കടന്നു കളയാൻ എത്ര പേർ തയ്യാറാകും? മുസ്‌ലിങ്ങൾ തങ്ങളുടെ മാതാക്കളെക്കാളേറെ പ്രവാചകനെ (സ) ബഹുമാനിക്കുന്നുവെന്നറിഞ്ഞിട്ടും, 'അതിനെ ഗൗരവമുള്ളതായി കണക്കാക്കേണ്ട ബാധ്യത മറ്റുള്ളവർക്കില്ല' എന്ന് നിർലജ്ജമായി പറഞ്ഞു നടക്കാൻ ഒരാൾക്കെങ്ങനെയാണ് സാധിക്കുക?

## ആശയവിനിമയത്തിലെ ഇസ്‌ലാമിക മര്യാദകൾ

സഹജീവികളോടുള്ള ധിക്കാരപരവും തരംതാണതുമായ പെരുമാറ്റങ്ങളെ ഇസ്‌ലാം ശക്തമായി എതിർക്കുക മാത്രമല്ല, വിനയത്തിന്റെയും മാന്യതയുടെയും സന്തുലനം കാഴ്ചവെക്കാനുള്ള ആഹ്വാനം നടത്തുകയും ചെയ്യുന്നു. നമുക്ക് ലഭിക്കണമെന്ന് നാം ആഗ്രഹിക്കുന്ന അതെ സ്നേഹം തന്നെ മറ്റുള്ളവർക്ക് നാം നല്കണമെന്ന് ഇസ്‌ലാം കൽപ്പിക്കുന്നു. ആരുടെ കൈകളിൽ നിന്നും നാവിൽ നിന്നുമാണോ മറ്റുള്ളവർ സുരക്ഷിതരായിട്ടുള്ളത്, അവരാണ് മുസ്‌ലിങ്ങൾ എന്നാണ് ആ മതം പഠിപ്പിക്കുന്നത്. മുസ്‌ലിങ്ങൾ തമ്മിലുള്ള ആശയവിനിമയം ആരംഭിക്കുന്നതുപോലും പരസ്പരം സമാധാനം നേർന്നുകൊണ്ടാണ് (അസ്സലാമു അലൈക്കും) എന്നതാണ് വാസ്തവം. മറ്റെന്ത് വിനിമയം ചെയ്യപ്പെടുന്നതിനും മുൻപായി സമാധാനം വിനിമയം ചെയ്യപ്പെടുന്നു. അത്തരം നന്മയാണ് മുസ്‌ലിങ്ങൾ തമ്മിൽ നിലനിൽക്കുന്നത്. ദയാവായ്പോട് കൂടി സംസാരിക്കുന്നതിനും, സഭ്യമായ ഭാഷ ഉപയോഗിക്കുന്നതിനും പ്രവാചകൻ എത്രമാത്രം വിലകൽപിച്ചിരുന്നുവെന്നാൽ, അവ നരകശിക്ഷയിൽ നിന്ന് പോലും രക്ഷിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു.

'കലിമത്തിൻ ത്വയ്യിബത്തിൻ' (പരിശുദ്ധമായ വചനം ബാഹ്യവും ആന്തരികവുമായ രീതികളിൽ ഉപകാരപ്രദവും, വിദ്വേഷത്തിൽ നിന്നും പകയിൽ നിന്നും മുക്തമായതുമായ ഒരു പരിശുദ്ധവാക്ക്) എന്ന പദത്തിലൂടെ, ഒരുപാട് കാര്യങ്ങൾ നബി തിരുമേനി (സ) പകർന്നു നൽകാൻ ഉദ്ദേശിച്ചിരിക്കുന്നു. ഈ പദത്തെ വളരെ സമഗ്രമായ രീതിയിലാണ് വിശുദ്ധ ഖുർആൻ ഉപയോഗിക്കുകയും വിവരിക്കുകയും ചെയ്തിട്ടുള്ളത്. പ്രഭാഷണം, സംഭാഷണം, സംവാദം എന്നിവ മാത്രമല്ല, ഏത് തരത്തിലുള്ള വിനിമയങ്ങളിലുമാവട്ടെ, ഒരു മുസ്‌ലിം അവലംബിക്കേണ്ട രീതിയെപ്പറ്റി മനസിലാക്കി തരാനുള്ള വീഥി വിശുദ്ധ ഖുർആൻ രൂപപ്പെടുത്തിയിരിക്കുന്നു. ഒരു പരിശുദ്ധ വചനത്തെ വിശുദ്ധ ഖുർആൻ ഇപ്രകാരം വിവരിക്കുന്നു:

***'അല്ലാഹു ഒരു ഉപമ എങ്ങനെ വിവരിച്ചിരിക്കുന്നുവെന്ന് നീ കണ്ടില്ലേ. അതായത് ഒരു പരിശുദ്ധ വചനത്തെ ഒരു നല്ല വൃക്ഷത്തോട് ഉപമിച്ചിരിക്കുന്നത്. അതിന്റെ അടിവേര് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തിൽ ഉയർന്നു നിൽക്കുന്നതും ആണ്. അതിന്റെ നാഥന്റെ കൽപനപ്രകാരം അത് അതിന്റെ (പുതു) ഫലങ്ങൾ സദാ നൽകിക്കൊണ്ടിരിക്കുന്നു. മനുഷ്യർ ചിന്തിച്ചു ഗ്രഹിക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിക്കുന്നു.' (14: 25 -26)***

ഇത്തരം ഉന്നതമായ ഗുണങ്ങളോട് കൂടിയ ഒരു സംഭാഷണ രീതി സ്വീകരിക്കാൻ, ഉത്കൃഷ്ടനായ മനുഷ്യനെ ഈ വാക്കുകളിലൂടെ ഇസ്‌ലാം വിളിക്കുകയും, അതിനായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു. സത്യത്തിന്റെയും നിലനിൽക്കുന്ന നന്മയുടെയും മണ്ണിൽ ഉറപ്പിച്ചു നാട്ടിയ ജീവിതത്തിന്റെ വൃക്ഷമായി അത് മാറുന്നു. ഈ പ്രയോഗം പലകാരണങ്ങളാൽ മികച്ചതാണ്.

ഒന്നാമതായി, ഒരു വൃക്ഷത്തിന്റെ വേര് ഉപരിതലത്തിലുള്ള ജലത്തെ വലിച്ചെടുക്കുകയും, എതിർവൃതിവ്യാപനത്തിലൂടെ (Reverse Osmosis) ഗുരുത്വമെന്ന (Gravity) പ്രകൃതിയുടെ വലിവിനെ മറികടന്നു കൊണ്ട് ജലത്തെ വൃക്ഷത്തിന് നൽകുകയും ചെയ്യുന്നു. ഏറ്റവും ആകർഷണീയവൃക്ഷങ്ങളായ ഓക്കും (Oak) സെഖോയയും (Sequoia) ഒരു ദിവസം കൊണ്ട് 500 ഗാലൺ (500 Gallons) ജലം വലിച്ചെടുക്കുന്നു.

എത്രമാത്രമെന്നാൽ, അവയിൽ നിന്ന് വരുന്ന വലിയ അളവിലുള്ള നീരാവി, സാന്ദ്രീകരണത്തിന് (Condensation) വിധേയമായി മഴ വർഷിക്കുകയും മുഴുവൻ വനസമ്പത്തിനും അനുഗ്രഹമായി മാറുകയും ചെയ്യുന്നു.

അതിനാൽ, ശുദ്ധനന്മയുടെയും സത്യത്തിന്റെയും ജലം വലിച്ചെടുക്കുന്ന തരത്തിലുള്ള സംഭാഷണങ്ങളെയാണ് ഇസ്‌ലാമിൽ 'പരിശുദ്ധമായ വചനം' കൊണ്ട് ഉദ്ദേശിക്കുന്നത്.

ഒരു മനുഷ്യമനസ്സിന്റെ അടിമണ്ണ് പരിശുദ്ധമാണെങ്കിൽ, അയാളുടെ ചിന്തകളായി പുറത്തുവരുന്ന ജലവും പരിശുദ്ധമായിരിക്കും.

എന്നാൽ, മനുഷ്യാനുകമ്പയുടെയും പ്രപഞ്ചസ്നേഹത്തിന്റെയും ജലം ഒരാളുടെ ഹൃദയത്തിന്റെ അടിത്തട്ടിലില്ലെങ്കിൽ, അതവന്റെ സംഭാഷണങ്ങളിൽ പ്രതിഫലിക്കുന്നതാണ്.

എതിർവൃതിവ്യാപനമെന്ന സമർത്ഥമായ പ്രക്രിയയാണ് ഈ ഉദാഹരണത്തിന്റെ മറ്റൊരു ഗുണവിശേഷം. ഗുരുത്വം സ്വാഭാവികമായി ജലത്തെ താഴേക്ക് വലിക്കുകയും, എതിർവൃതിവ്യാപനം മൂലകങ്ങളുമായി പോരാട്ടത്തിലേർപ്പെടുകയും, ഗുരുത്വത്തെ ഭേദിച്ച് ജലത്തെ മുകളിലേക്ക് വലിക്കുകയും ചെയ്യുന്നു. ഇത് പോലെത്തന്നെ, അനുകമ്പയുടെയും നന്മയുടെയും ജലത്തെ താഴേക്ക് വലിക്കുന്ന തന്റെ തന്നെ മൃഗതൃഷ്ണയുമായി പോരാടാൻ, ഒരു വിശ്വാസിക്ക് പരിശുദ്ധ വചനത്താൽ സാധിക്കുന്നു.

അതിനാൽ, പരിശുദ്ധ വചനത്തിന്റെ ആദ്യഗുണം മനുഷ്യഹൃത്തിന്റെ മണ്ണുമായും, സഹാനുഭൂതിയുടെയും ആദരവിന്റെയും ജലവുമായും ആന്തരികബന്ധത്തിലേർപ്പെട്ടിരിക്കുന്നു. കാരണം, ശ്രോതാവിന് ജീവൻ നൽകുന്ന രീതിയിലുള്ള, മനോഹരവും ഗുണപ്രദവുമായ സംഭാഷണത്തിന്റെ ഉദ്യാനത്തെ നനക്കുന്നത് ഈ ജലമാണ്.

രണ്ടാമതായി, ഒരു വിശ്വാസിയുടെ നീചപ്രകൃതമാകുന്ന ഗുരുത്വബലം, അവനെ എത്ര താഴേക്ക് വലിക്കാൻ ശ്രമിച്ചാലും, അതിനെതിരായി അവൻ തന്റെ അസാമാന്യസ്നേഹവും ഉന്മേഷവുമാകുന്ന ജലത്തെ മുകളിലേക്ക് വലിക്കുന്നു. ഒരു വൃക്ഷം ഗുരുത്വത്തെ ഭേദിക്കുന്നത് പോലെ.

വൃക്ഷത്തിന്റെ തടിയെ മണ്ണിൽ നാട്ടി നിർത്തുകയെന്നതാണ് വേരിന്റെ മൂന്നാമത്തെ ധർമം. വൃക്ഷത്തിന്റെ കർമത്തെയും പ്രവർത്തനത്തെയും വെല്ലുവിളിക്കുന്ന കൊടുങ്കാറ്റുകളെയും, മറ്റ് കാലാവസ്ഥ വ്യതിയാനങ്ങളെയും പ്രതിരോധിക്കാനും, അത് വഴി വൃക്ഷത്തെ പരിപാലിക്കാനും വേര് സഹായിക്കുന്നു.

അതിനാൽ, സത്യത്തിൽ ശക്തമായി ആഴ്ത്തപ്പെടുകയും, യുക്തിയുടെയും വിവേകത്തിന്റെയും സഹായത്തോടെ ക്രമത്തിൽ സ്ഥാപിക്കപ്പെടുകയും ചെയ്തിട്ടുള്ള വേരാകുന്നു 'പരിശുദ്ധ വചനം'. വേര് ആഴ്ന്നിറങ്ങിയ മണ്ണ്, ചെളി നിറഞ്ഞതോ, ഓക്സിജന്റെയും ഈർപ്പത്തിന്റെയും അളവ് പ്രതികൂലമായതോ ആണെങ്കിൽ, ആ വൃക്ഷത്തിന്റെ വളർച്ച മുരടിക്കുകയും അതിന്റെ ശക്തിഘടന തകർക്കപ്പെടുകയും ചെയ്യുന്നു.

ഒരു വൃക്ഷത്തിന് ഓക്സിജനും പോഷകവുമെന്ന പോലെ, പരിശുദ്ധ വചനം സത്യമാകുന്ന മണ്ണിനെ അനുഭവിക്കുകയും, വളരുകയും പുഷ്ടിപ്പെടുകയും, യുക്തിയുടെയും ജ്ഞാനത്തിന്റെയും നിയമങ്ങളാൽ ക്രമീകരിക്കപ്പെടുകയും ചെയ്യേണ്ടതാണ്.

## നവീനഭാഷണത്തിന്റെയും വിനിമയത്തിന്റെയും വനം

പരിശുദ്ധ വചനങ്ങളും പ്രഭാഷണങ്ങളും വിനിമയവും നിറഞ്ഞ ഒരു വനമായി ഉമ്മത്തിനെ മാറ്റിയെടുക്കാൻ, ഓരോ വിശ്വാസിയും 'ശജറത്തിൻ ത്വയ്യിബത്തിൻ' (ശുദ്ധവും ശ്രേഷ്ഠവും ആയ വൃക്ഷം) ആവണമെന്ന് ഇസ്‌ലാം നിർദ്ദേശിക്കുന്നു. വനത്തിലെ വൃക്ഷങ്ങൾ അവയുടെ തണലാൽ ഭൂമിയെ പൊതിയുന്നു. അതിനാലാണ് സ്വർഗത്തെ 'ജന്ന' അഥവാ തണുത്ത തണലാൽ മൂടപ്പെട്ട സ്ഥലമെന്ന് വിശേഷിപ്പിക്കുന്നത്. കാർബൺ ഡയോക്സൈഡിനേയും മറ്റു മലിനകാരികളെയും വലിച്ചെടുത്ത് ഓക്സിജനെ പുറന്തള്ളുന്ന വൃക്ഷത്തെപ്പോലെ, നിർദയ വാക്കുകൾ കേൾക്കുന്ന ഒരു വിശ്വാസി, ചൈതന്യമുള്ള വാക്കുകളാൽ അതിന് മറുപടി പറയുന്നു. അത് എതിരാളിയെ സത്യം ബോധ്യപ്പെടുത്തിക്കൊണ്ടാവാം. അല്ലെങ്കിൽ, അവന്റെ രീതികളിലെ അബദ്ധങ്ങൾ ചൂണ്ടിക്കാണി

ച്ചു കൊണ്ടാവാം. അതുമല്ലെങ്കിൽ, മറ്റുള്ളവരെ വേദനിപ്പിക്കുന്നതിൽ നിന്ന് അവനെ പിന്തിരിപ്പിച്ചു കൊണ്ടുമാവാം.

വൃക്ഷം നമുക്ക് തേനും, സൗന്ദര്യവും, സുഗന്ധങ്ങളും പ്രധാനം ചെയ്യുന്നത് പോലെ, വിനിമയത്തിലും സംഭാഷണത്തിലും, വിഭവസമൃദ്ധവും ഹരിതാഭവുമായ നീതിവൃക്ഷങ്ങളായി മാറാനാണ് മുസ്ലിങ്ങൾ ആഹ്വാനം ചെയ്യപ്പെട്ടിട്ടുള്ളത്.

ഇത്രയും മഹത്ത് നിലവാരത്തിലുള്ള പാരസ്പര്യത്തിലേക്കാണ് ഇസ്ലാം മനുഷ്യനെ ക്ഷണിക്കുന്നത്. ഇസ്ലാമിക മര്യാദയുടെ പരമമായ ഗുണങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരുവൻ, വാക്കുകൾ ഉച്ചരിക്കുന്നതിനു മുൻപ് ഒരായിരം തവണ ചിന്തിക്കുന്നു.

ഇങ്ങനെ, ഇസ്ലാം മൗനത്തെ അധീനപ്പെടുത്തുകയും, വേദനാജനകവും നിരുപകാരപ്രദവുമായ വാക്കുകൾക്ക് മേൽ അതിനെ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പണ്ട് പറഞ്ഞുപോയതിനെപ്പറ്റി ഖേദിക്കുന്ന ഒരുവൻ, 'ചിലപ്പോളെല്ലാം മൗനം ദീക്ഷിക്കുകയാണ് ഉത്തമം' എന്ന അഭിപ്രായമുള്ളവനായിരിക്കും.

## കുലീനതയുടെ മഹനീയവൃക്ഷം അരങ്ങുവാഴുന്നു

പരിശുദ്ധമായ വാക്കിനെ പുണ്യവൃക്ഷത്തോട് ഉപമിക്കുന്നതിന്റെ ഏറ്റവും സ്പഷ്ടമായ ഉദാഹരണമാണ് ഇസ്ലാമിന്റെ പുണ്യ പ്രവാചകരുടെ (സ) ജീവിതം. നന്മയുടെ മണ്ണും, സത്യത്തിൽ ആഴ്ത്തിയ വേരും, അവിടുത്തെ വചനങ്ങൾ നൽകിയ ജീവനുമെല്ലാം ഉൾപ്പെട്ട ശജറത്തിൻ ത്വയ്യിബത്തിന്റെ മനോഹരമായ ഒരുദാഹരണമാണ് താഴെയുള്ളത്.

ഒരിക്കൽ ഒരു മുസ്ലിം ഒരു ജൂതനോട്, മുഹമ്മദ് നബി (സ) ക്ക് മൂസ നബി (അ) യെക്കാൾ ശ്രേഷ്ടതയുണ്ടെന്ന് പറഞ്ഞപ്പോൾ അയാൾ വേദനിക്കുകയും, ആ പ്രശ്നവുമായി മുഹമ്മദ് നബി (സ) യെ സമീപിക്കുകയും ചെയ്തു. ആധുനിക നാസ്തികരുടെ വാദത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ, അഭിപ്രായസ്വാതന്ത്ര്യത്തിന്റെ പേരിൽ ഈ പ്രശ്നത്തെ നബി (സ) മാറ്റിനിർത്തുമായിരുന്നു.

അവരുടെ അഭിപ്രായത്തിൽ, മൂസ നബി (അ) യെക്കാൾ ശ്രേഷ്ഠത മുഹമ്മദ് നബി (സ) ക്കുണ്ടെന്ന് വാദിക്കാനുള്ള എല്ലാ അവകാശവും മുസ്ലിമിന് ഉണ്ടായിരുന്നു. എന്നിട്ടും, ദയയുടെയും അനുകമ്പയുടെയും ഉത്തമമാതൃകയായ നബി തിരുമേനി (സ), ആ ജൂതസഹോദരന്റെ വേദന തിരിച്ചറിഞ്ഞു. മനുഷ്യകുലത്തോടുള്ള നബി (സ) യുടെ സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും സമ്മർദ്ദത്താൽ അവിടുന്ന് 'മൂസാ (അ) യെക്കാൾ മുൻഗണന എനിക്ക് നൽകരുത്' എന്ന് ആ മുസ്ലിം സഹോദരനെ ഉപദേശിക്കുകയുണ്ടായി.

നീതിയുടെ അടിസ്ഥാനനിലയിൽ നിന്നും ഉയർന്നുനിൽക്കുന്ന ആദർശത്തെ എപ്രകാരമാണ് ഇസ്ലാം പരിപോഷിപ്പിക്കുന്നത് എന്നതിന്റെ മറ്റൊരു ഉദാഹരണമാണിത്. എല്ലാ തലത്തിലുമുള്ള ദയയും, മറ്റുള്ളവരുടെ വികാരങ്ങളെ ബഹുമാനിക്കലും ഇസ്ലാം മുന്നോട്ട് വെക്കുന്ന ആദർശങ്ങളാണ്.

രണ്ടാമതായി, ജൂതസഹോദരൻ പരാതിയുമായി നബി (സ) യുടെ അടുത്തേക്ക് പോയതിൽ നിന്ന്, അവിടുന്ന് അതിരുകളില്ലാത്ത അനുകമ്പയുടെ വക്താവും, മറ്റുള്ളവരുടെ വേദന മനസിലാക്കുന്നയാളുമാണെന്ന് വ്യക്തമാകുന്നു. ഒരാളുടെ അഭിപ്രായസ്വാതന്ത്ര്യം മറ്റൊരാളുടെ പുണ്യപുരാതന വിശ്വാസങ്ങളുമായി സംഘട്ടനത്തിലേർപ്പെടുമ്പോൾ, അതിനെയെങ്ങനെ പരിഹരിക്കണമെന്ന കാലഹരണപ്പെടാത്ത പാഠമാണ് ഇത് ഇന്നത്തെ സ്വയം പ്രഖ്യാപിത യോഗ്യന്മാർക്ക് പകർന്നു നൽകുന്നത്.

വാസ്തവമെന്തെന്നാൽ, തന്റെ നോവിക്കപ്പെട്ട മതവികാരങ്ങളോട് സാന്ത്വനപരമായ സമീപനം ഉണ്ടാകുമെന്ന് അറിയുന്നതിനാലാണ് ജൂതസഹോദരൻ പ്രവാചകസമക്ഷത്തിലേക്ക് ചെല്ലുന്നത്. തന്റെ കാഴ്ചപ്പാടുകൾ പങ്കിടാത്തവരുടെ വിശ്വാസങ്ങളോട് പോലും പ്രവാചകനുണ്ടായിരുന്ന അനുകമ്പയും സ്നേഹവും ആദരവുമാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. മറ്റുള്ളവരെ നിസാരതയോടും വെറുപ്പോടും കൂടി നോക്കി കാണരുതെന്ന പാഠമാണ് ഇത് പ്രവാചകാനുയായികൾക്ക് നൽകുന്നത്. ഒരാൾ മറ്റൊരാളുടെ മതനേതാവിനെപ്പറ്റി അസ്വസ്ഥജനകമായ പ്രസ്താവനകൾ നടത്തിയാൽ, ആ വ്യക്തിയോട് ക്ഷമ തേടുകയോ പ്രസ്താവന പിൻവലിക്കുകയോ ചെയ്യണമെന്ന പാഠം ഇതിനാൽ എല്ലാ കാലത്തുമുള്ള ജനങ്ങൾക്ക് നൽകപ്പെടുന്നു.

മറ്റൊരുവന്റെ മാതാവിനെപ്പറ്റി നിന്ദ്യവും അസംസ്കൃതവുമായ പ്രസ്താവന ഒരുവൻ നടത്തിയാൽ, അതിന് കുറഞ്ഞപക്ഷം ക്ഷമ ചോദിക്കുകയോ പ്രസ്താവന പിൻവലിക്കുകയോ ചെയ്യുന്നതല്ലേ സാമാന്യ മര്യാദ? അപ്പോൾ മാതാവിനേക്കാൾ ബഹുമാനത്തോടെയും മഹത്വത്തോടെയും പരിഗണിക്കപ്പെടുന്ന ഒരാളുടെ കാര്യമോ? എന്നാൽ പ്രശസ്തമായ ഡാനിഷ് കാർട്ടൂണുകളാൽ മുസ്ലിങ്ങൾ വേദനിക്കപ്പെട്ട വിഷയം വരുമ്പോൾ, ഡാക്കിൻസിനെപ്പോലുള്ള ആധുനിക നാസ്തികർ ഉദാസീനരും അലക്ഷ്യരുമായി മാറുന്നു. നിന്ദ്യമായ ഈ കാർട്ടൂണുകളാൽ മുസ്ലിങ്ങൾ അനുഭവിച്ച വേദനയെ വിശദീകരിച്ചു കൊണ്ട് ഡോക്കിൻസ് എഴു

ശേഷം പേജ് 38 ൽ

ജോർദാൻ ഒരു ചരിത്ര ഭൂമി – 4

# പെട്ര: പുരാതന ചരിത്രനഗരി

ചരിത്രത്തിന്റെ നിധികുംഭങ്ങൾ കാക്കുന്ന ജോർദാൻ ഭൂമിയിലൂടെ സഞ്ചാരിയുടെ യാത്ര.

എ. ക്യു. മഹ്ദി

പെട്രാ നഗരത്തിൽ നിന്നും മടങ്ങുന്ന ധാരാളം പേർ എന്നെ കടന്നുപൊയ്ക്കൊണ്ടിരുന്നു. ഞാനും ഇതിനകം ഈ പരിക്കൻ വഴിയിലൂടെ ഏറെനേരം നടന്നു കഴിഞ്ഞു. ഒടുവിലിപ്പോൾ ഞാൻ മലയിടുക്കു മാർഗ്ഗത്തിന്റെ അവസാനമെത്തിയിരിക്കുന്നു. ഇവിടെ അതിശയകരമായ ഒരു ദൃശ്യത്തിലേക്കാണ് എന്റെ ദൃഷ്ടികൾ എത്തിയത്. മലയുടെ വിള്ളലിനുള്ളിലൂടെ അതിമനോഹരമായ ഒരു കെട്ടിടത്തിന്റെ ഒരു ചെറുഭാഗം കാണുന്നു. ഇളം ചുവപ്പുനിറമുള്ള ഡാൻസ് സ്റ്റോണിൽ തീർത്ത ഒരു മന്ദിരം. ശരിക്കും ഈ ചുവന്ന മലകൾ അതിനപ്പുറമുള്ള ഒരു മഹാനഗരത്തെ ഒളിപ്പിച്ചു വച്ചിരിക്കയാണ്. മുകളിൽ കൊത്തുപണികളോടു കൂടിയ നീളൻ തൂണുകളും ഇരുനിലകളുമൊക്കെയുള്ള ഒരു മന്ദിരം. ഇതാകട്ടെ മലയിലെ ഒറ്റ പാറയിൽ കൊത്തിയുണ്ടാക്കിയതാണെന്നറിഞ്ഞപ്പോൾ ഞാൻ വിസ്മയം കൊണ്ട് കുറേ അധികനേരം അതു നോക്കി നിന്നുപോയി.

ഞാൻ കുറേക്കൂടി അതിനരികിലേക്കു നീങ്ങിനിന്നു. ഈ കെട്ടിട ഭാഗത്തിന്റെ ഭംഗിയും അത്ഭുത ഭാവവും കാണാൻ ഇതിനു മുമ്പിൽ സഞ്ചാരികളുടെ ഒരു വലിയകൂട്ടം തന്നെയുണ്ട്. ചുറ്റും കോട്ടകൾ പോലെ നിൽക്കുന്ന ചുവന്നമലകൾ. അതിനു നടുവിലെ ഈ ശിലാമന്ദിരത്തിന്റെ പേരു പറയുമ്പോൾ അൽപ്പം മുമ്പു ഞാൻ പറഞ്ഞ ഒരു വാക്ക് ഒന്നു ഓർത്തു നോക്കണം, ട്രഷറി ബിൽഡിംഗ്. ഇത് പഴയകാല ട്രഷറി മന്ദിരമാണ്. അറബികൾ ഇതിനെ ഖസാന എന്നു വിളിക്കുന്നു. നമ്മുടെ ഭാഷയിൽ ഖജാന അഥവാ ഖജനാവ് എന്നു പറയാം. 125 അടി ഉയരത്തിൽ 12 നില മന്ദിരത്തിന്റെ പൊക്കത്തിൽ കൊത്തിയെടുത്ത ഒരു അത്ഭുത നിർമ്മിതി തന്നെയാണ് ഖസാന.

ബൈസന്റൈൻ കാലത്ത് സമ്പത്ത് ഒളിപ്പിച്ചുവച്ചിരുന്ന കെട്ടിടമാണ് ഇതാണെന്നാണു വിശ്വാസം. ഖസാനയുടെ വിശാല മുറ്റത്ത് കുതിരവണ്ടികളും കോവർകഴുതകളുമൊക്കെ സഞ്ചാരികളെ പ്രതീക്ഷിച്ചു നിൽക്കുന്നുണ്ട്. കാഴ്ചക്കാർ മടക്കയാത്ര തുടങ്ങുമ്പോൾ തങ്ങൾക്കൊരു കോളുകിട്ടുമെന്ന് വണ്ടിക്കാർക്കറിയാം. രണ്ടു മൂന്നു കിലോമീറ്റർ ചുട്ടുപഴുത്ത കൽവഴിയിലൂടെ നടന്നുവന്ന സഞ്ചാരികളിലധികവും ക്ഷീണിതരായി, തിരികെ ഇത്തരം വണ്ടികളെയാണ് ശരണം പ്രാപിക്കുക.

മലയിൽ പലയിടത്തും എന്തോ നിർമ്മിക്കുവാൻ തുടങ്ങിയ ശേഷം ഉപേക്ഷിച്ച പോലുള്ള ചില ഭാഗങ്ങൾ കാണാം. ഒരു കോവർ കഴുത, ചുമലിൽ കറുത്ത എയർ ബാഗും, ചുവന്ന ബഡ്ഷീറ്റ് മടക്കിവച്ചതും വഹിച്ചുകൊണ്ട്, ഒരിടത്ത് ഒപ്പം ആരുമില്ലാതെ തലയും കുനിച്ചു നിൽപ്പുണ്ട് ഏതോ സഞ്ചാരി, കാറിന്റെ ഡോർ തുറന്നിറങ്ങിയപ്പോൾ തന്റെ കഴുതവാഹനം നിർത്തിയിട്ട് എവിടേക്കോ മാറിനിന്ന മട്ടുണ്ട് അതുകണ്ടപ്പോൾ. ഞാനൽപ്പനേരം ആ മിശ്രസന്തതിയെ കണ്ടു നിന്നപ്പോൾ ആ മൃഗത്തിന്റെ ഉടമയായ അറബി യുവാവ് അടുത്ത് വന്ന് അതിനെ ചെറുതായി ഒന്നു തഴുകിയിട്ടു നിൽക്കുന്നതും ശ്രദ്ധിച്ചു. കഴുത തലയാട്ടി, ഉടമയുടെ സാന്നിദ്ധ്യം ശരിവക്കയും ചെയ്തു.

പെട്രായിലെ ഏറ്റവും മനോഹര നിർമ്മിതികളിലൊന്നാണ് ഖസാന. രണ്ടായിരത്തിലേറെ വർഷം മുമ്പ്, മനുഷ്യന്റെ കരവിരുതിൽ രൂപപ്പെട്ട ആ വിസ്മയ ശിലാമന്ദിരത്തിനകത്തേക്ക് ഞാൻ നടന്നു കയറി. ഗ്രീസിലും റോമിലും മറ്റും പുരാതനമായ വമ്പൻ ശിലാമന്ദിരങ്ങളിലും കണ്ടിട്ടുള്ള തരം കൂറ്റൻ തൂണുകൾ. കാലം അവയിൽ വലിയ പോറൽ ഒന്നും ഏൽപ്പിച്ചിട്ടില്ല.

പടവുകൾ കയറിച്ചെല്ലുമ്പോ ൾ ഇത് മലയിൽ വെട്ടിയുണ്ടാക്കിയ ഒരു മന്ദിരമാണെന്നു തോന്നുകയില്ല. കൃത്യമായ അളവുകളിൽ ഭംഗിയായി കൊത്തിയൊരുക്കി മിനുസപ്പെടുത്തിയെടുത്ത ഒരു കെട്ടിടം.

അതിന്റെ ഭിത്തിയിൽ പ്രകൃതിദത്തമായ ചിത്രപ്പണികൾ. ആധുനികനായ ഒരു ചിത്രകാരൻ ക്യാൻവാസിലെഴുതിയ ചിത്രം പോലുണ്ട് പാറയിൽ കൊത്തിയെടുത്ത ആ വാതായനങ്ങളും, കിളിവാതിലുകളും. കിളിവാതിലുകൾ

ക്കു ചുറ്റും കൊത്തിയൊരുക്കിയ അലങ്കാരപ്പണികൾ. ചുമരുകൾ മുഴുവൻ ചിത്രരേഖകൾ കൊണ്ട് നിറഞ്ഞിരുന്നു. ഖസാനയുടെ പൂമുഖത്തു നിൽക്കുമ്പോൾ മുന്നിൽ വിശാലമുറ്റവും അതിന പ്പുറത്ത് മലയുടെ മതിലും കാണാം. മലയിൽ, വശത്തുകണ്ട ആ വിള്ളൽ ഒരിക്കൽ കൂടി ശ്രദ്ധിച്ചു. ലോകപ്രശസ്തി നേടിയ ഈ കൽവിടവിലൂടെയാണ് ഞാനിവിടേ ക്കു കയറിവന്നത്. ഇപ്പോൾ മറിഞ്ഞ് വീണ് തമ്മിൽ മുട്ടിയുരുമ്മി, വഴി അടച്ചുകളയും എന്ന മട്ടിലാണ് ആ വിള്ളൽ രൂപം കൊണ്ടിരിക്കുന്നത്. ആ വിടവ് ഇത്രയും വീതിയുള്ള തായിരുന്നില്ലെങ്കിൽ ഈ മലകൾ ക്കപ്പുറത്ത് ഒരു നഗരം അന്നുണ്ടാ വുമായിരുന്നില്ല.

പെട്ര എന്ന ഈ ശിലാ നഗരത്തെ അധിനിവേശക്കാരിൽ നിന്നും മറച്ചു പിടിച്ചതും ഈ പ്രത്യേകത കാരണമാണ്. മലയിടു ക്കിലെ ചെറിയ പാത അവസാനി ക്കുന്നത് വലിയൊരു നഗരത്തി ലേയ്ക്കാണെന്ന് പുറം ലോകത്ത് അധികമാരും അറിയാതിരുന്നത് മലയുടെ ഈ നിഗൂഢഭാവം കൊണ്ടുതന്നെയാണ്.

ട്രഷറി ബിൽഡിംഗിൽ നിന്നും ഞാൻ പുറത്തിറങ്ങി. ശവകുടീര ങ്ങൾക്കായി പാറ വെട്ടിയുണ്ടാക്കിയ ഭാഗങ്ങൾ എവിടെയുമുണ്ട്. ഖസാനയുടെ മുമ്പിൽ നിന്നും വഴി വീണ്ടും നീണ്ടു കിടക്കുകയാണ്. ഏറെ നടന്നുക്ഷീണിച്ച സഞ്ചാരി കൾ ആ വഴി വരുന്നതു കണ്ടു. ഈ വഴി ചെന്നെത്തുന്നത് പ്രസിദ്ധമായ പെട്രാവാലിയിലേക്കാണ്, പെട്ര താഴ്വരയിലേക്ക്.

പെട്രാ നഗരവും കടന്ന് പാതയങ്ങിനെ നീണ്ടു പോകുന്നു. ലോകപ്രശസ്തമായ സ്പൈസ് റൂട്ട് ഇതുതന്നെയാണെന്ന് ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. അറേബ്യ ഈജിപ്റ്റ്, പാലസ്റ്റീൻ, സിറിയ, ഇന്ത്യ, ചൈന എന്നീ നാടുകളെ ബന്ധിപ്പിച്ചു കച്ചവട സംഘങ്ങൾ നൂറ്റാണ്ടുകളോളം ഈ വഴി സഞ്ചരിച്ചിരുന്നു.

പാതയോരത്തെങ്ങും മലയിൽ രൂപംകൊണ്ട മന്ദിരങ്ങളാണ്. കുറേ മലകളിലും അവയുടെ താഴ്വരകളി ലും ഒന്നാകെ പരന്നു കിടക്കുന്ന പുരാനഗരമാണ് പെട്ര. ഏതോ പുരാണ ചലചിത്രത്തിനു വേണ്ടി ഒരുക്കിയ സെറ്റ് പോലെ തോന്നുന്ന മഹത്തായ ഒരു നഗരം.

ശിലയിൽ കൊത്തിയുണ്ടാ ക്കിയ മന്ദിരങ്ങൾ. ശവക്കല്ലറകൾ, കുളപ്പുരകൾ, അന്ത്യകർമ്മ സ്ഥല ങ്ങൾ, ക്ഷേത്രങ്ങൾ, ആർച്ചുകൾ എന്നിങ്ങനെ എണ്ണൂറിലേറെ പുരാസ്ഥാപനങ്ങളാണ് പെട്രാ നഗരത്തിൽ കണ്ടെത്തിയിട്ടുള്ളത്. ചവിട്ടിക്കടന്നു പോകുന്ന ഓരോ തരിമണ്ണിലും ചരിത്രം പതിഞ്ഞു കിടപ്പുണ്ടെന്ന അറിവ്, എന്റെ ആവേശത്തെ വർദ്ധിപ്പിച്ചുകൊണ്ടി രുന്നു.

ഒട്ടകപ്പുറത്ത് പുരാതന നഗരസന്ദർശനം നടത്തി മടങ്ങുക യാണ് ചില പാശ്ചാത്യ സഞ്ചാരി കൾ. കുട്ടികളും ഉണ്ട് ഒട്ടകമുകളി ൽ. വെയിൽ ചായുകയാണെങ്കിലും ചൂടിനു കുറവൊന്നുമില്ല. എന്റെ ലോകയാത്രകളിൽ ഇത്ര തീക്ഷണ മായ ചൂടിൽ കഴിച്ചുകൂടിയ മറ്റൊരു രാജ്യമോ നഗരമോ ഓർമ്മയിലില്ല. ചിലയിടത്ത് ഒട്ടകങ്ങൾ സഞ്ചാരി കളെ കാത്തുനിൽക്കുന്നു. ഒട്ടക ത്തിനു നൽകിയിരിക്കുന്ന മേൽവ സ്ത്രം തിളക്കമുള്ളതും, വെൽ വെറ്റിനു സമാനമായതുമായിരുന്നു. ഒരു കമ്പളം കൊണ്ടു പുതച്ചതു പോലെ തോന്നും.

അടുത്തടുത്തു നിർമ്മിച്ച അനേകം ശവകുടീരങ്ങളുള്ള ഒരു മല ഇപ്പോൾ വശത്തു കാണുന്നു ണ്ട്. അതിലുമുണ്ട് കെട്ടിടത്തിന്റെ മാതൃകയിലുള്ള കൊത്തുപണികൾ. ഏതോ അജ്ഞാത മനുഷ്യരുടെ ആ ശവകുടീരങ്ങൾക്കരികിൽ നിന്ന് നടന്നെത്തിയത് പെട്രയിലെ പുരാതനമായ അംഫി തിയേറ്ററിനടു ത്തേയ്ക്കാണ്.

പെട്രയിൽ റോമാക്കാർ നിർമ്മിച്ച ഒരു പ്രധാന സംവിധാന മാണ് ഈ ആംഫി തിയേറ്റർ. AD106-ൽ നബറ്റിയൻ രാജാക്കന്മാ രിൽ നിന്നും പെട്രാ നഗരം പിടിച്ചടക്കിയ റോമാക്കാർ പിന്നീട് ഇവിടെ പല പുതിയ നിർമ്മിതികളും ഉണ്ടാക്കി. അതിലൊന്നാണ് ആംഫി തിയേറ്റർ. മലയിടുക്കിൽ മറഞ്ഞു കിടന്ന ഈ നഗരത്തെ 1812-ൽ സ്വിറ്റ്സർലന്റുകാരനായ ഒരു സഞ്ചാരി ജഹാൻ എൽ ബാക്ക് ഹാർട്ടാണ് ആധുനികലോകത്തിന് കാണിച്ചുകൊടുക്കുന്നത്. അതിനു മുമ്പ് എത്രയോ നൂറ്റാണ്ടുകൾ പുറംലോകത്തുനിന്നും മറഞ്ഞുകിട ന്നു ഈ അത്ഭുതനഗരം. ചുറ്റുമുള്ള ചുവന്ന മലകളാകട്ടെ നബറ്റിയൻ സംസ്കാരത്തിന്റെ കളിത്തട്ടായ ശിലാനഗരത്തിനു കാവൽ നിന്നു. ഇന്ന് ഒരു സംരക്ഷിത സ്മാരക മാണ്. സാംസ്കാരികവും പ്രകൃതി ദത്തവുമായ പൈതൃകസ്മാരക ങ്ങളെ സംരക്ഷിക്കുന്നതിനുള്ള ആഗോളകൺവെൻഷൻ, 1985-ൽ പെട്രാ നഗരത്തെ വേൾഡ് ഹെറിറ്റേജ് ലിസ്റ്റിൽ ഉൾപ്പെടുത്തി. ടൂറിസത്തിന്റെ അനന്ത സാധ്യത കൾ തിരിച്ചറിഞ്ഞ ജോർദ്ദാൻ ഭരണകൂടവും പെട്രയെ സംരക്ഷി ച്ചു നിലനിർത്തുന്നതിൽ ഇന്ന് അതീവ ശ്രദ്ധാലുക്കളാണ്.

പെട്രയിൽ സഞ്ചാരികൾക്കാ യി കെട്ടിയുണ്ടാക്കിയ താൽക്കാലിക റസ്റ്ററന്റുകളുണ്ട്. നമ്മുടെ രീതിയിൽ പറഞ്ഞാൽ പരിഷ്കരിച്ച തട്ടുകട കൾ. കൂടാതെ കൗതുകവസ്തു ക്കളുടെ വിപണനശാലകളും ഉണ്ട്. അവയിൽ നിന്നെല്ലാം ആളുകൾ ഒഴിഞ്ഞു കഴിഞ്ഞു. അവസാന ത്തെ സന്ദർശകരെയും കൊണ്ട് ഒട്ടകങ്ങൾ നീങ്ങുകയാണ്. ആ ഒട്ടകങ്ങൾക്ക് പിന്നിൽ അൽപ്പം അകലം പാലിച്ചു ഞാനും തിരികെ യുള്ള നടത്തം തുടങ്ങി.

മലയിടുക്കിലെ ചരിത്രവഴി, ഏറെക്കുറെ വിജനമായിക്കഴിഞ്ഞു.

## പ്രാചീന നഗരത്തിലെ അമൂല്യ ദൃശ്യങ്ങൾ

ഞാൻ പുറത്തിറങ്ങുമ്പോൾ മലയിടുക്കിലെ ചരിത്രവഴി ഏറെ

ക്കുറേ വിജനമായിക്കഴിഞ്ഞിരുന്നു. ഒരു കാര്യം നിസ്സംശയം പറയാം, മറ്റൊരു മനുഷ്യജീവിയും അടുത്തില്ലാതെ ഒരാൾ ഇവിടെ ഒറ്റപ്പെട്ടുവെന്നിരിക്കട്ടെ അയാൾ എത്ര ധൈര്യവാനാണെങ്കിൽ പോലും ഈ പരിസരം കണ്ട് ഭയചകിതനായി നിന്നുപോകും. ഒരു പ്രേതലോകത്ത് അകപ്പെട്ട പ്രതീതിയാവും തോന്നുക. ഭീകരതയുടെ അന്തരീക്ഷമെന്നല്ല ഞാൻ സൂചിപ്പിക്കുന്നത്, അസാധരണത്വം തുളമ്പുന്ന ഒരു ഒറ്റപ്പെടൽ ആർക്കും ഇവിടെ ഫീൽ ചെയ്യും.

പുരാതനമായ പെട്രാനഗരത്തിൽ നിന്നും പുറത്തിറങ്ങുമ്പോൾ വർത്തമാനകാല പെട്രയെ നമുക്കു കാണാം. കുന്നുകളിലും താഴ്‌വരകളിലും ചിതറിനിൽക്കുന്ന കെട്ടിടങ്ങളുള്ള ഒരു ചെറു നഗരം. പലസ്റ്റീൻ സന്ദർശിച്ചപ്പോൾ സമാനമായ രീതിയിലുള്ള ഗ്രാമങ്ങളും ചെറുപട്ടണങ്ങളും ഞാൻ കണ്ടിരുന്നു. ശരിക്കു പറഞ്ഞാൽ പലസ്റ്റീനും, ഇസ്രയേലും ഒക്കെ ജോർദ്ദാൻ മണ്ണിൽ നിന്നും ഇപ്പോൾ മാത്രം വേർപെട്ട ഭൂപ്രദേശങ്ങളും രാജ്യങ്ങളുമാണ്.

പെട്രാവാലിയുടെ പ്രവേശന കവാടത്തിൽ ധാരാളം കടകളുണ്ട്, സാധാരണ വിനോദ സഞ്ചാരകേന്ദ്രങ്ങളിലൊക്കെ കാണുന്ന തരത്തിലുള്ള വിപണനകേന്ദ്രങ്ങൾ. ഏതു യാത്രയിലും ഇത്തരം ഷോപ്പുകൾ പ്രത്യേകമായി ഞാൻ ശ്രദ്ധിക്കാറുണ്ട്. അപൂർവ്വമായ പല വസ്തുക്കളും ഇവിടങ്ങളിൽ നിന്നും നമുക്കു ലഭിച്ചേക്കാം. അപൂർവ്വ വസ്തുവൊന്നുമല്ലെങ്കിലും ഇവിടത്തെ ഒരു റെഡിമെയ്ഡ് കടയിൽ തൂക്കിയിട്ടിരിക്കുന്ന ചാരനിറത്തിലുള്ള ഒരു ട്രാവൽ ജാക്കറ്റ് എന്നെ ആകർഷിച്ചു.

നടക്കുന്നതെങ്കിലും മിക്കവർക്കും ഈ ട്രാവൽജാക്കറ്റ് ഉണ്ടാവും. ജാക്കറ്റിനുള്ളിൽ സാധാരണ ടീഷർട്ടോ, ബനിയനോ ധരിച്ചിരിക്കും.

സ്ലീവ്‌ലസ്സ് ആണ് അധികവും ഈ ട്രാവൽജാക്കറ്റ്. ഈ മേൽവസ്ത്രത്തിന് ധാരാളം കീശകളുണ്ട്. പല വലിപ്പത്തിലുള്ള പോക്കറ്റുകൾ. ആ കീശകൾ സിബ്ബ് വലിച്ചിട്ട് അടച്ചു ഭദ്രമാക്കാനും കഴിയും. ആ ഓരോ കീശയ്ക്കും ഓരോ ധർമ്മമാണ്. ഒരു പോക്കറ്റ് പാസ്പോർട്ടിന് പാകമാകും. മറ്റൊന്നിൽ പഴ്സ് വയ്ക്കാം. പിന്നെയൊന്നിൽ ലൂസ് കറൻസികളും ചില്ലറ നാണയങ്ങളും നിക്ഷേപിക്കാം. നീഗ്രോ ക്രിമിനലിന് ഈ ട്രാവൽ ജാക്കറ്റ് പൂർണ്ണമായും ഊരിക്കിട്ടിയാലേ കൊള്ളയടിക്കാനാവൂ. അത് സാധിക്കുകയില്ലല്ലോ.

അങ്ങനെയുള്ള എന്റെ ട്രാവൽജാക്കറ്റ് ഒരു ജോർദ്ദാൻ യാത്രയിൽ വീട്ടിൽ നിന്നും എടുക്കാൻ മറന്നുപോയിരുന്നു. ഈ വിഷയത്തിൽ ഒന്നാം പ്രതി എന്റെ ഭാര്യയാകുന്നു. എന്റെ പെട്ടിയിൽ എല്ലാം പായ്ക്കുചെയ്തു തരിക അവളാണ്. ഇക്കുറി പാവം അത് മറന്നുപോയി. വഴിക്ക് നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നും ഫോണിലൂടെ അവൾ ഈ വിഷയത്തിൽ എന്റെ വക കുറേ പഴി കേൾക്കുകയും ചെയ്തു. ആ വഴക്കു പറച്ചിലിലൂടെ അവളിൽ നിന്ന് എനിക്കൊരു തിരിച്ചടി കിട്ടുകയും ചെയ്തു. അതുകൂടി കേൾക്കുക.

ഫോണിൽ കൂടി കിട്ടിയ സഹധർമ്മിണിയുടെ സൗമ്യമായ രോഷപ്രകടനം ഈ വാക്കുകളിൽ വിവരിക്കാം.

"ഇനി യാത്ര പുറപ്പെടും മുമ്പ് എന്തൊക്കെ വേണമെന്നു തീരുമാനിച്ച് നിങ്ങൾതന്നെ പറയുക. ഞാനിനി തൊടുകയേയില്ല......."

പെട്രായിലെ റെഡിമെയ്ഡ് ഷോപ്പിൽ ഞാനൊരു മനോഹര ജായ്ക്കറ്റ് തൂക്കിയിട്ടിരിക്കുന്നതു കണ്ടുവെന്നു പറഞ്ഞല്ലോ. ഒന്നല്ല ഇരട്ട പ്രസവിച്ചതുപോലെ ഒരു ജോഡി ജാക്കറ്റുകൾ.

അതു വാങ്ങാനെനിക്കു മോഹമായി. ഏതു വസ്തുവിനും ഈ ജോർദാൻ നാട്ടിൽ വലിയ വിലയാണ്. പ്രത്യേകിച്ച് ഈ പുരാതനനഗര ഷോപ്പിലെ വില അതിലും അധികമായേക്കാം.

സാധനങ്ങൾ ഇങ്ങിനെ ചെറുകിടഷോപ്പുകളിൽ നിന്നോ തെരുവോര കടകളിൽ നിന്നോ വാങ്ങുമ്പോൾ വില പ്രദർശിപ്പിച്ചില്ലെങ്കിൽ ഒരു ടെക്നിക് പ്രയോഗിക്കണമെന്ന് ഒരു സ്നേഹിതൻ എനിക്ക് ട്രെയിനിങ് തന്നിട്ടുണ്ട്. ആ സ്നേഹിതനുമൊത്താണ് ഞാൻ ചൈനാ സന്ദർശനം നടത്തിയത്.

ബീജിങ്ങ് നഗരപ്രാന്തത്തിലുള്ള ഒരു ബുദ്ധക്ഷേത്രത്തിനു പുറത്തെ ഫുട്പാത്ത് കടയിൽ എനിക്കു ഇഷ്ടം തോന്നിയ ഒരു ക്ലോക്ക് കണ്ടു. ഒരു ഡിജിറ്റൽ ക്ലോക്ക്. നല്ല ഭംഗിയുണ്ടായിരുന്നു അതിന്. പുറം കാഴ്ചയിൽ തന്നെ എനിക്കതു വാങ്ങിയാൽ കൊള്ളാമെന്ന് ഈ വിഷയത്തിൽ എന്റെ ഉസ്താദായ സ്നേഹിതനോടു പറഞ്ഞു.

അദ്ദേഹം ചെവിയിൽ മന്ത്രിച്ചു, ഞാൻ വാങ്ങിത്തരാം സാർ അങ്ങോട്ടു നോക്കുകയേ അരുത്. ക്ലോക്കിനെ ഇടയ്ക്കിടെ ഇടക്കണ്ണ് കൊണ്ടു തഴുകി ഞാനവിടെ എനിക്കൊന്നും വേണ്ടേ, ഞാൻ വെറുതെ നിൽക്കുകയാണേ എന്ന മട്ടിൽ ആ റോഡ് വക്കിൽ കടയ്ക്കു മുമ്പിൽ നിരപരാധിയെ പോലെ നിന്നു.

ബുദ്ധിമാനായ സ്നേഹിതൻ മറ്റേതോ വിഷയം സംസാരിച്ചു കടക്കാരന്റെ ശ്രദ്ധമാറ്റാൻ ശ്രമിക്കുന്നതിനിടെ മലയാളത്തിൽ ഏതോ ഫിലിമിൽ കുതിരവട്ടം പപ്പു പറയും മട്ടിൽ, 'വിഷമിക്കേണ്ട ഞാനിപ്പം വാങ്ങിത്തരാം.......' എന്നു പറയുന്നുമുണ്ട്. വേഗമാവട്ടെ, അതിന്റെ വില ചോദിക്കൂ എന്ന് അക്ഷമഭാവം കാട്ടിയ എന്നെ, സ്നേഹിതൻ ശാസിച്ചു 'ക്ഷമയോടെ നിൽക്കു സാറെ. ക്ഷമയുണ്ടെങ്കിലെ ഏതു കാര്യവും നടക്കൂ....'

ക്ഷമാശീലത്തിന്റെ അവതാരത്തെപ്പോലെ അലക്ഷ്യമായി അങ്ങോട്ടുമിങ്ങോട്ടുമൊക്കെ വെറുതെ നോക്കി ഞാൻ സമയം

കളയുന്നതിനിടെ ഒരു വെള്ളക്കാരൻ സായ്പ്പ് നടന്നു വന്നു, കടയുടെ മുമ്പിൽ നിലയുറപ്പിച്ചു. പിന്നെ ഞാൻ കണ്ടത്, മൂപ്പർ ആ ക്ലോക്ക് കയ്യിലെടുത്തു പരിശോധിക്കുന്നതാണ്. തിരിച്ചും മറിച്ചുമൊക്കെ നോക്കിയിട്ട് അയാൾ വില ചോദിച്ചു. ഇംഗ്ലീഷ് ഭാഷയുടെ അരികിൽ കൂടി പോലും പോയിട്ടില്ലാത്ത ചീനക്കാരൻ വ്യാപാരി വലിയ സ്ക്രീനുള്ള തന്റെ കാൽക്കുലേറ്റർ എടുത്ത് വില ഞെക്കിക്കാണിച്ചു. ഇടക്കണ്ണിട്ട് ഞാനാ വിലനോക്കി. കടക്കാരൻ അമർത്തിക്കാണിച്ച ആദ്യ വിലതന്നെ ഇന്ത്യൻ രൂപയിലാക്കിയപ്പോൾ നമ്മുടെ നാട്ടിലേതിനേക്കാൾ വളരെ ചീപ്പ്.

സായ്പ്പ് അയാളുടെ വില അമർത്തിക്കാണിച്ചു.

ഏതായാലും കച്ചവടം നടന്നു. പൊതിഞ്ഞുകൊടുത്ത ക്ലോക്കും സഞ്ചിയിലിട്ട് അയാൾ പോയി.

സ്നേഹിതന്റെ ആശ്വാസവചനം ഉടനെയെത്തി. വിഷമിക്കേണ്ട അടുത്ത പീസ് എടുപ്പിക്കാം നമുക്ക് ഫ്രെഷ് പീസ് തന്നെ കിട്ടും. സായ്പ്പ് കൊണ്ടുപോയത് പലരും എടുത്തു നോക്കിയൊക്കെ പഴകിയ ക്ലോക്കല്ലേ.

ഒടുവിൽ എന്നെ നിരാശയുടെ നയാഗ്ര പാതത്തിൽ തള്ളിയിട്ടുകൊണ്ട്, ചൈനാക്കാരൻ പറഞ്ഞു.

''ഇല്ല സർ അതു ലാസ്റ്റ് പീസായിരുന്നു" എന്ന്.

എന്നാൽ ജോർദ്ദാനിലെ പെട്രാ ഷോപ്പിൽ രണ്ടെണ്ണം, രണ്ടു ജാക്കറ്റുകൾ ഹാംഗറിൽ തൂങ്ങിയാടുന്നു.

ബാർഗെയ്നിങ്ങൊന്നും ഇവിടെ നടന്നില്ല. ജോർദ്ദാൻ വ്യാപാരി കർശനക്കാരൻ. അയാൾ പറഞ്ഞ വിലയും കൊടുത്ത് ആ ജാക്കറ്റ് വാങ്ങി ആ പൊതുനിരത്തിനരികിൽ വച്ചുതന്നെ ധരിച്ച് ഞാൻ റോഡിലേയ്ക്കിറങ്ങി.

ജാക്കറ്റ് പുരാണത്തിന് വിട. എനിക്ക് ഇനി ബാക്കി ഒത്തിരി കാഴ്ചകൾ കാണാനുണ്ട്, വായനക്കാരോട് പറയാനുമുണ്ട്.

വൈകിട്ട് ആറുമണിയോടെ പെട്രാവാലിയിൽ നിന്ന് സഞ്ചാരികളെ പൂർണ്ണമായും ഒഴിപ്പിക്കുന്നു. പാതകളിൽ നിന്ന് ആളൊഴിഞ്ഞു കഴിഞ്ഞു.

കൃത്യമായി ആറിന് എത്താമെന്നാണ് ഡ്രൈവർ മുസ്തഫ പറഞ്ഞിരുന്നത്. ഗേറ്റ് കടന്ന്, ഞാൻ, വാഹനങ്ങൾ നിർത്തിയിട്ടിരിക്കുന്നിടത്തേയ്ക്ക് നടന്നു. ഏറെ കാത്തുനിൽക്കേണ്ടി വന്നില്ല, കൃത്യസമയത്തുതന്നെ കാറുമായി മുസ്തഫ ഹാജർ.

ഞങ്ങൾ അമ്മാൻ നഗരത്തിലേയ്ക്കുള്ള മടക്കയാത്ര തുടങ്ങി. ഇതേതാ പുതിയൊരു ജാക്കറ്റ് എന്ന് എന്നെ നോക്കി മുസ്തഫ ചോദിക്കാതിരുന്നതിലുള്ള നിരാശ ചെറുതൊന്നുമായിരുന്നില്ല. പോകും വഴി ഇടയ്ക്ക് വാഡിമൂസ എന്ന പുരാതനമായ തെരുവു കാണണം. മരുഭൂമിയുടെ സമതലഭാവമല്ല, മലമ്പാതകളാണ് ഇവിടെ. വളഞ്ഞുപുളഞ്ഞുപോകുന്ന ചുരം റോഡ്. ഇരുവശവും ചെറിയ തണൽമരങ്ങളുണ്ട്. കുന്നുകളിൽ കടലാസ്സ് പെട്ടികൾ അടുക്കിവച്ചതുപോലെയുള്ള വീടുകൾ. ഇന്ത്യയിൽ സിംല നഗരത്തിലും ഷില്ലോംഗിലും ഇത്തരം വീടുകൾ ഞാൻ കണ്ടിട്ടുണ്ട്. ജോർദ്ദാന്റെ ഗ്രാമങ്ങളെല്ലാം ഇങ്ങിനെയാണ്. ചുരം പാതയാണെങ്കിലും വീതിയുള്ള റോഡ്.

വീണ്ടും കാർ നീങ്ങി. നരച്ച കുന്നുകളിൽ വീണ്ടും കുറേയേറെ വീടുകൾ കണ്ടു. കയറ്റിറക്കങ്ങൾ ഏറെയുണ്ടെങ്കിലും ഈ റോഡ് യാത്ര നന്നേ സുഖപ്രദമാണ്. ഒരു മലയുടെ നെറുകയിലെത്തി. അവിടെ നിന്നു വേണം ഇനി വാഡിമൂസ തെരുവു കാണാൻ.

ബൈബിളിലെ പഴയനിയമത്തിൽ പറയുന്ന പല സംഭവങ്ങൾക്കും പശ്ചാത്തലമായത് ഈ പ്രദേശങ്ങളൊക്കെയാണ്. വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കും മുമ്പുള്ള 40 വർഷങ്ങളിൽ തന്റെ ജനതയുമായി മോശ അലഞ്ഞുതിരിഞ്ഞു നടന്നവയിൽ ഈ കുന്നും ഉണ്ടായിരുന്നുവെന്നാണു വിശ്വാസം. മോശ എന്നാൽ മോസ്സസ്. മുസ്ലീം ജനത പറയുന്ന മൂസാ നബി.

യാത്രയ്ക്കിടെ മൂന്നു കെട്ടിടങ്ങളോടുകൂടിയ ഒരു ചെറിയ മന്ദിരത്തിനു മുമ്പിൽ മുസ്തഫ കാർ ഒതുക്കി നിർത്തി. ചരിത്രപ്രധാനമായ ഒരു സ്ഥലമാണിതെന്നാണ് മുസ്തഫയുടെ വിശദീകരണം. ഞാൻ ആ കെട്ടിടത്തിനരികിലേക്കു ചെന്നു. പ്രധാന ഹാളിനുള്ളിൽ മൂലയിലുള്ള ഒരു പാറയാണ് അവിടത്തെ കാഴ്ച. ഐതിഹ്യം ഇതാണ്.

ഈജിപ്റ്റിൽ നിന്നും മോശയോടൊത്ത് വാഗ്ദത്ത ഭൂമിയിലേയ്ക്കു നടന്ന ഇസ്രായേലി ജനം ദാഹം കൊണ്ടു വലഞ്ഞു. ഈ സമയം മോശ ഈ പാറമേൽ വടികൊണ്ടടിക്കുകയും ഉടനെ ഇവിടെയയൊരു നീരുറവ ഉണ്ടാവുകയും ചെയ്തു. ഇപ്പോഴും പാറയുടെ ചുവട്ടിൽ വറ്റാത്ത ഉറവയുണ്ട്.

സഞ്ചാരികളെ കാത്തിരുന്ന കടകളുടെ അരികിൽ നിന്നും വീണ്ടും യാത്ര തുടർന്നു. കുറേ നേരം പച്ചപ്പിന്റെ തരിപോലുമില്ലാത്ത വരണ്ട കുന്നുകളായിരുന്നു കാഴ്ച. പിന്നെ പ്രകൃതി മാറി. പുൽനാമ്പുകൾ കിളിർക്കുന്ന പ്രദേശങ്ങൾ കണ്ടു തുടങ്ങി. വഴിയിലൊരിടത്ത് മുസ്തഫ കാർ നിർത്തി. വാഡിമൂസയിൽ വലിയൊരു കുന്നിനു മുകളിലാണ് ഞങ്ങളിപ്പോൾ. കുന്നിൽ ഇടയന്മാർ ആട്ടിൻപറ്റങ്ങളെ മേയ്ച്ചുനിൽക്കുന്നു. താഴെ നോക്കെത്താദൂരം പരന്നുകിടക്കുന്ന കുന്നുകളുടെ ഞൊറിവുകൾ. പലനിറങ്ങളിൽ രോമരാജിയുള്ള ആടുകൾ. കറുപ്പും വെള്ളയും ഇരുനിറവും ജോർദ്ദാന്റെ ഇരുണ്ട നിറവും ഒക്കെയുള്ള ആ ആടുകൾ ഒരു കാഴ്ച തന്നെയായിരുന്നു. ആകെ നരച്ചുപോയ ഒരു മലയുടെ താഴ്വാരത്ത് അങ്ങുദൂരെ ഒരു കൊച്ചുഗ്രാമം കാണാം. ചെറിയ പെട്ടികൾ പോലുള്ള കുറെയധികം വീടുകളുണ്ട് അവിടെ. ബൈബിൾ

കാലഘട്ടത്തിലെ വീടുകളുടെ നേർ പകർപ്പുകൾ. ഇതൊക്കെ ചെറിയ തോതിലെങ്കിലും ജനവാസമുള്ള ഏരിയകളാണ്. ഒരു വീടിനും ജനാലയോ വെന്റിലേറ്ററോ കാണാനില്ല. തണുപ്പുകാലത്ത് കൊടിയ തണുപ്പുള്ള സ്ഥലങ്ങളിലെ വീടുകൾക്ക് ഈ ഭാവശൈലിയാണു ണ്ടാവുക. നേർത്ത ഒരു വിടവ് ഉണ്ടെങ്കിൽ പോലും തണുപ്പ് ഉള്ളിൽ അരിച്ചരിച്ചു കയറിക്കൂടും. ദൂരെ ഒരു മലയിൽ ഒരു കോട്ടയുടെ അവശിഷ്ടങ്ങളും കണ്ടു.

കുറേ കുട്ടികൾ കളിച്ചുകൊണ്ടു നിൽക്കുന്നു. ജോർദ്ദാന്റെ പുതുതലമുറ. വളരെ ഉന്മേഷം പ്രകടിപ്പിക്കുന്ന കുട്ടികൾ. അവരെ നിരാശരാക്കാതെ എന്റെ ക്യാമറയിൽ കുറേ കുട്ടികളെ ഞാൻ ഒപ്പിയെടുത്തു.

കുന്നിൻ മുകളിലെ ആട്ടിൻ പറ്റത്തെ പിന്നിട്ട്, കാറിനരികിലേയ്ക്കു നടന്നു. അമ്മാനിലേക്കുള്ള മടക്കയാത്ര തുടങ്ങുകയാണ്.

തെക്കൻ ജോർദ്ദാനിലെ പച്ചപ്പുള്ള ഗ്രാമങ്ങളാണ് ഇപ്പോൾ ചുറ്റും കാണുന്നത്. ധാരാളം ഫല വൃക്ഷങ്ങളുള്ള പ്രദേശം. ഗൾഫ് രാജ്യങ്ങളിൽ ഏറെ പ്രിയമുള്ള ജോർദ്ദാനിയൻ പഴങ്ങളുടെ വലിയൊരു ഉൽപ്പാദന മേഖലയാണ് ഇത്. ആപ്പിൾ മുതൽ ഒലിവ് വരെ സമൃദ്ധമായി വിളയുന്ന കൃഷിയിടങ്ങൾ ഇവിടെ ഏറെയുണ്ട്.

കാർ ഹൈവേയിലേയ്ക്കു പ്രവേശിച്ചു. മരുഭൂമിയുടെ നടുവിലൂടെ നിരന്ന പാത. റോഡിൽ പൂശിയ ടാറിന്റെ കറുപ്പ് ഒഴിച്ചാൽ, ബാക്കിയൊക്കെ നരച്ച ചെമ്മണ്ണ്. ഒപ്പം കൽക്കഷ്ണങ്ങളും. റോഡിൽ തിരക്കില്ലാത്തതിനാലാവാം മുസ്തഫയുടെ ഡ്രൈവിങ് ആവേശം ഇരട്ടിച്ചിരിക്കുന്നു. അയാൾ കാറിന്റെ വേഗത വല്ലാതെ വർദ്ധിപ്പിച്ചതായി തോന്നി. അൽപ്പം ഭയത്തോടെ ഞാനിരുന്നു. ചെരിഞ്ഞിരുന്ന് ഞാൻ സ്പീഡോമീറ്റർ ശ്രദ്ധിച്ചു. ഇപ്പോൾ 140 കി.മീറ്റർ വേഗതയിലാണ് സൂചി ചലിച്ചുകാട്ടുന്നത്.

ദീർഘമായ യാത്രയ്ക്കൊടുവിൽ രാത്രി ഒമ്പതരയോടെ ഞങ്ങൾ അമ്മാൻ നഗരത്തിൽ തിരികെയെത്തി. നേരെ ഹോട്ടൽ മുറിയിലേയ്ക്കുപോകാതെ അമ്മാൻ നഗരത്തിലെ രാത്രികാഴ്ചകൾ കാണാനാണ് എന്റെ തീരുമാനം. രാത്രിയിലെ ഇലക്ട്രിക് ദീപ വെളിച്ചത്തിൽ അമ്മാൻ നഗരം പ്രകാശത്തിൽ കുളിച്ചു നിൽക്കുന്നു.

ഏഴു കുന്നുകളിലും അതിന്റെ താഴ്വരകളിലും പരന്നുകിടക്കുന്ന നഗരം കാറുകൾ നീങ്ങുന്ന നിരന്ന പാത. യാത്രയ്ക്കിടെ നഗരത്തിലെ പുരാതനമായ സിറ്റാഡലിന്റെ മതിലും ഞങ്ങൾ പിന്നിട്ടു.

തെരുവിലൊരിടത്തു മുസ്തഫ കാർ നിർത്തി. കടകൾ അടഞ്ഞു തുടങ്ങിയിരിക്കുന്നു. നഗരം നിദ്രയെ സ്വീകരിക്കുവാനുള്ള തയ്യാറെടുപ്പിലാണെന്നു തോന്നി. ഇവിടെ പുരാതനമായ ഒരു റോമൻ ആംഫി തിയേറ്ററുണ്ട്. രാത്രിയിൽ അതിന്റെ കാഴ്ച രസകരമായിരിക്കുമെന്നു പറഞ്ഞത് മുസ്തഫയാണ്. അയാളോടൊപ്പം തിയേറ്ററിനരികിലേക്കു നടന്നു. ദീർഘകാലം റോമാക്കാരുടെ അധീനതയിലായിരുന്ന അമ്മാനിൽ അവർ വിശേഷപ്പെട്ട ഒട്ടേറെ നിർമ്മിതികൾ, പടുത്തുയർത്തിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് ആംഫി തിയേറ്റർ.

തിയേറ്ററിനു മുൻഭാഗത്ത് റോമൻ ഫോറമാണ്. ഇലക്ട്രിക് വിളക്കുകൾ ചൊരിയുന്ന ചുവന്ന പ്രഭയിൽ ഒരു ലൈറ്റ് ആന്റ് സൗണ്ട് സെറ്റ് പോലെയുണ്ടു ഫോറത്തിന്റെ കാഴ്ച. 1300 വർഷം മുമ്പാണ് റോമാക്കാർ അമ്മാൻ നഗരം വിട്ടുപോയത്. അതിനും എത്രയോ നൂറ്റാണ്ടു മുമ്പു പണിത ഫോറത്തിന്റെ അവശിഷ്ടങ്ങൾ ചരിത്രത്തിന്റെ സാക്ഷ്യമെന്നോണം പെറുക്കിയെടുത്ത് അവിടെ കൂട്ടിവച്ചിരിക്കയാണ് ഇപ്പോൾ. ആംഫി തിയേറ്ററിന്റെ ഗേറ്റുകൾ അടഞ്ഞുകിടക്കുകയാണ്. രാത്രിയിൽ സഞ്ചാരികൾക്ക് അതിനുള്ളിൽ പ്രവേശനമില്ല.

ഗേറ്റിന്റെ ഇരുമ്പഴികൾക്കിടയിലൂടെ രണ്ടായിരത്തോളം വർഷം പഴക്കമുള്ള ആ തിയേറ്ററിനെ ഞാൻ നോക്കിക്കണ്ടു. തിയേറ്ററിനുള്ളിൽ കയറാനാകാത്തതിൽ ഇച്ഛാഭംഗം വേണ്ടെന്നും അടുത്തനാൾ പകൽ നേരത്ത് അവിടെ കയറാമെന്നും മുസ്തഫ എന്നെ ആശ്വസിപ്പിക്കുകയായിരുന്നു അപ്പോൾ.

അത്ഭുതകരമായ വാസ്തു വിദ്യാ മേളനമാണ് ആംഫി തിയേറ്റർ. ആറായിരം പേർക്കിരിക്കാവുന്ന കല്ലുകൊണ്ടു ഇരിപ്പിടമുള്ള ഒരു വിശാല വേദി. അതിന്റെ കാഴ്ചയിൽ നിന്നും ഞാൻ പുറത്തേയ്ക്കിറങ്ങി നിന്നു.

ദൂരെ ഏതോ പള്ളിയിൽ നിന്നും ഇഷാ നമസ്കാരത്തിനുള്ള ബാങ്ക് വിളി മുഴങ്ങുന്നു. റോമൻ നഗരം പിന്നിട്ടു നടക്കുമ്പോൾ ആംഫി തിയേറ്ററിന്റെ പരിക്കൻ സൗന്ദര്യത്തെ ഒന്നുകൂടി കണ്ടു.

വഴിയോര റസ്റ്ററന്റുകളൊക്കെ അടച്ചു കഴിഞ്ഞു. ആംഫി തിയേറ്ററിനു മുമ്പിൽ നിന്നു നോക്കുമ്പോൾ കുന്നുകളിൽ നിന്ന് ഒഴുകിയെത്തുന്ന പ്രകാശത്തിന്റെ നദിപോലെ അമ്മാൻ നഗരം കാണാം.

നഗരത്തിന്റെ ഒത്ത നടുവിൽ ഒരു കുന്നിനു മേലെ കൂറ്റനൊരു പതാക പാറിപ്പറക്കുന്നതു കണ്ടു. ജോർദ്ദാന്റെ ദേശീയ പതാക. നഗരത്തിലെ മറ്റേതൊരു നിർമ്മിതിയേക്കാളും ഉയരത്തിലാണ് പതാക പറക്കുന്നത്.

നേരം പത്തുമണി കഴിഞ്ഞിരുന്നു. ഹോട്ടലിലേയ്ക്കു മടങ്ങുകയാണ്. നഗരത്തിനു പുറത്ത് ഏതോ ഗ്രാമത്തിലാണ് മുസ്തഫയുടെ വീട്. എന്നെ ഹോട്ടലിലാക്കിയിട്ടുവേണം അയാൾക്ക് വീടണയാൻ. നഗരത്തിന്റെ ആധുനിക ഭാഗങ്ങളിലൂടെ ഹോട്ടൽ ലക്ഷ്യമാക്കി കാർ കുതിക്കുമ്പോൾ ഒരു ദിവസത്തെ സാർത്ഥകമായ സഞ്ചാരത്തിന്റെ നിറമുള്ള ഓർമ്മകളിൽ മുഴുകി ഞാനിരുന്നു.

ഭാഗം – 16

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ ആത്മാർഥതയും അർപണ മനോഭാവവും

ബൈഅത്തിനു ശേഷം ഹദ്റത്ത് മൗലവി സാഹിബ് കശ്മീരിലേയ്ക്കു തിരിച്ചു പോയി. ഏകദേശം വീണ്ടും ഒരു മൂന്നു വർഷത്തോളം അദ്ദേഹം രാജകുടുംബത്തിൽ ജോലി തുടർന്നു. അവിടെ നിന്നും ഹദ്റത്ത് മസീഹെ മൗഊദു(അ)മായി കത്തിടപാടു നടത്തിക്കൊണ്ടിരുന്നു. ആവശ്യമുള്ളപ്പോഴെല്ലാം അദ്ദേഹം ഖാദിയാൻ സന്ദർശിച്ചു മസീഹ് മൗഊദു(അ)മായി കൂടിക്കാഴ്ച നടത്തി. ബൈഅത്തിനു ശേഷം ഹദ്റത്ത് മൗലവി സാഹിബ് മസീഹെ മൗഊദിനോടു കാണിച്ച സ്നേഹവും അനുസരണവും ആത്മാർഥയും അർപണ മനോഭാവവും നിസ്തുല്യവും നിസ്സീമവുമായിരുന്നു. മസീഹ് മൗഊദിന്റെ അനുവാദമില്ലാതെ അദ്ദേഹത്തോടു ആരു എന്തു പറഞ്ഞാലും നൂറുദ്ദീൻ അപ്നി ജാൻ കാ ഭി മാലിക് ന റഹാ (നൂറുദ്ദീനു സ്വന്തം ജീവനു മേൽ പോലും അധികാരമില്ലാതായിരിക്കുന്നു. സ്വന്തം പ്രാണന്റെ പോലും ഉടമസ്ഥനല്ലാതായിരിക്കുന്നു) എന്നദ്ദേഹം എപ്പോഴും പറയുമായിരുന്നു. ഇതദ്ദേഹം ആരേയും സന്തോഷിപ്പിക്കാനായി പറഞ്ഞ വെറും വാക്കുകളായിരുന്നില്ല. അതദ്ദേഹം തന്റെ ജീവിതം കൊണ്ട് തെളിയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതവഴിയിലെ അത്തരം എണ്ണമറ്റ സംഭവങ്ങളിൽ നിന്നും മാതൃകയന്നോണം ചിലതു വിവരിക്കാം.

മാസ്റ്റർ അല്ലാഹ് ദിത്ത സാഹിബ് സിയാൽകോട്ടി(റ) പറയുകയാണു. ഒരിക്കൽ ഒരു പേരുകേട്ട നവാബ് സാഹിബ് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ അടുക്കൽ ചികിത്സ തേടി വന്നു. അദ്ദേഹത്തിനും കൂടെയുള്ള പരിവാരങ്ങൾക്കും പ്രത്യേകം താമസ സൗകര്യമൊക്കെ നൽകപ്പെട്ടിട്ടുണ്ടായിരുന്നു. ഒരു ദിവസം അവരിൽപെട്ട രണ്ടു പേർ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു നവാബ് സാഹിബിന്റെ നാട്ടിൽ അടുത്തുതന്നെ ഗവർണറും ഭരണകർത്താക്കളിൽ പെട്ട മറ്റു ചിലരും സന്ദർശനത്തിനായി വരുന്നുണ്ട്. നവാബ് സാഹിബിനു അവരുമായി നല്ല അടുത്ത ബന്ധമാണുള്ളതു. ആ അവസരത്തിൽ താങ്കളും നവാബ് സാഹിബിനോടൊപ്പം ഉണ്ടാകണമെന്നു അദ്ദേഹം ആഗ്രഹിക്കുന്നു. ഭൗതികമായി ഇതു വലിയൊരു ബഹുമതിയാണു. ഭരണതലത്തിലുള്ളവരെ അടുത്തു കാണുവാനും നേരിൽ സംസാരിക്കുവാനും കിട്ടുന്ന അവസരം. അതൊരിക്കലും നിസ്സാര കാര്യമല്ല. പക്ഷേ മൗലവി സാഹിബ് പറഞ്ഞു **മൈ അപ്നി ജാൻ കാ മാലിക് നഹീ** (എനിക്കെന്റെ പ്രാണന്റെ മേൽ പോലും ഉടമസ്ഥാവകാശമില്ല) എനിക്കൊരു യജമാനനുണ്ട്. ഞാൻ എന്തു ചെയ്യണമെന്നു അദ്ദേഹമാണു തീരുമാനിക്കുന്നതു. അദ്ദേഹം എന്നോട് നവാബ് സാഹിബിനോടൊപ്പം പോകാൻ കൽപിച്ചാൽ എനിക്കെന്തു വിരോധം?

അതു കേട്ടപ്പോൾ സുഹർ നമസ്ക്കാര നേരത്തവർ പള്ളിയിൽ ചെന്നിരുന്നു. ഹുസൂർ വന്നപ്പോൾ അവർ തങ്ങളുടെ ആഗ്രഹമറിയിച്ചു. ഹുസൂർ പറഞ്ഞു മൗലവി സഹിബിനോടു നാം കത്തിജ്വലിക്കുന്ന അഗ്നികുണ്ഡത്തിലോ ആഴ്മേറിയ വെള്ളത്തിലോ ചാടാൻ പറഞ്ഞാൽ ഒരു നിമിഷം പോലും ആലോചിക്കാതെ അദ്ദേഹം അതു

പോലെ ചെയ്യുമെന്നെനിക്കറിയാം. അതിലൊരു സന്ദേഹവുമില്ല. എന്നാൽ മൗലവി സാഹിബിന്റെ ജീവിതം കൊണ്ട് ആയിരങ്ങൾക്കാണു ഗുണവും പ്രയോജനവും ലഭിക്കുന്നതു. അദ്ദേഹം ഖുർആൻ ഹദീസ് ദറസുകൾ സംഘടിപ്പിക്കുന്നു. ദിവസവും നൂറുക്കണക്കായ രോഗികളെ ചികിത്സിക്കുന്നു. ജനങ്ങൾക്കു വൈദ്യസഹായം എത്തിക്കുന്നു. അതിനാൽ തികച്ചും ഭൗതികമായ ഒരു കാര്യത്തിനായി ഇത്രയൊക്കെ ജനനന്മയ്ക്കായി പ്രവർത്തിക്കുന്ന ഒരാളുടെ സേവനം നാം തടസ്സപ്പെടുത്തുകയില്ല.

ഹുസൂർ തന്നെ കുറിച്ചു പറഞ്ഞ അഭിപ്രായമറിഞ്ഞു ഹദ്റത്ത് മൗലവി സാഹിബിന്റെ മനസ്സും ഹൃദയവും സന്തോഷത്താൽ നിറഞ്ഞു കവിഞ്ഞു. അസർ നമസ്ക്കാരാനന്തരമുള്ള പതിവു ഖുർആൻ ദറസ് വേളയിൽ സന്തോഷാധിക്യത്താൽ അദ്ദേഹം വികാരവിവശനായി. വാക്കുകൾ തൊണ്ടയിൽ കുടുങ്ങി പുറത്തു വരാതായി. എന്നിട്ടു പറഞ്ഞു ഞാനിന്നു അതീവസന്തോഷവനാണു. എത്രയാണെന്നു എനിക്കു പറയാൻ വയ്യ. എന്റെ യജമാനന്റെ സന്തോഷവും തൃപ്തിയും ആഗ്രഹിച്ചും കാംക്ഷിച്ചും അതിനായി പ്രവർത്തിക്കുന്നവനാണു ഞാനെന്നും. അൽഹംദുലില്ലാഹ് ഹുസൂർ എന്നിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഇത്തരത്തിൽ അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നു.

ഹദ്റത്ത് മൗലവി ശേർ അലി സാഹിബ് (റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ റാവൽപിണ്ടിയിലുള്ള ധനാഢ്യനായ ഒരാൾ ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ അടുക്കൽ വന്നു. തന്റെ അടുത്ത ഒരു ബന്ധു രോഗിയാണെന്നും അയാളെ ചികിത്സിക്കാനായി ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെ അദ്ദേഹത്തോടൊപ്പം അയക്കണമെന്നും അപേക്ഷിച്ചു. ഹദ്റത്ത് സാഹിബ് പറഞ്ഞു നാം നിർദ്ദേശിച്ചാൽ എതു വിഷമമുള്ള പ്രവർത്തിയാണെങ്കിലും മൗലവി സാഹിബ് ചെയ്യാൻ മടിക്കുകയില്ലെന്നും യാതൊരു തരത്തിലുള്ള ഒഴികഴിവും അദ്ദേഹം പറയുകയില്ലെന്നും എനിക്കറിയാം. ആ നിലയ്ക്കു അദ്ദേഹത്തിന്റെ സ്വസ്ഥതയുടേയും വിശ്രമത്തിന്റേയും കാര്യം കൂടി നാം ശ്രദ്ധിക്കേണ്ടതല്ലേ? മാത്രവുമല്ല അദ്ദേഹത്തിന്റെ ഭാര്യയുടെ പ്രസവം ആസന്നമാണു. അതിനാൽ താങ്കളോടൊപ്പം അദ്ദേഹത്തോടു റാവൽപിണ്ടി പോകാൻ എനിക്കു പറയാനാവുകയില്ല.

ആദ്യ കാലത്തു ജമാഅത്തിലെ വിവാഹപ്രായമായ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പേരു വിവരങ്ങൾ ഹദ്റത്ത് സാഹിബ് വളരെ ശ്രദ്ധാപൂർവം സൂക്ഷിച്ചു വെക്കാറുണ്ടായിരുന്നു. വിവാഹ ബന്ധങ്ങൾക്കായി അഹ്മദികളിൽ വല്ലവരും ഹുസൂറിനെ സമീപിച്ചാൽ അവരുടെ സ്ഥിതി വിവരങ്ങളും കുടുംബ പശ്ചാത്തലവും പരിഗണിച്ചു കൊണ്ട് അവർക്കു യോജിച്ച ബന്ധം ഹുസൂർ തന്റെ പ്രസ്തുത ലിസ്റ്റിൽ നിന്നും കണ്ടെത്തി പറഞ്ഞു കൊടുക്കാറുണ്ടായിരുന്നു. എല്ലാവരും തന്നെ ആ രീതിയിൽ ഹുസൂർ അഭിപ്രായപ്പെടുന്ന ബന്ധത്തിൽ അനുഗ്രഹമുണ്ടാകുമെന്നു മനസ്സിലാക്കി അതു സ്വീകരിക്കുകയും മക്കളുടെ വിവാഹം നടത്തുകയും ചെയ്തിരുന്നു. ഒരിക്കൽ ഒരു അഹ്മദി സഹോദന്റെ മകൾക്കു ഹുസൂർ നിർദേശിച്ചു കൊടുത്ത മറ്റൊരു അഹ്മദിയുടെ ബന്ധം അയാൾക്കു ഇഷ്ടപ്പെട്ടില്ല. അതയാൾ തിരസ്ക്കരിച്ചു. അതു ഹുസൂറിനെ മാനസികമായി വളരെ വിഷമിപ്പിക്കുകയും ഈ ഏർപ്പാടു തന്നെ ഹുസൂർ എന്നെന്നേക്കുമായി അവസാനിപ്പിക്കുകയും ചെയ്തു.

ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ് (റ) വിവരിക്കുകയാണു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തെ സഹാബാക്കൾ എല്ലാവരും തന്നെ ഹുസൂറിനോടു അങ്ങേയറ്റം കൂറും ഭയഭക്തി ബഹുമാനവും അർപണ മനോഭാവവും ആദരവും പ്രകടിപ്പിക്കുന്നവരാണു. അതിൽ ചിലപ്പോൾ ചില്ലറ ഏറ്റക്കുറച്ചിൽ ഉണ്ടായെന്നു വരാം. മുകളിൽ പറഞ്ഞ തരത്തിലുള്ള ഒന്നോ രണ്ടോ പേരെയും കണ്ടെന്നും വരാം. എന്നാൽ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ പോലെ മസീഹ് മൗഊദി(അ)നോടു ആത്മാർഥതയും അന്ധമായ സ്നേഹവും അകമഴിഞ്ഞ ആദരവും കൂറും അർപണമനോഭാവവും കാണിക്കുന്നവരെ കണ്ടെത്തുക തികച്ചും പ്രയാസമാണു. ഹദ്റത്ത് ഡോക്ടർ മീർ സാഹിബ് തുടർന്നു പറയുകയാണു ഒരിക്കൽ ഞാൻ ഹദ്റത്ത് മൗലവി സാഹിബിന്റെ അടുക്കൽ ഇരിക്കുകയായിരുന്നു. ആ സന്ദർഭത്തിൽ മസീഹ് മൗഊദ്(അ) നിർദേശിച്ച വിവാഹ ബന്ധം തിരസ്ക്കരിച്ച അഹ്മദിയുടെ കാര്യം സംസാര വിഷയമായി. യാദൃഛികമായി മൗലവി സാഹിബിന്റെ ഇളയ മകൾ അമത്തുൽ ഹൈയ് സാഹിബ കളിച്ചു കൊണ്ട് അവിടെ എത്തി. മൗലവി സാഹിബ് ആ സഹോദരന്റെ കാര്യം കേട്ടു അതീവ വേദനയോടും ഹൃദയാവേശത്തോടും കൂടി പറഞ്ഞു, എന്റെ ഈ മകളുടെ വിവാഹം ഇപ്പോൾ നഹാലിയുടെ മകനുമായി നടത്താൻ എന്റെ മിർസാജി എന്നോടു പറഞ്ഞാൽ യാതൊരു സങ്കോചവും കൂടാതെ ഞാൻ അങ്ങനെ തന്നെ ചെയ്യുമായിരുന്നു. നഹാലി മസീഹ് മൗഊദിന്റെ വീട്ടിൽ വേല ചെയ്യുന്ന ഒരു പാവം അമുസ്ലിം സ്ത്രീയായിരുന്നു.

ഇതു മൗലവി സാഹിബിന്റെ നിസ്സീമമായ പ്രേമവും അർപണവും അകമഴിഞ്ഞ സ്നേഹവും ആദരവും ഇശ്ക്കും ആസക്തിയുമാണു കാണിക്കുന്നത്. അദ്ദേഹത്തിന്റെ ആ വികാരത്തിനു അല്ലാഹു നൽകിയ പ്രതിഫലം നോക്കു പിന്നീടു വർഷങ്ങൾക്കു ശേഷം ആ അമത്തുൽ ഹൈയ് സാഹിബ മസീഹെ മൗഊദിന്റെ മരുമകളായി

മാറി. അവരെ മസീഹെ മൗഊദിന്റെ മകൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹമദ് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ്(റ) ആണ് വിവാഹം ചെയ്തതു. മാതാപിതാക്കൾക്കു തങ്ങളുടെ മക്കളോടു ചില അവസരങ്ങളിൽ തോന്നുന്ന അമിതസ്നേഹവും വാത്സല്യവും കാരണം അവർ മക്കളെ കൊഞ്ചിച്ചു കൊണ്ട് പല പേരുകളും വിളിച്ചെന്നു വരും. ആ പേരുകൾക്കൊന്നും തന്നെ എന്തെങ്കിലും അർഥം ഉണ്ടാകണമെന്നില്ല. ചിലപ്പോൾ വിപരീത അർഥവും കണ്ടെന്നു വരാം. എന്നാൽ അതിന്റെ പേരിൽ നിങ്ങൾ മക്കളെ എന്തൊക്കെയാണു വിളിക്കുന്നതെന്നു വിവേകമുള്ളവർ ആരും തന്നെ മാതാപിതാക്കളെ കുറ്റപ്പെടുത്താറില്ല.

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് സാധാരണയായി ഹദ്റത്ത് സാഹിബിനെ കുറിച്ചു പറയുമ്പോൾ ഹമാരാ ഇമാം (നമ്മുടെ ഇമാം) ഹദ്റത്ത് അഖ്ദസ്, ഇമാമുസ്സമാൻ (കാലത്തിന്റെ ഇമാം) പാക് മസീഹ്, മസീഹെ മൗഊദ് തുടങ്ങിയ പേരുകളായിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ ചില അവസരങ്ങളിൽ മസീഹ് മൗഊദിനോടുള്ള സ്നേഹവും പ്രതിപത്തിയും അനുരാഗവും എല്ലാ സീമകളും ഭേദിച്ചു അദ്ദേഹത്തിന്റെ ഹൃദയത്തിൽ അമിതാവേശമായി മാറിയാൽ മൗലവി സാഹിബ് മസീഹ് മൗഊദിനെ കുറിച്ചു പറയുന്ന പേരുകളാണ് "മിർസാ" "എന്റെ മിർസാ" "എന്റെ മിർസാജി"എന്നത്. മാതാപിതാക്കൾ അമിത വാത്സല്യത്താൽ മക്കളെ പല പേരിൽ വിളിക്കുന്ന ആ വികാരം പോലെ. മൗലവി സാഹിബിൽ നിന്നും ഈ വാക്കുകൾ കേട്ടാൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ മസീഹ് മൗഊദിനോടുള്ള സ്നേഹം പറഞ്ഞറിയിക്കാനാവാത്ത തലത്തിൽ പതഞ്ഞു പൊങ്ങിയിരിക്കുന്നു എന്നാണർഥം. എന്റെ മിർസാജി പറയുകയാണെങ്കിൽ മകളുടെ വിവാഹം നഹാലിയുടെ മകനുമായി നടത്തും എന്നു പറഞ്ഞിടത്തും അതു തന്നേയാണു സംഭവിച്ചതു. മൗലവി സാഹിബിന്റെ ഇത്തരത്തിലുള്ള പദപ്രയോഗത്തെ ചില അവിവേകികൾ മസീഹ് മൗഊദിനോടുള്ള അനാദരവായി ദുർവ്യാഖ്യാനം ചെയ്യാറുണ്ട്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ് (റ) പറയുകയാണു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) നിറഞ്ഞ സ്നേഹത്തോടും ഹൃദയാവേശത്തോടും പ്രതിപത്തിയോടും കൂടി മസീഹ് മൗഊദിനെ കുറിച്ചു പറയുമ്പോൾ ഉപയോഗിക്കുന്ന വാക്കുകളാണു മിർസാ, എന്റെ മിർസാ അല്ലെങ്കിൽ എന്റെ മിർസാജി തുടങ്ങിയ പദങ്ങൾ. ആരംഭകാലം മുതൽ ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ബന്ധമുണ്ടായിരുന്നതിനാൽ അന്നു മുതൽ മൗലവി സാഹിബ് വിളിച്ചു ശീലിച്ച പേരുകളായിരുന്നു അതൊക്കെ. ആ പേരുകൾ നാവിൽ സ്ഥിര പ്രതിഷ്ഠ നേടി. അതു കേട്ടു ചില വിവരദോഷികൾ മൗലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദി(അ)നോടു അനാദരവു കാണിക്കുന്നു എന്നു പറയാറുണ്ട് ഈ ആരോപണം ഞാൻ ചിലരിൽ നിന്നു നേരിട്ടു കേട്ടിട്ടുണ്ട്. അതിനുള്ള ഹദ്റത്ത് മൗലവി സാഹിബിന്റെ മറുപടിയും ഞാൻ കേട്ടിട്ടുണ്ട്. ഒരിക്കൽ പള്ളിയിൽ ദറസ് നൽകി കൊണ്ടിരുന്ന അവസരത്തിൽ മൗലവി സാഹിബ് പറഞ്ഞു. ഞാൻ മസീഹ് മൗഊദിനോടു ആദരവു കാണിക്കുന്നില്ലെന്നും അതു കൊണ്ടാണു ഞാൻ മിർസാ എന്നും മിർസാജി എന്നും മറ്റും പറയുന്നതെന്നും എന്റെ മേൽ ചിലർ ആക്ഷേപമുന്നയിക്കുന്നതറിയാം. എന്നാൽ യാഥാർഥ്യം മറ്റൊന്നാണു. എന്റെ ഹൃദയത്തിൽ മസീഹ് മൗഊദി(അ)നോടുള്ള പ്രതിപത്തിയും സ്നേഹവും പ്രിയവും അമിതമായി വർദ്ധിക്കുകയും അതൊരാവേശമായി മാറുകയും ചെയ്യുമ്പോഴാണു ഞാനങ്ങനെ പറഞ്ഞു പോകുന്നത്.

ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി (റ) വിവരിക്കുകയാണു ഒരിക്കൽ ബട്ടാലയിലുള്ള ഒരു ഹിന്ദു സ്നേഹിതൻ ഖാദിയാനിൽ ഹദ്റത്ത് മൗലവി സാഹിബിന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു എന്റെ ഭാര്യ കഠിനമായ രോഗത്താൽ അവശയായിട്ടാണുള്ളതു. അതിനാൽ അവിടം വരെ വന്നു അവളെ പരിശോധിച്ചു വേണ്ട ചികിത്സ നിർദേശിക്കാൻ ദയവുണ്ടാകണം. സാധാരണ പോലെ മൗലവി സാഹിബ് അയാളോടു ഹദ്റത്ത് അഖ്ദസിനെ കണ്ടു അനുവാദം ചോദിക്കാൻ പറഞ്ഞു. അയാൾ നേരെ ഹുസൂറിന്റെ അടുക്കൽ ചെന്ന് വിവരം പറഞ്ഞു. ഹുസൂർ അനുവാദം നൽകി. അസർ നമസ്ക്കാര ശേഷം മൗലവി സാഹിബ് ബട്ടാല പുറപ്പെടുന്നതിനു മുമ്പു മുലാഖാത്തിനായി ഹുസൂറിന്റെ അടുക്കൽ ചെന്നു. ഹുസൂർ ചോദിച്ചു മൗലവി സാഹിബ് താങ്കൾ ഇന്നു തന്നെ തിരിച്ചു വരുമല്ലോ അല്ലേ? മൗലവിസാഹിബ് പറഞ്ഞു ജി.ഹുസൂർ അങ്ങനെ തന്നെ ചെയ്യാം.

മൗലവി സാഹിബ് ബട്ടാല എത്തി. രോഗിയെ പരിശോധിച്ചു. മരുന്നു നിർദേശിച്ചു. തിരിച്ചു പുറപ്പെടാൻ ഒരുങ്ങുമ്പോഴേക്കും അതിശക്തമായ ഇടിയും മഴയും ആരംഭിച്ചു. സമയം സന്ധ്യ കഴിഞ്ഞു ഇരുട്ടായിത്തുടങ്ങിയിരിക്കുന്നു. ക്ഷണനേരം കൊണ്ട് വഴിയിൽ വെള്ളം നിറഞ്ഞൊഴുകി. രോഗിയുടെ വീട്ടുകാർ പറഞ്ഞു മൗലവിജി, മഴ വളരെ ശക്തമാണു. ഇന്നു താങ്കൾ പോകരുത്. താങ്കൾക്കു താമസിക്കാനുള്ള ഏർപ്പാടു ഞങ്ങൾ ചെയ്തു തരാം. മൗലവി സാഹിബ് പറഞ്ഞു എനിക്കു എന്തായാലും തിരിച്ചു പോകണം. അതാണെന്റെ യജമാനന്റെ നിർദേശം. അവർ പറഞ്ഞു

ബട്ടാലയിൽ നിന്നും ഖാദിയാനി ലേയ്ക്കുള്ള പാതയെകുറിച്ചു താങ്കൾക്കും അറിയാവുന്നതാണ ല്ലോ. മാത്രവുമല്ല ഈ വഴിയിൽ രാത്രി സമയത്തു കള്ളന്മാരുടെയും കൊള്ളക്കാരുടേയും ഭീഷണിയും സ്ഥിരമാണ്. അതുകൊണ്ട് താങ്കൾ ഇപ്പോൾ പോകരുത്. നാളെ അതിരാവിലെ പുറപ്പെടാം. മൗലവി സാഹിബ് പറഞ്ഞു നിങ്ങൾ കുതിര വണ്ടി ഏർപ്പാടാക്കിയാലും ഇല്ലെങ്കിലും എനിക്കു പോകണം. നടന്നിട്ടാണെങ്കിലും ഞാൻ പോകും. ഹദ്റത്ത് മസീഹ് മൗഊദി നോടു രാത്രി തന്നെ തിരിച്ചു വരുമെന്നു പറഞ്ഞതു കൊണ്ട് ആ വാക്കിനു വ്യത്യാസമുണ്ടാകരുതെന്നു അദ്ദേഹത്തിനു നിർബന്ധമായിരുന്നു.

അവസാനം അവർ ഏർപ്പാടാക്കിയ കുതിരവണ്ടിയിൽ മൗലവി സാഹിബ് ഖാദിയാനിലേയ്ക്കു പുറപ്പെട്ടു. പക്ഷേ, അൽപം മുന്നോട്ടു പോയതെയുള്ളു കുതിര വണ്ടിക്കു ഓടാൻ പറ്റാത്ത വിധം വഴിയിലാകെ ചളിയും വെള്ളവും നിറഞ്ഞിരിക്കുന്നതായി മനസ്സിലായി. മഴ തകർത്തു പെയ്യുന്നതു കാരണം വഴിയെല്ലാം ജലാശയങ്ങളായി മാറിയിരിക്കുകയാണു. നല്ല ഇരുട്ടും ഉണ്ട്. വഴി ഏതു കുഴി ഏതു എന്നു മനസ്സിലാക്കാൻ സാധിക്കാത്ത അവസ്ഥ. അങ്ങനെ കുതിരവണ്ടി ഒഴിവാക്കി അദ്ദേഹം വെള്ളക്കെട്ടിലൂടെ നടന്നു തുടങ്ങി. കല്ലിലും മുള്ളിലും തട്ടി രണ്ടു കാലിനും മുറിവേറ്റു. അവസാനം അല്ലാഹുവിന്റെ അനുഗ്രഹത്താൽ തട്ടിയും മുട്ടിയും ഉരുണ്ടു വീണും വളരെയധികം കഷ്ടപ്പെട്ടു സുബഹി ബാങ്കിനു അൽപം മുമ്പു അദ്ദേഹം ഖാദിയാനിൽ എത്തി. ഫജർ നമസ്ക്കാരത്തിനായി മസ്ജിദ് മുബാറക്കിൽ ചെന്നു ശാന്തനായി ഒരു ഭാഗത്തിരുന്നു. ഹുസൂർ പള്ളിയിൽ പ്രവേശിച്ച ഉടനെ പള്ളിയിലുള്ളവരോടു, മൗലവി സാഹിബ് രാത്രി തന്നെ ബട്ടാലയിൽ നിന്നും തിരിച്ചെത്തിയിരുന്നോ എന്നു ചോദിച്ചു. മറ്റുള്ളവർ മറുപടി പറയുന്നതിനു മുമ്പു മൗലവി സാഹിബ് പെട്ടെന്നു തന്നെ ഹുസൂറിനു മുന്നിൽ വന്നിട്ടു പറഞ്ഞു ഹുസൂർ ഞാൻ തിരിച്ചെത്തിയിരുന്നു. അത്രമാത്രം. രാത്രി അതിശക്തമായ മഴയായിരുന്നുവെന്നോ, അതിനാൽ ഒരു പാടു കഷ്ടപ്പെട്ടാണു വന്നതെന്നോ, വെള്ളത്തിലൂടെ നടന്നതു കാരണം കല്ലിലും മുള്ളിലും തട്ടി രണ്ടുകാലിനും മുറിവു പറ്റിയെന്നോ ഉള്ള ഒരു കാര്യവും പറയുകയോ സൂചിപ്പിക്കുകയോ പ്രകടിപ്പിക്കുകയോ അദ്ദേഹം ചെയ്തില്ല. അന്നു രാത്രി വരാതെ പിറ്റെ ദിവസം വന്നു തലേ ദിവസം ശക്തമായ മഴ കാരണം വരാൻ പറ്റിയില്ലെന്നു പറഞ്ഞാൽ അതു നന്നായി എന്നു മാത്രമേ ഹുസൂർ പറയുമായിരുന്നുള്ളു. എന്നാൽ ഇവിടെ കാര്യം വേറെയാണു. നൂറുദ്ദീൻ അപ്നി ജാൻ കാ ഭി മാലിക് ന റഹാ. സ്വന്തം പ്രാണൻ തന്റെ യജമാനനു വിറ്റിരിക്കുകയല്ലേ? പിന്നെ മഴയായാലെന്ത് പ്രളയമായാലെന്തു. യജമാനന്റെ തൃപ്തി മാത്രമാണു ലക്ഷ്യം.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ) ഖമറുൽ അമ്പിയാ പറയുകയാണു ഞങ്ങളുടെ ചെറിയ അനുജൻ മുബാറക് അഹ്മദ് സുഖമില്ലാതെ കിടപ്പിലായിരുന്ന അവസരത്തിലൊരിക്കൽ അവനെ പരിശോധിക്കുന്നതിനായി മൗലവി സാഹിബിനെ ഹുസൂർ വീട്ടിലേയ്ക്കു വിളിച്ചു. മസീഹ് മൗഊദ് (അ) ആ സമയം വരാന്തയിൽ കട്ടിലിലിരിക്കുകയായിരുന്നു. മൗലവി സാഹിബ് വന്ന ഉടനെ കട്ടിലിനരികിൽ നിലത്തിരുന്നു. ഇതു കണ്ടു ഹുസൂർ പറഞ്ഞു മൗലവി സാഹിബ്, അരുത്,കട്ടിലിൽ കയറിയിരുന്നാലും. മൗലവി സാഹിബ് ഇരിന്നിടത്തു നിന്നു കൈ കട്ടിലിൽ വെച്ചു നിവർന്നിരുന്നു കൊണ്ട് പറഞ്ഞു ഹുസൂർ, ഞാൻ നന്നായി ഇരുന്നിട്ടുണ്ട്. അതായതു യാതൊരു കുഴപ്പവുമില്ല. എന്നാൽ ഹുസൂർ കട്ടിലിൽ ഇരിക്കാൻ വീണ്ടും പറഞ്ഞപ്പോൾ മൗലവി സാഹിബ് ഉടനെ കട്ടിലിൽ കയറിയിരുന്നു ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) പറയുകയാണു മൗലവി സാഹിബിനു മസീഹ് മൗഊദിനോടുള്ള അനുസരണവും ആദരവും പറഞ്ഞറിയിക്കാനാവാത്തതാണ്. വിദ്യാർഥിയായിരുന്ന കാലത്തു ഉന്നതരുടെ മുന്നിൽ പോലും ഒരിക്കലും നിലത്തിരിക്കാൻ കൂട്ടാക്കാത്ത അദ്ദേഹം, ഭൗതികവും ആത്മീയവുമായ ഉന്നതങ്ങൾ കീഴടക്കിയ ശേഷം കാലത്തിന്റെ മസീഹിന്റെ മുന്നിൽ നിലത്തിരിക്കുന്നതിൽ അഭിമാനവും അന്തസ്സും കണ്ടിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്ലിഹ് മൗഊദ്(റ) വിവരിക്കുകയാണു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് നമസ്ക്കരിക്കുകയായിരുന്ന അവസരത്തിൽ അതറിയാതെ ഹുസൂർ മൗലവി സാഹിബിനെ വിളിച്ചു. വിളികേട്ട മാത്രയിൽ മൗലവി സാഹിബ് നമസ്ക്കാരം ഉപേക്ഷിച്ചു ഹുസൂറിനു മുന്നിൽ ഹാജറായി. അതിനെ കുറിച്ചു മുസ്ലിഹ് മൗഊദ്(റ) അരുൾ ചെയ്യുകയാണ് നബിയെ സംബന്ധിച്ചിടത്തോളം ഇതു അനുവദനീയമാണ്. കാരണം നബി ദീനിനു ഒഴിച്ചു കൂടാനാവാത്തതും അത്യാവശ്യവുമായ വിധിവിലക്കുകൾ എപ്പോഴും നമുക്കു പറഞ്ഞു തരികയും വിവരിച്ചു തരികയും ചെയ്യുന്നു. (ദറസ് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) 2510 1960)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഖുർആന്റെ ബ്രഹദ് വ്യാഖ്യാനമായ തന്റെ തഫ്സീർ കബീറിൽ സൂറ: അൽബക്കറയുടെ 152-ാം ആയത്തിന്റെ വ്യാഖ്യാനത്തിൽ എഴുതുകയാണു അല്ലാഹുവിന്റെ നബി ഒരാളെ വിളിച്ചാൽ അയാൾ നമസ്ക്കരിക്കുകയാണെങ്കിൽ പോലും നമസ്ക്കാരം ഉപേക്ഷിച്ചു

നബിയുടെ സന്നിധിയിൽ ഹാജരാകേണ്ടതാണു. കാരണം പ്രവാചകർ ദൈവിക ഗുണവിശേഷണങ്ങളുടെ (സിഫാത്തെ ഇലാഹിയ്യ) ദർപ്പണമാണു. നബിയുടെ ശബ്ദം അല്ലാഹുവിന്റെ ശബ്ദമാണെന്നു നാം മനസ്സിലാക്കേണ്ടതാണു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരാളെ വിളിച്ചു. അയാളപ്പോൾ നമസ്ക്കരിക്കുകയായിരുന്നു. ഹുസൂറിന്റെ വിളികേട്ട ഉടനെ ആ സഹോദരൻ നമസ്ക്കാരം ഉപേക്ഷിച്ചു ഹുസൂറിനു മുന്നിൽ ചെന്നു. ഇതിനെ കുറിച്ചു ചിലർ ആക്ഷേപമുന്നയിച്ചപ്പോൾ ഹുസൂർ പറഞ്ഞു നബി ഒരാളെ വിളിച്ചാൽ അയാൾ നമസ്ക്കരിക്കുകയാണെങ്കിൽ പോലും നമസ്ക്കാരം ഉപേക്ഷിച്ചു നബിയുടെ വിളിക്കു ഉത്തരം നൽകേണ്ടതാണ്. അതുപോലെ ഒരിക്കൽ ഖലീഫത്തുൽ മസീഹ് അവ്വൽ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബും ഹുസൂറിന്റെ വിളികേട്ടു നമസ്ക്കാരം ഉപേക്ഷിച്ചിട്ടുണ്ടായിരുന്നു.

ചുരുക്കത്തിൽ നമസ്ക്കാരം എന്നതു മനുഷ്യന്റെ ജീവിത ലക്ഷ്യമല്ല. നോമ്പും ഹജ്ജും സക്കാത്തും ഒന്നും ജീവിത ലക്ഷ്യമല്ല. അതെല്ലാം തന്നെ അല്ലാഹുവിലേയ്ക്കെത്താനുള്ള ഉപാധികളാണു. ഇതെല്ലാം തന്നെ മനുഷ്യ മനസ്സിനെ ആത്മീയ മാലിന്യങ്ങളിൽ നിന്നും മുക്തമാക്കാനും ശുദ്ധീകരിക്കാനുമുള്ള മാർഗങ്ങളാണു. എന്നാൽ ഒരാളുടെ ഹൃദയം പരിശുദ്ധമല്ലെങ്കിൽ അയാൾ നാവു കൊണ്ടു അല്ലാഹുവിന്റെ പരിശുദ്ധ ഗ്രന്ഥത്തിൽ താൻ വിശ്വസിക്കുന്നുവെന്നു ആയിരം തവണ വാദ മുന്നയിച്ചാലും അതിനു കടുകു മണിയോളം പോലും വിലയില്ല. നമസ്ക്കാരത്തിലാണെങ്കിൽ പോലും നബിയുടെ വിളിക്കു ഉത്തരം നൽകണമെന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതിന്നാധാരം ഈ ഖുർആനിക വചനമാണെന്നാണു മനസ്സിലാകുന്നത്.

يَا أَيُّهَا الَّذِينَ آمَنُوا اسْتَجِيبُوا لِلَّهِ
وَلِلرَّسُولِ إِذَا دَعَاكُمْ لِمَا يُحْيِيكُمْ
وَاعْلَمُوا أَنَّ اللَّهَ يَحُولُ بَيْنَ الْمَرْءِ
وَقَلْبِهِ وَأَنَّهُ إِلَيْهِ تُحْشَرُونَ

വിശ്വസിച്ചവരെ, അല്ലാഹും (അവന്റെ) ദൂതനും നിങ്ങൾക്കു ജീവൻ നൽകുന്നതിലേയ്ക്കു നിങ്ങളെ വിളിച്ചാൽ ഉത്തരം നൽകുക. തീർച്ചയായും മനുഷ്യനും അവന്റെ ഹൃദയത്തിനുമിടയിൽ അല്ലാഹു മറയായി നിൽക്കുന്നുവെന്നും അവങ്കലേയ്ക്കാണു നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നതെന്നുമുള്ള കാര്യം അറിയുക. (ഖുർആൻ 8:25) (തഫ്സീർ കബീർ വാള്യം 2 സൂറ: അൽബക്കറ. ആയത്ത് 152 )

ഇവിടെ لِمَا يُحْيِيكُمْ നിങ്ങളെ ജീവിപ്പിക്കുന്നതിനായി എന്ന പദം കൊണ്ട് സന്മാർഗോപദേശം നൽകുക വഴി ആത്മീയ ചൈതന്യം നഷ്ടപ്പെട്ട മനുഷ്യനു നവജീവൻ നൽകി ഉൽബുദ്ധനാക്കിത്തീർക്കുക എന്നാണു ഉദ്ദേശ്യം. അല്ലാതെ മരിച്ചവരെ ജീവിപ്പിക്കുക എന്നതല്ല. മുകളിൽ വിവരിച്ച ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ അനുശാസനത്തിനു തിരുനബിയുടെ ഹദീസും പിന്തുണയ്ക്കുന്നുണ്ട്. പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ(സ) പറയാത്ത ഒരു കാര്യം ഒരിക്കലും തന്നെ തിരുമേനിയുടെ ആത്മീയ ശിഷ്യനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) നിർദേശിക്കുകയില്ലല്ലോ. ബുഖാരിയിലുള്ള നബി കരീം (സ) ന്റെ ഹദീസ് ഇപ്രകാരമാണു.

عَنْ أَبِي سَعِيدِ الْمُعَلَّي قَالَ كُنْتُ أُصَلِّي
فِي الْمَسْجِدِ فَدَعَانِي رَسُولُ اللّٰهِ صَلّي
اللّٰهُ عَلَيْهِ وَ سَلّمَ فَلَمْ أُجِبْهُ فَقُلْتُ يَا
رَسُولُ اللّٰهِ اِنِّي كُنْتُ أُصَلِّي فَقَالَ أَلَمْ
يَقُلْ اللّٰهُ اسْتَجِيبُوا لِلَّهِ وَلِلرَّسُولِ
إِذَا دَعَاكُمْ لِمَا يُحْيِيكُمْ
(صحيح البخارى كتاب تفسير القُران)

അബൂ സഈദിൽ മുഅല്ലാ നിവേദനം ചെയ്യുകയാണു ഞാനൊരിക്കൽ പള്ളിയിൽ നമസ്ക്കരിക്കുകയായിരുന്ന അവസരത്തിൽ റസൂൽ കരീം (സ) എന്നെ വിളിച്ചു. നമസ്ക്കാരത്തിലായതിനാൽ ഞാൻ വിളിക്കു ഉത്തരം നൽകിയില്ല. (നമസ്ക്കാര ശേഷം തിരുമേനിയുടെ അടുക്കൽ ചെന്നു) ഞാൻ പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, ഞാൻ നമസ്ക്കരിക്കുകയായിരുന്നു. അപ്പോൾ തിരുമേനി പറഞ്ഞു അല്ലാഹുവോ അവന്റെ റസൂലോ നിങ്ങളെ ജീവിപ്പിക്കുന്നതിനായി വിളിച്ചാൽ ഉത്തരം നൽകുക എന്നു അല്ലാഹു പറഞ്ഞിട്ടില്ലേ? അല്ലെങ്കിൽ പറഞ്ഞതു നിനക്കറിയില്ലേ (സഹീഹുൽ ബുഖാരി. കിതാബ് തഫ്സീറുൽ ഖുർആൻ)

ഇന്നു മസീഹ് മൗഊദി(അ)ന്റെ പ്രതിനിധിയായി നമുക്കുള്ളതു അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹാണു. കാലത്തിന്റെ ഇമാമായ ഖലീഫത്തുൽ മസീഹിന്റെ വാക്കുകൾക്കു നാം എപ്പോഴും മുൻഗണനയും പ്രാധാന്യവും നൽകേണ്ടതാണ്. ജുമുഅ ഖുത്തുബയും അതുപോലെ ഹുസൂറിന്റെ മറ്റു തൽസമയ പ്രസംഗങ്ങളും MTA Internationalലൂടെ സംപ്രേഷണം ചെയ്യപ്പെടുമ്പോൾ നാം ആ സമയത്തു ഇടയിൽ വരുന്ന നമസ്ക്കാരം മാറ്റി വെക്കേണ്ടതാണു എന്നാണ് ഇതെല്ലാം നമ്മെ ഓർമപ്പെടുത്തുന്നത്. ഖുതുബയ്ക്കു ശേഷം അല്ലെങ്കിൽ പ്രസംഗത്തിനു ശേഷം നമസ്ക്കാരം അനുഷ്ഠിക്കാവുന്നതാണു. അതിനു വിരുദ്ധമായി പ്രവർത്തിക്കുകയും നമസ്ക്കാരമാണു പ്രധാനപ്പെട്ടതെന്ന വാദം അനാവശ്യമായി ഉന്നയിക്കുകയും ചെയ്യുന്നതു ഖിലാഫത്തിനോടുള്ള അനുസരണക്കേടാണെന്നും നാം എപ്പോഴും ഓർക്കേണ്ടതാണ്.

## അല്ലാഹുവിലുള്ള തവക്കലും ഇസ്ലാമിനോടുള്ള സ്നേഹവും

ഹദ്റത്ത് മൗലവി ഹക്കീം

നൂറുദ്ദീൻ സാഹിബ്(റ) തന്റെ ജീവിത കാലത്തു ഹദ്റത്ത് മസീഹ് മൗഊദിനോടു കാണിച്ച സ്നേഹ ത്തിന്റേയും ആത്മ സമർപണത്തി ന്റേയും കഥകളിൽ ചിലതാണു മാതൃകയെന്നോണം മുകളിൽ വിവരിച്ചത്. അത്തരം സംഭവങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലുട നീളം നമുക്കു കാണുവാൻ സാധിക്കും. മേലിലും അത്തരം വികാരഭരിതവും ഇമാൻ വർദ്ധക ങ്ങളുമായ സംഭവങ്ങൾ അദ്ദേഹ ത്തിന്റെ ചരിത്ര വിവരണത്തിൽ വന്നു കൊണ്ടിരിക്കും. ഇൻശാഅല്ലാ ഹ്. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനു ഹദ്റത്ത് മസീഹ് മൗഊദിനോടുള്ള സ്നേഹ വും ആത്മാർഥയും പോലെ തന്നെ അദ്ദേഹത്തിനുള്ള മറ്റൊരു മഹത്താ യ ഗുണവും പ്രത്യേകതയുമാണു അല്ലാഹുവിലുള്ള വിശ്വാസവും തവക്കലും. നൂറുദ്ദീൻ സാഹിബി നു അല്ലാഹുവിലുള്ള തവക്കൽ പോലെ എന്നു സംസാരത്തിൽ പ്രയോഗം പോലുമുണ്ട്. ഖുർആ നോടും ഇസ്ലാമിനോടുള്ള അദമ്യ മായസ്നേഹവും കൂറുമാണു അദ്ദേഹത്തിന്റെ മറ്റൊരു പ്രത്യേക ത. ഇതിന്റെയൊക്കെ ആഴവും പരപ്പും എത്രയാണെന്നു ആർക്കും തന്നെ തിട്ടപ്പെടുത്തുവാനോ നിർവചിക്കുവാനോ സാദ്ധ്യമല്ല.

അദ്ദേഹത്തിന്റെ ജീവിതം മുഴുവനും ഇതിനു സാക്ഷിയാണ്. അല്ലാഹുവിനോടുള്ള സ്നേഹവും തവക്കലും അനിർവചനീയമായി അദ്ദേഹത്തിന്റെ ഹൃദയത്തിൽ അലതല്ലുമ്പോൾ അദ്ദേഹം പറയും **'നൂറുദ്ദീൻ കാ ഖുദാ'** (നൂറുദ്ദീന്റെ ദൈവം). അങ്ങനെയാണു അദ്ദേഹം അല്ലാഹുവിനെ സംബോധന ചെയ്യുന്നത്. സ്വന്തം മാതാപിതാക്ക ളോടുള്ള പ്രിയം കൂടുമ്പോൾ ചെറിയ മക്കൾ "എന്റെ ഉപ്പ" "എന്റെ ഉമ്മ" എന്നു മറ്റുള്ളവരോടു പറഞ്ഞു അവകാശം സ്ഥാപിക്കുന്ന ആ വികാരം പോലെ അദ്ദേഹം പറയും '*നൂറുദ്ദീൻ കാ ഖുദാ*'. അവൻ ഒരിക്കലും ഒരു പ്രതിസന്ധി ഘട്ടത്തിലും തന്നെ നിസ്സഹായവും നിരാധാരവുമായി ഉപേക്ഷിക്കുക യില്ലെന്നതും അദ്ദേഹത്തിന്റെ അടിയുറച്ച വിശ്വാസമാണ്. അവൻ എന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റുമെന്നും ഞാൻ വനാന്തര ങ്ങളിൽപെട്ടു പോയാൽ പോലും എനിക്കവൻ ഭക്ഷണം എത്തിക്കു മെന്നും. ഒരിക്കലും അവനെന്നെ പട്ടിണിയിലാക്കുകയില്ലെന്നും ഇതു എന്നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു. അദ്ദേഹത്തി ന്റെ ജീവിതം അതിനു സാക്ഷിയാ ണു.

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് പറയുകയാണു ഒരിക്കൽ ഞങ്ങൾ മൂന്നു പേർ ഒരാവശ്യ ത്തിനായി ഒരിടത്തു ചെന്നു. അവിടെവച്ചു ഞങ്ങൾക്കു വഴി തെറ്റി. വഴി അന്വേഷിച്ചു നടന്നു നടന്നു ഞങ്ങൾ വളരെ ദൂരെ ജനവാസം പോലുമില്ലാത്ത ഒരു പ്രദേശത്തെത്തി. കൂടെയുള്ളവർ ക്കു കലശലായ വിശപ്പും ദാഹവും അനുഭവപ്പെട്ടു. ഈ വിജനമായ സ്ഥലത്തു ആരോടു സഹായം തേടും. ഒരു മനുഷ്യജീവിയെ പോലും ഒരിടത്തും കാണാനില്ല. വിശപ്പും ദാഹവും ക്ഷീണവും കാരണം ഇനി മുന്നോട്ടുള്ള നടത്തം എല്ലാവർക്കും തികച്ചും അസാധ്യ മായി തോന്നി. നൂറുദ്ദീൻ കാ ഖുദാ (നൂറുദ്ദീന്റെ അല്ലാഹു) ഒരിക്കലും എന്നെ ബുദ്ധിമുട്ടിലോ പട്ടിണി യിലോ ആക്കുകയില്ലെന്നും ഏതു പ്രതികൂല സാഹചര്യത്തിലും അവനെനിക്കു ഭക്ഷണം എത്തിച്ചു തരുമെന്നും ഇതു അല്ലാഹുവിന്റെ വാഗ്ദാനമാണെന്നും ഹദ്റത്ത് മൗലവി സാഹിബ് എപ്പോഴും പറയാറുള്ള കാര്യമാണല്ലോ. അതു കൊണ്ട് നൂറുദ്ദീൻ കാ ഖുദാ ഇന്നു എന്തു ചെയ്യുമെന്നു നമുക്കൊന്നു കാണാമല്ലോ എന്നു കൂട്ടുകാരിൽ ഒരാൾ പറയാൻ തുടങ്ങി.

ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു ഇതു കേട്ടപ്പോൾ ഞാൻ ദുആ ചെയ്യാൻ തുടങ്ങി. അൽപ സമയത്തിനു ശേഷം ആരോ പുറകിൽ ദൂരെ നിന്നും ഒന്നു നിൽക്കണേ, ഒന്നു നിൽക്ക ണേ എന്നു ഉച്ചത്തിൽ വിളിക്കുന്ന തു കേട്ടു. നോക്കിയപ്പോൾ രണ്ടു കുതിര സവാരിക്കാരായിരുന്നു അവർ. ഞങ്ങൾ നിന്നു. അവർ ഞങ്ങളുടെ അടുക്കലെത്തി. എന്നിട്ടു പറഞ്ഞു. ഞങ്ങൾ നായാ ട്ടുകാരാണ്. ഞങ്ങൾ ഒരു മാൻ വേട്ടയാടി പിടിച്ചിട്ടുണ്ടായിരുന്നു. അതിന്റെ മാംസം ഞങ്ങൾ നന്നായി പാകം ചെയ്തു. വീട്ടിൽ നിന്നും റൊട്ടിയും കൊണ്ടു വന്നിരുന്നു. ഞങ്ങൾ വേണ്ടുവോളം കഴിച്ചു. ഇനിയും കുറെ ബാക്കിയുണ്ട്. നിങ്ങളും കഴിച്ചോളൂ എന്നു പറഞ്ഞു കൊണ്ട് ബാക്കി മുഴുവൻ ഭക്ഷണവും ഞങ്ങൾക്കു തന്നു. ഞങ്ങൾ അല്ലാഹുവിനു നന്ദി പറഞ്ഞു കൊണ്ട് മൂന്നു പേരും വയറു നിറയെ കഴിച്ചു. പിന്നീടു കൂട്ടുകാർ പറയാൻ തുടങ്ങി നൂർദ്ദീൻ സച് ബോൽത്താ ഹെ (നൂറുദ്ദീൻ പറയുന്നതു സത്യമാണ്).

ജനാബ് മൗലവി താജുദ്ദീൻ സാഹിബ് ലായൽ പൂരി വിവരി ക്കുകയാണു. എന്റെ അമ്മാവനാ യിരുന്ന മൗലവി ഗുലാം ഖാദർ സാഹിബ് അഹ്ലെ ഹദീസ് കക്ഷിയിൽ പെട്ട ഒരാളായിരുന്നു. ഒരിക്കൽ അദ്ദേഹം എന്നോടു പറഞ്ഞു ഞാൻ മൗലവി നൂറുദ്ദീൻ സാഹിബിന്റെ ഖുർആൻ ദറസിൽ പങ്കെടുക്കാൻ വേണ്ടി മാത്രം ജമ്മു പോകാറുണ്ടായിരുന്നു. എന്റെ അഭിപ്രായത്തിൽ ഇന്ത്യയിൽ വല്ലവർക്കും ഖുർആൻ അറിയാമെ ങ്കിൽ അതു മൗലവി നൂറുദ്ദീൻ സാഹിബ് മാത്രമായിരുന്നു. അദ്ദേഹത്തിനു ഇസ്ലാമിനോടുണ്ടാ യിരുന്ന സ്നേഹവും പ്രതിപത്തി യും അനിർവചനീയമാണു. എല്ലാ യിപ്പോഴും ഇസ്ലാമിക പ്രചാരണ വും വളർച്ചയുമായിരുന്നു അദ്ദേഹ ത്തിന്റെ ചിന്ത.

താജുദ്ദീൻ സാഹിബ് വിവരി ക്കുകയാണു ഒരിക്കൽ ഗുലാം ഖാദർ സാഹിബ് ദറസിൽ പങ്കെടു

ക്കാനായി ജമ്മു പോയപ്പോൾ മൗലവി സാഹിബ് തന്റെ ഒരു പഴയ സുഹൃത്തിനെ കുറിച്ചു അദ്ദേഹത്തോടന്വേഷിച്ചു. ഗുലാം ഖാദർ സാഹിബ് പറഞ്ഞു അയാൾ ക്രൂസ്തു മതം സ്വീകരിച്ചു കൊണ്ട് ഇപ്പോൾ ഒരു ക്രൂസ്ത്യൻ സ്ക്കൂളിൽ ഇരുപത്തഞ്ചു രൂപ മാസ ശംമ്പളത്തിനു അധ്യാപക ജോലി ചെയ്തു കൊണ്ടിരിക്കുകയാണു. അതു കേട്ടപ്പോൾ മൗലവി സാഹിബിനു വലുതായ മാനസിക വിഷമമുണ്ടായി. അൽപസമയത്തിനു ശേഷം മൗലവി സാഹിബ് പറഞ്ഞു ഭൗതിക നേട്ടങ്ങൾക്കായി ഇസ്‌ലാം ഉപേക്ഷിക്കരുതെന്നും വീണ്ടും ഇസ്‌ലാമിലേയ്ക്കു തന്നെ തിരിച്ചു വരണമെന്നും ഞാൻ മരിക്കുന്നതു വരെ എല്ലാ മാസവും കൃത്യമായി അയാൾക്കു ഇരുപത്തഞ്ചു രൂപ അയച്ചു കൊടുക്കുന്നതാണെന്നും ഞാൻ പറഞ്ഞതായി അയാളോടു പറയണം. ഇനി അയാൾക്കു മറ്റു വല്ല കച്ചവടവും ചെയ്യണമെന്നുണ്ടെങ്കിൽ അതിനും ഞാൻ സഹായിക്കുന്നതാണു. ഇതാണു ഇസ്‌ലാമിനെ അകമഴിഞ്ഞു സ്നേഹിക്കുന്ന ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ ഹൃദയ വികാരം.

ബൈഅത്തിനു ശേഷം ജമാഅത്തിലുള്ളവരിൽ മതബോധവും ദീനിയായ ചിന്തയും വളർത്തുന്നതിൽ അദ്ദേഹം വളരെയധികം ശ്രദ്ധിച്ചിരുന്നു. അദ്ദേഹം സ്വന്തം കാശു ചിലവഴിച്ചു പലരേയും സ്ക്കൂളുകളിൽ പഠിപ്പിക്കാറുണ്ടായിരുന്നു. അത്തരത്തിലുള്ള ഒരു സ്ഥാപനത്തിൽ പഠിക്കുന്ന ഒരു കുട്ടിയെ കുറിച്ചു അവിടത്തെ അധ്യാപകൻ അവന്റെ ചിലവു വഹിക്കുന്ന മൗലവി സാഹിബിനോടു, ഇവനു ദീനിയാത്തു പഠനത്തിൽ തീരെ ശ്രദ്ധയില്ലെന്നു പരാതിപ്പെട്ടു. മൗലവി സാഹിബ് ആ വിദ്യാർഥിയെ വിളിച്ചു വരുത്തിയിട്ടു പറഞ്ഞു നിനക്കു ദീനിയാത്തു പഠിക്കാൻ തീരെ താൽപര്യമില്ലെന്നു എനിക്കു പരാതി കിട്ടിയിരിക്കുന്നു. എനിക്കാണെങ്കിൽ ദീൻ അല്ലാതൊന്നും തന്നെ ഇഷ്ടമല്ല. ഞാൻ എന്റെ ഇമാമിന്റെ കൈയിൽ ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കും എന്നു പ്രതിജ്ഞ ചെയ്തിട്ടാണുള്ളതു. അതിനാൽ ഞാനുമായി ബന്ധമുള്ള ഒരാൾക്കു ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കാൻ സാദ്ധ്യമല്ലെങ്കിൽ എനിക്കു അയാളുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കുന്നതല്ല. എന്റെ ഭാര്യയായാലും മക്കളായാലും ശരി അവർക്കു ദീനിലും ദീനിയാത്തിലും താൽപര്യമില്ലെങ്കിൽ എനിക്കു അവരോടും യാതൊരു താൽപര്യവുമുണ്ടായിരിക്കുകയില്ല ദരിദ്രർക്കും പാവങ്ങൾക്കുമുള്ള ഫണ്ടിലൂടെയല്ല നിന്റെ ചിലവുകൾ നടക്കുന്നതു എന്ന കാര്യം നിനക്കു നന്നായിട്ടറിയാം. അതു ഞാനാണു വഹിക്കുന്നതു. ഇതൊന്നും തന്നെ ഭൗതിക നേട്ടങ്ങൾ ആഗ്രഹിച്ചല്ല ഞാൻ ചെയ്യുന്നതു. ഞാനെന്റെ വികാരവിചാരാദികളും ചിന്തകളും എല്ലാം മറ്റൊരാൾക്കു പണയപ്പെടുത്തിയിട്ടാണുള്ളതു. എന്റെ കൈയിൽ ഒന്നുമില്ല. ഞാനെല്ലാം വിറ്റിരിക്കുന്നു. അതിനാൽ ദീനിയാത്തു പഠിക്കാൻ താൽപര്യമില്ലെങ്കിൽ നീ ഉടനെ ഇവിടം വിട്ടു പോയിക്കൊള്ളു. എനിക്കു നിന്നെ സംരക്ഷിക്കുവാനാവുകയില്ല. ബാഹ്യമായി ഇതൊക്കെ ചെറിയ സംഭവമാണെന്നു ആർക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ അതിനു പുറകിൽ മറഞ്ഞിരിക്കുന്ന ഹദ്റത്ത് മൗലവി സാഹിബിന്റെ ഹൃദയ വികാരമാണു നാം കാണേണ്ടതു. (തുടരും)

---

**പേജ് 26 ൽ നിന്ന് തുടർച്ച**

തുന്നു:

'പത്രത്തിൽ പുരണ്ട കുറച്ചു മഷിക്കു പുറമെ യാതൊരു അക്രമവും വേദനയും, ഈ 'മുറിവി'ലും 'ക്ലേശ'ത്തിലും അടങ്ങിയിട്ടില്ല.'

ഇസ്‌ലാമിനെതിരെ പുറപ്പെടുവിക്കുന്ന അധിക്ഷേപപരവും പ്രകോപനപരവുമായ പ്രകടനങ്ങളെ ന്യായീകരിക്കാനുള്ള ശ്രമത്തിൽ, ഡോക്കിൻസിനെപ്പോലുള്ള വിദ്വാന്മാർ എത്ര എളുപ്പത്തിലാണ് തൂലികയുടെ ശക്തി മറന്നുപോകുന്നത് എന്നതാണ് സങ്കടകരമായ കാര്യം. ദൈവത്തിന്റെ മതിപ്പിന് വേണ്ടി ചെയ്യുന്ന നന്മയെ എതിർക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ഡാക്കിൻസ്, സദാചാരബോധത്തിന് മതത്തിന്റെ ആവശ്യമില്ലെന്ന അഭിപ്രായം പ്രചരിപ്പിക്കുകയും ചെയ്യുന്നു.

നിരീശ്വരവാദത്തിന്റെ പ്രതിനിധിയായ ഡാക്കിൻസിന്റേയും, യുദ്ധക്കൊതിയനും നിഷ്ഠൂരനുമെന്ന് (നഊദുബില്ലാഹ്) വിമർശിക്കപ്പെടുന്ന ഏഴാം നൂറ്റാണ്ടിലെ ഉപദേശകന്റെയും മര്യാദകളിൽ പ്രകാശവർഷങ്ങളുടെ അന്തരമുണ്ടെന്ന് സംശയാതീതമായി തെളിയിക്കാൻ മുകളിലെ ഉദാഹരണം മതിയായതാണ്. എന്തെല്ലാമായാലും ശരി, 1400 വർഷങ്ങൾക്ക് ശേഷവും, മര്യാദയുടെ ഉത്തമോദാഹരണങ്ങളെന്ന് വാദിക്കുന്നവരെ നിഷ്പ്രഭമാക്കുന്നതിൽ പ്രവാചകകരുണയുടെ മഹനീയ പ്രകാശം വിജയിച്ചുകൊണ്ടിരിക്കുന്നു. (തുടരും)



കുറിപ്പുകൾ

# സൂയസ്: ചരിത്രവും വസ്തുതയും

മുസാഫിർ




അത്‌ലാന്റിക് സമുദ്രത്തിന്റെ ഭാഗമായ മെഡിറ്ററേനിയൻ കടലിനേയും ഇന്ത്യൻ മഹാ സമുദ്രത്തിന്റെ ഭാഗമായ ചെങ്കടലിനെയും ബന്ധിപ്പിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ മനുഷ്യനിർമ്മിത ജലഗതാഗത സംവിധാനമാണ് ഈജിപ്തിലെ സൂയസ് കനാൽ. കനാലിന് 193 കിലോ മീറ്റർ നീളവും ശരാരശരി നൂറ് മീറ്ററിനടുത്ത് വീതിയുമുണ്ട്. 2021 മാർച്ച് 23 നാണ് 400 മീറ്റർ നീളവും 60 മീറ്റർ വീതിയുമുള്ള 20,000 കണ്ടെയിനറുകൾ വഹിക്കാൻ ശേഷിയുള്ള **'എവർ ഗിവൺ'** എന്ന പടുകൂറ്റൻ കണ്ടെയിനർ കപ്പൽ സൂയസ് കനാലിൽ കുറുകെ കുടുങ്ങിപ്പോയത്. ലോകത്തിലെ തന്നെ എറ്റവും വലിയ ചരക്കുകപ്പലുകളിൽ ഒന്നാണ് എവർ ഗിവൺ. രണ്ട് ജപ്പാൻ കമ്പനികളുടെ ഉടമസ്ഥതയിലുള്ള കപ്പൽ ഭീമനെ എവർ ഗ്രീൻ എന്ന തായ്‌വാൻ കമ്പനി വാടകക്കെടുത്തതാണ്. കപ്പൽ ചൈനയിലെ ഷാങ്ങ്ഹായിൽ നിന്നും നെതർലണ്ടിലെ റോട്ടർ ഡാമിലേക്ക് നിറയെ ചരക്കുകളുമായി നീങ്ങുകയായിരുന്നു. ശക്തമായ മരുക്കാറ്റിൽ വട്ടം കറങ്ങി കനാലിന്റെ ഇരു കരകളെയും തൊട്ട് കപ്പലിന്റെ അണിയത്തിന്റെ അടിഭാഗം മണ്ണിൽ പൂണ്ട് കനാലിന്ന് വിലങ്ങടിച്ചു നിന്നു. ഇതോടെ കനാലിന്റെ ഇരുവശത്തുമായി നാനൂറോളം കപ്പലുകളാണ് വഴിമുടങ്ങിനിന്നത്. ആറു ദിവസത്തെ അതികഠിനമായ പരിശ്രമത്തിന്ന് ശേഷമാണ് കപ്പലിനെ നീക്കാനായത്. ദിനേന നൂറു വീതം കപ്പലുകൾ കടന്നുപോകുന്ന ലോകത്തെ എറ്റവും തിരക്കേറിയ ഈ ജലപാതയിൽ ആറുദിവസത്തെ മുടക്കം വ്യാപാര മേഖലക്ക് ഏൽപ്പിച്ച നഷ്ടം അതിഭീമമാണ്. ആഗോള വ്യാപാര രംഗത്ത് സൂയസ് കനാലിനും ചെങ്കടലിനുമുള്ള പ്രാധാന്യം ഈ കപ്പൽ തടസ്സത്തോടെ ലോകത്തിന്ന് കൂടുതൽ ബോദ്ധ്യമാവുകയുണ്ടായി.

സൂയസ് കനാലിന്റെ ചരിത്രത്തിന്ന് പുരാതനവും ആധുനികവുമായ ലോക ചരിത്രവുമായി ബന്ധമുണ്ട്. കനാലിന്റെ നിർമ്മാണം യൂറോപ്യൻ ശക്തികളുടെ ഒരു ആവശ്യമായിരുന്നു. ഏഷ്യൻ രാജ്യങ്ങളെ കോളനികളാക്കി വെച്ച് അവിടുത്തെ വിഭവങ്ങളെല്ലാം ചൂഷണം ചെയ്തു കൊണ്ടു പോകാനും അവരുടെ ഉൽപ്പന്നങ്ങൾ ഏഷ്യൻ രാജ്യങ്ങളിൽ വിറ്റഴിക്കാനുമുള്ള എളുപ്പത്തിലുള്ള ജലമാർഗ്ഗം എന്ന നിലക്കാണ് ബ്രിട്ടനും ഫ്രാൻസും

കനാൽ നിർമ്മാണത്തിൽ താൽപര്യമെടുത്തത്. എല്ലാ യൂറോപ്യൻ ശക്തികളുടെയും പിന്തുണ ഇക്കാര്യത്തിലുണ്ടായിരുന്നു. ആഫ്രിക്കൻ വൻകര മുഴുവൻ ചുറ്റി ഏഷ്യയിലേക്ക് വരേണ്ടതിന് പകരം മദ്ധ്യധരണ്യാഴിയിലൂടെ കനാൽ വഴി ചെങ്കടലിൽ പ്രവേശിച്ചാൽ പതിനായിരം കിലോമീറ്റർ ദൂരവും എട്ടു മുതൽ പത്ത് ദിവസങ്ങളും കുറഞ്ഞുകിട്ടും. ഏഷ്യയിൽ ഏറ്റവുമധികം കോളനികളും വ്യാപാരവുമുണ്ടായിരുന്ന ബ്രിട്ടനും ഫ്രാൻസിനും മറ്റു യൂറോപ്യൻ രാജ്യങ്ങൾക്കും ആഫ്രിക്ക ചുറ്റാതെ ഏഷ്യയിലേക്കെത്താനുള്ള മാർഗ്ഗമായിരുന്നു സൂയസ് കനാൽ.

പുരാതനകാലത്ത് ഫറോവമാരുടെ ഭരണത്തിൽ ചെങ്കടലിനേയും മെഡിറ്ററേനിയൻ കടലിനേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു കനാൽ നിർമ്മിച്ചിരുന്നു. ഇത് നൈൽനദിയിലൂടെയാണ് എന്നതാണ് പ്രത്യേകത. ഫറോവ കനാൽ എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. പഴയ ഫറോവാ രാജവംശത്തിന്റെ കാലത്ത് (6-ാമത് ഡൈനാസ്റ്റി-ബി.സി 2407-2260) ജീവിച്ച മുതിർന്ന വെനി (Weni the Elder) എന്ന കൊട്ടാര ഉദ്യോഗസ്ഥന്റെ ശവകുടീരത്തിലെ എഴുത്തിൽ നിന്നും അക്കാലത്ത് തന്നെ ഫറോവമാർക്ക് ഇത്തരം ഒരു പദ്ധതിയുണ്ടായിരുന്നുവെന്ന് നമുക്ക് അറിവ് ലഭിക്കുന്നു. ചെങ്കടലിനെയും മദ്ധ്യധരണ്യാഴിയേയും നൈൽ നദി വഴി ബന്ധിപ്പിച്ചുകൊണ്ട് ആദ്യമായി വാദിതുമീലത്തിലൂടെയാണ് കനാലിന്റെ നിർമ്മാണം നടന്നത്. നൈൽ നദിയുമായി ബന്ധിപ്പിച്ചായിരുന്നു മദ്ധ്യധരണ്യാഴിയേയും ചെങ്കടലിനേയും ബന്ധിപ്പിചത്. ആ നിർമ്മാണം. ഫറോവാ സനോസറ്റ് (Senausret III, Pharao of Egypt 1887-1849 BC) ന്റെ കാലത്താണ് നടന്നത്. ജലസേചനത്തിന്നും നൈലിൽ വെള്ളപൊക്കമുണ്ടാവുമ്പോൾ ജലഗതാഗതത്തിന്നും ഈ കനാൽ അവർ ഉപയോഗപ്പെടുത്തി. കനാൽ പിന്നീട് എക്കൽ വന്നടിഞ്ഞു ഉപേക്ഷിക്കപ്പെട്ടു. പിൽക്കാലത്ത് സിട്ടി (Sity I -1310 BC) നെക്കോ (Necho II - 610 BC) പേർസ്യൻ രാജാവ് ദാരിയൂസ് (King Darius - 522 BC) റോമൻ ചക്രവർത്തി ട്രാജൻ (Emperor Trajan 17 AD)എന്നിവരുടെ ഭരണത്തിന് കീഴിൽ നൈലുമായി മദ്ധ്യരണ്യാഴിയേയും ചെങ്കടലിനെ ബന്ധിപ്പിച്ചു കൊണ്ടുള്ള ഈ കനാൽ വീണ്ടും ഗതാഗത യോഗ്യമാക്കുകയുണ്ടായി. പിന്നീട് ക്രമേണ കനാൽ നശിക്കുകയും ചെയ്തു.




ചെങ്കടലിനെയും മദ്ധ്യധരണ്യാഴിയേയും നൈൽ നദി വഴി ബന്ധിപ്പിച്ചു കൊണ്ടുള്ള ഫറോവ കനാൽ.

ഇസ്‌ലാം മതത്തിന്റെ ആവിർഭാവത്തിന്ന് ശേഷം അറബികൾ ഈജിപ്ത് ജേതാവായിരുന്ന ഹദ്റത്ത് അംറുബ്നു ആസി(റ)ന്റെ നേതൃത്വത്തിൽ ആ നാട് കീഴടക്കുമ്പോൾ ഫറോവാ കനാൽ നാശോന്മുഖമായിരുന്നു. ആ കനാൽ അംറുബ്നു ആസ് (റ) ഖലീഫാ ഹദ്റത്ത് ഉമർ (റ) ന്റെ കാലത്ത് പുനർനവീകരണം നടത്തി അതിന്ന് 'അമീറുൽ മുഅ്മിനീൻ കനാൽ' എന്ന് പുനർ നാമകരണം ചെയ്തു ഗതാഗതയോഗ്യമാക്കി. ദീർഘദൃഷ്ടിയുള്ള ഖലീഫാ ഉമർ(റ) കനാലിന്റെ മെഡിറ്ററേനിയൻ ഭാഗം അടച്ചു കളയാൻ അംറിന്ന് ആജ്ഞ നൽകുകയുണ്ടായി. പാശ്ചാത്യ നാടുകളിൽ നിന്നുള്ള ആക്രമണത്തിനെതിരെ ഈജിപ്തിന്റെയും മുസ്‌ലിം ലോകത്തിന്റെയും ഏഷ്യൻ രാജ്യങ്ങളുടെയുമെല്ലാം സുരക്ഷക്ക് അത് അനിവാര്യമാണെന്ന് അദ്ദേഹം കരുതി. പുരാതന കാലം മുതലേ കൊളോണിയൽ മനോഭാവമുള്ള പശ്ചാത്യശക്തികൾ കടന്നു വരാൻ സാദ്ധ്യതയുള്ള ഈ കനാൽ ഹദ്റത്ത് ഉമർ (റ) അടക്കുകയായിരുന്നു. അതിപുരാതന കാലത്ത് ദുൽക്കർനൈൻ രാജാവ് ഭിത്തികെട്ടി കിഴക്കൻ

ദിക്കിലേക്കുള്ള യഅ്ജൂജ് മഅ്ജൂജിന്റെ കടന്നുകയറ്റത്തെ തടഞ്ഞത് പോലെയുള്ള പ്രവർത്തിയായിരുന്നു മഹാനായ ഹദ്റത്ത് ഉമർ(റ) ചെയ്തത്. ചരിത്രത്തിൽ നിരവധി അധിനിവേശങ്ങൾ ഈജിപ്തിന്നു നേരെയുണ്ടായിട്ടുണ്ട് അത് ഇനിയും ആവർത്തിക്കാതിക്കാനും കടൽ വഴി കിഴക്കുള്ള അറേബ്യയേയും ദക്ഷിണ ആഫ്രിക്കയെയും മറ്റ് ഏഷ്യൻ രാജ്യങ്ങളേയും പാശ്ചാത്യശക്തികൾ ആക്രമിക്കാതിരിക്കാനായിരുന്നു ഈ മുൻകരുതൽ. ഹദ്റത്ത് ഉമറിന്റെ(റ) ദീർഘദൃഷ്ടി എത്ര അത്ഭുതകരമായിരുന്നു. എ ഡി 770 ൽ അബ്ബാസിയാ ഖലീഫ അൽ മൻസൂർ സ്ഥിരമായി ആ കനാൽ അടച്ചിടുകയായിരുന്നു. പിന്നീട് നൈലിനെ ഒഴിവാക്കി ചെങ്കടലിനെയും മെഡിറ്ററേനിയൻ കടലിനേയും നേരിട്ട് ഒന്നിപ്പിക്കാൻ യൂറോപ്യൻ ശക്തികൾ തന്നെ സൂയസ് കനാൽ എന്ന ജലപാത നിർമ്മിക്കുകയുണ്ടായി. ഏഷ്യയെയും ആഫ്രിക്കയേയും കോളനിയാക്കി വിഭവങ്ങൾ ചൂഷണം ചെയ്യാൻ അവർ തന്നെയാണ് ഇതിന്ന് നേതൃത്വം നൽകിയതെന്ന ചരിത്ര യഥാർത്ഥ്യം നാം വിസ്മരിക്കരുത്.

ഈജിപ്തിലെ ഇസ്തുമസ് പ്രവിശ്യയിൽ ഇന്ന് കാണുന്ന സൂയസ് കനാൽ കുഴിക്കാൻ ആദ്യം സർവ്വേ നടന്നത് നെപ്പോളിയന്റെ ഈജിപ്ത് അധിനിവേശ കാലത്താണ്. മൂന്ന് വർഷം(1798-1801) മാത്രം നീണ്ടു നിന്നതാണ് ഈ ഫ്രഞ്ച് അധിനിവേശം. ഫറവോയുടെ കാലത്തെ കനാൽ കണ്ടുപിടിക്കാൻ ചരിത്രകുതുകി കൂടിയായ നെപ്പോളിയൻ ഗവേഷണം നടത്തിയിരുന്നു. നെപ്പോളിയന്റെ എഞ്ചിനീയറായിരുന്ന ലീ പീറി (Le Père) ചെങ്കടൽ മെഡിറ്ററേനിയൻ കടലിനേക്കാൾ 28 അടി (8.5 മീറ്റർ) മുകളിലാണെന്ന് തെറ്റായി കണക്ക് കൂട്ടുകയും ആ തെറ്റ് ഫ്രഞ്ച് സർവ്വേയർമാർ അപ്പാടെ അംഗീകരിക്കുകയും കനാൽ കുഴിക്കാനുള്ള പരിപാടി ഉപേക്ഷിക്കുകയും ചെയ്തു.

ഇപ്പോഴുള്ള സൂയസ് കനാൽ നിർമ്മിച്ച 150 വർഷം മുമ്പാണ്. അന്ന് ഈജിപ്ത് ഉഥ്മാനിയാ ഖിലാഫത്തിന്റെ ഭാഗമായിരുന്നു. അവരുടെ വൈസ്രോയ് ആയ സയ്യിദ് പാഷയാണ് ഈജിപ്ത് ഭരിച്ചിരുന്നത്. ആഫ്രിക്കയുടെയും ഏഷ്യയുടെയും അതിർത്തിയായ ഈജിപ്തിലെ ഇസ്തുമസ് ഓഫ് സൂയസ് എന്ന സ്ഥലത്ത് ഫെർഡിനാന്റ് ഡിലെസ്സിപ് (Ferdinand de Lesseps) എന്ന ഫ്രഞ്ച്കാരനാണ് പാഷയെ സമീപിച്ച് കനാൽ നിർമ്മാണത്തിന്ന് അനുമതി വാങ്ങിയത്. സൂയസ് കനാൽ കമ്പനി 1859 ൽ ആരംഭിച്ച കനാൽ നിർമ്മാണം 1869 ലാണ് അവസാനിച്ചത്. ബ്രിട്ടനും ഫ്രാൻസിന്നും പങ്കാളിത്വമുള്ള കമ്പനിയാണ് കനാൽ കുഴിച്ചത്. അവർക്ക് 99 വർഷം കനാൽ നടത്തിപ്പിന്നുള്ള അവകാശം കൊടുത്തു. അതിനിടെ ഖലീഫയുടെ ഈജിപ്തിലെ വൈസ്രോയിയായ സയ്യിദ് പാഷയെ തുടർന്ന് വന്ന ഇസ്മായിൽ പാഷ ബാങ്കിൽ നിന്നും വാഴ്പ്പയെടുത്ത കടം പലിശയടക്കം കയറി 1875 ൽ തന്റെ കനാലിലുള്ള 44 ശതമാനം ഒഹരി ബ്രിട്ടീഷ് ഗവർമെന്റിന്ന് വിറ്റു.

രണ്ടാം ലോക മഹായുദ്ധ ശേഷം ബ്രിട്ടീഷ് പട്ടാളം സൂയസ് മേഖലയിൽ നിന്നും മാറണമെന്ന് ഈജിപ്ഷ്യൻ പ്രസിഡണ്ട് നാസർ ആവശ്യപ്പെട്ടു. അമേരിക്കയും ബ്രിട്ടനും നൈൽ നദിയിൽ അസ്വാൻ അണക്കെട്ട് നിർമ്മിക്കാനാവശ്യമായ ധനസഹായം നൽകുമെന്ന കരാറുണ്ടായിരുന്നു. ഈ കരാറിൽ നിന്നും അമേരിക്കയും ബ്രിട്ടനും പിന്മാറി. ബ്രിട്ടന്റെ നടപടിയിൽ പ്രതിഷേധിച്ച് അണക്കെട്ട് നിർമ്മാണത്തിന്ന് പണം കണ്ടെത്താൽ 1956 ജൂലൈ 26 ന്ന് ഈജിപ്ഷ്യൻ പ്രസിഡണ്ട് നാസർ ബ്രിട്ടന്റെയും ഫ്രാൻസിന്റെയും അധീനതയിലുണ്ടായിരുന്ന സൂയസ് കനാൽ അതിസാഹസികമായി ദേശസാൽക്കരിച്ചു. തുടർന്ന് ലോകത്ത് വൻ സംഘർഷം സംജാതമായി. ബ്രിട്ടനും ഫ്രാൻസും സൂയസ് കനാൽ മേഖലയിൽ സൈന്യത്തെ വിന്യസിച്ചു. ഈ രണ്ടു രാജ്യങ്ങളുമായി സഖ്യം ചേർന്ന് അവസരം മുതലാക്കി ഇസ്റയേൽ ഈജിപ്തിനെ കടന്നാക്രമിച്ചു. അഞ്ച് ദിവസം നീണ്ടു നിന്ന യുദ്ധത്തിൽ സീനായ് പെനിസുലയും ഗസ്സയും ഇസ്റയേൽ പിടിച്ചെടുത്തു. ഇസ്റയേൽ ആദ്യമായി സീനായ് പെനിസുലയും ഗസ്സയും കൈവശമാക്കിയത് ഈ യുദ്ധത്തിലാണ്. ആഫ്രിക്കൻ വൻ കരയിലുള്ള ഈജിപ്തിന്ന് ഏഷ്യയിലുള്ള ഒരേയൊരു ഭൂഭാഗമാണ് 60,000 കിലോമീറ്റർ വിസ്തൃതിയുള്ള സീനായ് പെനിസുല. ബ്രിട്ടനും ഫ്രാൻസും സൂയസ് നിയന്ത്രണം കൈക്കലാക്കാനുള്ള ഈ ശ്രമത്തിനെതിരെ വൻ തോതിലുള്ള പ്രതിഷേധം ലോകമെങ്ങും ഉയരുകയുണ്ടായി. വമ്പിച്ച അന്താരഷ്ട്രാ സമ്മർദ്ദവും യു എൻ ഇടപെടലിനെയും തുടർന്ന് അവർ പിന്മാറി. അധിനിവിഷ്ഠ ഭാഗത്ത് നിന്ന് ഇസ്റയേൽ പിന്മാറുമ്പോൾ സീനായിയെ ഈജിപ്ഷ്യൻ സൈന്യത്തിൽ നിന്ന് മുക്തമാക്കണമെന്നും ഐക്യരാഷ്ട്രസഭയുടെ സമാധാന സേനയെ അവിടെ വിന്യസിക്കണമെന്നും ഇസ്റയേൽ ഉപാധിവെച്ചുകൊണ്ടാണ് പിന്മാറിയത്. പത്ത് വർഷത്തിന്ന് ശേഷം 1967 ൽ ഈജിപ്ഷ്യൻ പ്രസിഡണ്ട് ജമാൽ അബ്ദുന്നാസർ യു എൻ സേന സിനായിയിൽ നിന്ന് പിന്മാറണമെന്ന് നിർദ്ദേശിക്കുകയും പകരം ഈജിപ്ഷ്യൻ സേന അവിടേക്ക് സീനായിലേക്ക് നീങ്ങാൻ തീരുമാനമാക്കുന്നതിന്ന് മുമ്പ് തന്നെ ഇസ്റയേൽ ആറ് ദിന യുദ്ധം എന്ന പേരിൽ അറിയപ്പെടുന്ന ശക്തമായ ആക്രമണം നടത്തുകയുണ്ടായി. ഈജിപ്ത്, സിറിയ, ജോർദാൻ, ഇറാഖ് എന്നീ അറബ് രാജ്യങ്ങളുടെ വ്യോമാസങ്കേതങ്ങൾ മിന്നലാക്രമണത്തിലൂടെ ഇസ്റയേൽ തകർത്തു. അറബ് സൈന്യത്തിന്ന് 400 യുദ്ധ

വിമാനങ്ങൾ നഷ്ടമായി. ഇസ്റയേലിന്ന് വെറും 26 ഉം നാലു ദിവസത്തിന്നുള്ളിൽ ഇസ്റയേൽ സീനായിലേക്ക് കടന്ന് സൂയസ് കനാൽ അതിർത്തി വരെ എത്തി. മിക്ക സ്ഥലങ്ങളും പിടിച്ചെടുത്തു,. ജോർദ്ദാൻ നദിയുടെ പടിഞ്ഞാറെ കരയിലും വടക്ക് സിറിയക്ക് നേരെയും ഇസ്റയേൽ ആക്രമിച്ചു. സിറിയൻ സേനയെ തുരത്തി ജൂലാൻ കുന്നും കൈകക്കലാക്കി. ആറു ദിവസത്തെ യുദ്ധത്തോടെ സീനായ്, ഗസ്സ, അറബ് ജറുസലേം, ജൂലാൻ കുന്നുകൾ എന്നിവ പിടിച്ചെടുത്തു. 1967 ജൂൺ 10ന്ന് സെക്യൂരിറ്റി കൗൺസിൽ യു എൻ ഇടപെട്ട് യുദ്ധം നിർത്തിവെച്ചു. ഇതിനകം ഇസ്റയേൽ തങ്ങളുടെ രാജ്യത്തിന്റെ പത്തിരട്ടിയോളം പ്രദേശങ്ങൾ അറബ് മേഖലയിൽ നിന്നും പിടിച്ചെടുക്കുകകയുണ്ടായി. യു എൻ രക്ഷാസമിതി പിടിച്ചെടുത്ത് പ്രദേശങ്ങളിൽ നിന്നും പിന്മാറണമെന്ന് പ്രമേയം പാസാക്കിയെങ്കിലും ഇസ്റയേൽ അതിന്ന് കൂട്ടാക്കിയില്ലെന്ന് മാത്രമല്ല യുദ്ധവും അധിവിഷ്ഠ മേഖലയിൽ പാർപിട നിർമ്മാണവും നിർബാധം തുടരുകയും ചെയ്യുന്നു. അവസാനം അന്തരാഷ്ട്രാ സമ്മർദ്ദത്തെ തുടർന്ന് 1979 ൽ ഈജിപ്തും ഇസ്റയേലും ഒപ്പ് വെച്ച കരാർ അനുസരിച്ച് 1982 വരെ സീനായ് പെനിസുലയിൽ നിന്നുമാത്രം ചില ഭാഗങ്ങളൊഴികെ ഇസ്റയേൽ പിന്മാറി.

ചരിത്രത്തിലെ പല ദശാസന്ധികളും കടന്നുവന്ന സൂയസ് ഇന്ന് ആഗോള വാണിജ്യത്തിന്റെ ധമിനിയും സിരയുമായി ഒഴുകുകയാണ്. സൂയസിലെ കപ്പൽപ്പാതയിൽ ഉണ്ടാവുന്ന ഏതൊരു തടസ്സവും ലോക ജനതയെ എത്ര മാരകമായി ബാധിക്കുമെന്ന് നാം കണ്ടുകഴിഞ്ഞു. ആഗോള ക്ഷേമത്തിന്നും, സമാധനത്തിന്നും ചൂഷണമില്ലായ്മക്കെതിരെയും ഇനിയും സൂയസ് ശാന്തമായൊഴുകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

പേജ് 15 ൽ നിന്ന് തുടർച്ച

**വചനങ്ങൾ ഈ രണ്ട് വ്യാഖ്യാനങ്ങളെയും സാധൂകരിക്കുന്നതാണ്. (തൗസീഹെ മറാം, റൂഹാനീ ഖസായിൻ വാല്യം3 പേ 88)**

### സൃഷ്ടി രണ്ട് വിധം

**ആത്മാവ് അല്ലാഹുവിന്റെ ആജ്ഞയാലുള്ളതാണ് എന്ന പ്രസ്താവന മഹത്തായ ഒരു പ്രത്യേകത ഉൾക്കൊള്ളുന്നു. നിങ്ങളുടെ ധൃതി അത് ഗ്രഹിക്കുന്നതിന്ന് തടസ്സം നിൽക്കുന്നു. ഇതിന്നുള്ള വിശദീകരണം, ദൈവേഛയാൽ രണ്ട് വിധത്തിലാണ് അസ്തിത്വത്തിലില്ലാത്ത ഒന്നിനെ അസ്തിത്വത്തിലേക്ക് കൊണ്ട് വരുന്നത്. അവ സൃഷ്ടിക്കപ്പെടുന്ന രീതികളാൽ വിഭിന്നങ്ങളാണ്. ദൈവം ഒന്നുമില്ലായ്മയിൽ നിന്നും സൃഷ്ടിക്കപ്പെടുമ്പോൾ അത്തരം സൃഷ്ടിപ്പിനെ അംറ് (ആജ്ഞ) എന്നാണ് ഖുർആനിക ശൈലിയിൽ പറയുക. ഒരു പൂർവ്വ രൂപത്തിൽ നിന്നാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നതെങ്കിൽ അതിന്ന് ഖൽക്ക് (സൃഷ്ടി) എന്നാണ് പറയുക. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഒന്നുമില്ലായ്മയിൽ നിന്നും മൂലകങ്ങളിലൂടെ സൃഷ്ടിപ്പ് അംറ് ആണ്. പൂർവ്വ രൂപങ്ങളിൽ നിന്നുള്ള സൃഷ്ടി ഖൽഖുമാണ്. വിശുദ്ധ ഖുർആനിൽ പറയുന്നു: 'സൃഷ്ടിക്കാനും ആജ്ഞാപിക്കാനുമുള്ള (അംറ്) അധികാരം അവനുള്ള തത്രെ' (7:55)**

**അതുകൊണ്ടാണ് ഇല്ലായ്മയിൽ നിന്നുള്ള മൂലകങ്ങളുടെ സൃഷ്ടിപ്പും സംയുക്തങ്ങളുടെ പ്രകടനവും രണ്ടും ദൈവത്തിൽ നിന്നുള്ളതാണ് എന്ന് പറയുന്നത്. സംയുക്തങ്ങളും മൂലകങ്ങളും രണ്ടും ദൈവത്തിന്റെ സൃഷ്ടിയാണ്. (സുറുമെ ചശ്മെ ആര്യ, റൂഹാനി ഖസായിൽ, വാ. 2 പേ 171,177)**

### ഉപസംഹാരം

പ്രപഞ്ചോദ്ഭവത്തെ പറ്റി ശാസ്ത്രവും ദർശനവും സംയുക്തമായി സത്യസന്ധമായി ആലോചിച്ചാൽ ദൈവത്തിന്റെ അമേയവും അത്ഭുകരമായ സൃഷ്ടികർതൃത്വത്തിലേക്ക് വിവേകശാലികളെ അത് നയിക്കുകയും ദൈവത്തിന്ന് സ്തുതി വചനങ്ങൾ അർപ്പിക്കുകയും ചെയ്യും. അത്ര അത്ഭുകരമാണ് അവന്റെ സൃഷ്ടിപ്പ്.

## അനുസ്മരണം

# കെ. എം. യൂസുഫ് സാഹിബ്



കാവശ്ശേരി ജമാഅത്തിലെ കെ.എം. യൂസുഫ് സാഹിബ് (74 വയസ്സ്) മാർച്ച് 23ന് വഫാത്തായി. (ഇന്നാലില്ലാഹി......)

1981 നവംബറിലാണ് ബൈഅത്ത് ചെയ്തത്. കാവശ്ശേരിയിലെ ഒന്നാമത്തെ ഖാഇദ് ആയിരുന്നു. സഈം, സദർ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. ബാജമാഅത്ത് നമസ്കാരത്തിൽ നിഷ്ഠയുള്ള വ്യക്തിയായിരുന്നു. ജമാഅത്തിൽ ചേർന്നതിന്റെ പേരിൽ ഒരുപാട് ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നിരുന്നു.

മക്കൾ: ബൽക്കീസ്, ഖമറുന്നിസാ, മൗലവി കെ.വൈ. ഷംസുദ്ദീൻ, ബദ്റുന്നിസാ, നുസ്റത്ത്, ഹവ്വ, കെ.വൈ. താഹിർ. മരുമക്കൾ: ദിറാർ, നൈസാം, അയ്യൂബ്, നൂറുദ്ദീൻ, മാജിദ, അമത്തുൽ ഹൈ. അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകുമാറാകട്ടെ. *- എച്ച്.എസ്.*

# കൊച്ചു ബാലന്റെ സാമ്പത്തിക ത്യാഗം



2012ല്‍ കോഴിക്കോട് അഹ്മദിയ്യ ജമാഅത്തില്‍ ബൈഅത്ത് ചെയ്ത് പ്രവേശിച്ച ജനാബ് ഹനീഫ്-ദില്‍ഷ ദമ്പതികളുടെ ഇളയ മകനായ മിഥിലാജ് അലി എന്ന കൊച്ചു ബാലന്റെ നിഷ്ക്കളങ്കവും അന്യാദൃശവുമായ സാമ്പത്തിക ത്യാഗത്തെ പരാമര്‍ശിച്ച് 2021 ജനുവരി 8-ാം തീയതിയിലെ ഖുത്ബയില്‍ ഹുസൂര്‍ തിരുമനസ്സ് നല്‍കിയ വിവരണം.

ഇന്ത്യയില്‍ നിന്നും ഖമറുദ്ദീന്‍ സാഹിബ് എഴുതുന്നു. സാമ്പത്തിക വര്‍ഷം അവസാനത്തില്‍ ഞാനും നാസിം സാഹിബ് വഖ്ഫ് ജദീദും കോഴിക്കോട് എത്തി. തദവസരത്തില്‍ അഹ്മദിയായ ഹനീഫ് സാഹിബിന്റെ വീട്ടിലും പോയി. 8 വര്‍ഷം മുമ്പാണ് ഇദ്ദേഹം ബൈഅത്ത് ചെയ്തത്. സാധാരണ തൊഴില്‍ ചെയ്താണ് ഇദ്ദേഹം ജീവിക്കുന്നത്. വീട്ടിലെത്തിയപ്പൊള്‍ 10 വയസ്സായ മകന്‍ മിഥ്‌ലാജ് അലി തനിക്ക് ലഭിക്കുന്ന നാണയ തുട്ടുകള്‍ സൂക്ഷിച്ച കുറ്റിയുമായി വന്നു. താന്‍ വര്‍ഷം മുഴുവന്‍ വഖ്ഫ് ജദീദിനായി ശേഖരിച്ച പൈസയാണെന്ന് പറഞ്ഞ് കുറ്റി പൊട്ടിച്ചപ്പോള്‍ വലിയ ഒരു സംഖ്യയുണ്ടായിരുന്നു. ഇത് കണ്ട് നാസിം സാഹിബ് ചോദിച്ചു. 'സാധാരണ കുട്ടികള്‍ പൈസ സ്വരൂപിക്കുന്നത് ഇഷ്ടമുള്ള സാധനങ്ങള്‍ വാങ്ങാനാണ്. മോന്‍ എന്താണ് വഖ്ഫ് ജദീദിന്ന് നല്‍കാന്‍ തീരുമാനിച്ചത്?' കുട്ടിയുടെ മറുപടി ഇതായിരുന്നു. അല്ലാഹുവും അവന്റെ റസൂലും ഖലീഫമാരും അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ ചിലവ് ചെയ്യാന്‍ കല്‍പ്പിക്കുന്നു. അതിനാലാണ് പൈസ വഖ്ഫ് ജദീദിന്ന് നല്‍കുന്നത്. ഇതാണ് അഹ്മദി കുട്ടികളുടെ തര്‍ബിയ്യത്ത്. ഏതൊരു ജമാഅത്തിലെ കുട്ടികളാണ് ഈ വിധം ചിന്തിക്കുന്നത്, ഇത്തരം ശിക്ഷണമുള്ളത്, അത്തരം കുട്ടികളുള്ള അഹ്മദിയ്യാ ജമാഅത്തിന്, വിരോധികള്‍ക്ക് എന്ത് ദോഷമാണ് വരുത്തുവാന്‍ സാധിക്കുക? ശത്രുക്കള്‍ എത്രതന്നെ തലയിട്ടടിച്ചാലും അല്ലാഹു അവന്റെ ദീനിനെ പ്രചരിപ്പിക്കുവാന്‍ സ്ഥാപിച്ച ഈ ജമാഅത്തിനെ അല്ലാഹു തന്നെ സഹായിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. മാറിവരുന്ന ഓരോ തലമുറയിലേയും മനസ്സുകളില്‍ ജമാഅത്തിനോടുള്ള സ്നേഹവും ഉദ്ദേശലക്ഷ്യങ്ങള്‍ പൂര്‍ത്തിയാക്കാനുള്ള അഭിവാഞ്ജയും സംജാതമായികൊണ്ടേ പോകുന്നു.



കോഴിക്കോട് ജില്ലാ അന്‍സാറുല്ലാ യോഗത്തില്‍ മിഥിലാജിനെ ജില്ലാ അമീര്‍ ഡോ. സലാഹുദ്ദീന്‍ സമ്മാനം നല്‍കി അഭിനന്ദിക്കുന്നു. ജില്ലാ സയീം ഷമീം സാഹിബ്, ജില്ലാ മുബല്ലിഗ് മൗലവി സി.എച്ച്. നിസാര്‍ അഹ്മദ് എന്നിവര്‍ സമീപം.

# ഖുര്‍ആന്‍ ഓതി പൂര്‍ത്തിയാക്കി



പഴയങ്ങാടി ജമാഅത്തിലെ സബീക്ക അഹ്മദ് (5 വയസ്സ്) ഖുര്‍ആന്‍ ഓതി പൂര്‍ത്തിയാക്കി. കെ. എ. ഫഹീം അഹ്മദ് സാഹിബിന്റെയും തൂബ സാഹിബയുടേയും മകളായ സബീക്ക അഹ്മദ് അനുഗ്രഹീത വഖ്ഫെ നൗ പദ്ധതിയില്‍ അംഗമാണ്.

Published on 07.04.2021
Pages 44
Vol: 93 Issue. 04
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly


## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim